# ജനപഥം

മാർച്ച് 2013

## ഉള്ളടക്കം




4
**ജീവിതഭദ്രതയോടെ വികസനത്തേരിലേറാൻ**
ഡോ. ബി.എ. പ്രകാശ്

7
**റെക്കോർഡിന്റെ നെറുകയിൽ പതിനൊന്നാം ബജറ്റ്**
പി.എം. ബിനുകുമാർ

9
**ബജറ്റ് 2013–14 ഒറ്റനോട്ടത്തിൽ**

13
**കേന്ദ്ര ബജറ്റ് 2013–14 മാന്ദ്യമകറ്റാനുള്ള പരിശ്രമം**
ഡോ. മേരി ജോർജ്

16
**വയനാടിന്റെ വികസനവഴിയിലൂടെ ഒരു യാത്ര**
രമേഷ്കുമാർ വെള്ളമുണ്ട





19
**സമകാലിക സ്ത്രീജീവിതം കുടുംബത്തിലും സമൂഹത്തിലും**
ജി. ഉഷാകുമാരി

23
**വനം വരമായ ഒരിടം**
ഡോ. പി.ജി. ലത





26
**ഫോട്ടോഫീച്ചർ**





28
**അറിവിന്റെ വിശാലാകാശമായ കവിഗുരു**
ഡോ. ടി. അനിതകുമാരി

29
**ഇന്ത്യയുടെ ഹൃദയമിടിപ്പ് തൊട്ടറിഞ്ഞ ലോക സഞ്ചാരി**
വി. വിനയകുമാർ

34
**തകഴിയുടെ കയർ: അരങ്ങും അണിയറയും**
പ്രൊഫ. ജി. ബാലചന്ദ്രൻ

36
**ഒമാനിലേക്ക് സ്നേഹത്തിന്റെ സേതുബന്ധനം**
മുസാഫിർ

38
**നാലുദിക്ക് ദൈവത്തിന് ചാമിയൂട്ട്**
മുരളി കുട്ടമ്പുഴ





40
**മിഴാവ് അനന്യ വാദ്യവിശേഷം**
രവി. ശരത് കുമാർ

41 ജില്ലകളിലൂടെ
45 വാർത്തയിൽ
48 പെൺജീവിതം
49 ശാസ്ത്രലോകം
50 ശാസ്ത്രം
51 സമീക്ഷ
52 കാലത്തിനൊപ്പം

# പ്രതികരണം




## മഹാനായ പ്രവാസി

പ്രവാസി ഭാരതീയ ദിവസിന്റെ 11 ാം വാർഷികത്തോടനുബന്ധിച്ച് ജനുവരിയിൽ പ്രസിദ്ധീകരിച്ച ജനപഥം പ്രത്യേക പതിപ്പ് വായിച്ചു. കെട്ടും മട്ടും നന്നായിട്ടുണ്ട്. ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കയിലെയും ഇംഗ്ലണ്ടിലെയും ജീവിതത്തെ അധികരിച്ച് അജിത് വെണ്ണിയൂർ തയാറാക്കിയ *പോരാളിയായ പ്രവാസി* എന്ന ലേഖനം അത്യന്തം ആസ്വാദ്യകരമായി.

പ്രവാസിദിന പ്രത്യേക പതിപ്പിലൂടെ ഗാന്ധിജിയുടെ പ്രവാസജീവിതത്തെക്കുറിച്ച് പുതുതലമുറയ്ക്ക് വിജ്ഞാനം പകരാൻ ഈ ലേഖനം ഉതകി എന്നു പറയാം. അഭിനന്ദനങ്ങൾ

**വി.കെ. ഹരീന്ദ്രൻ**
*റിട്ട. സീനിയർ സൂപ്രണ്ട്*
*കെ.എം.എം. ഗവ. വനിതാ കോളേജ്, കണ്ണൂർ*

## എ.ആറിന് 150

ജനപഥം ഫെബ്രുവരി ലക്കത്തിൽ ഡോ. കെ.എസ്. രവികുമാർ എഴുതിയ *ആധുനിക മലയാളത്തിന്റെ വളർത്തച്ഛൻ* സമയോചിതമായി. എ.ആറിന്റെ 150 ാം ജന്മവാർഷികമാണിത്. രസതന്ത്രവും സംസ്കൃതവും പഠിച്ച എ.ആർ. മലയാളപഠനത്തിനുതകുന്ന ഭാഷാശാസ്ത്രഗ്രന്ഥങ്ങൾ - അതും ആധികാരികം ഇന്നും അതിനെ മറികടന്ന് ഒന്നുണ്ടാകാത്തത് - സംഭാവന ചെയ്തത് മലയാളഭാഷാ പുച്ഛം കൊണ്ടുനടക്കുന്ന പണ്ഡിതരായ പ്രായോഗികവാദികൾ മനസ്സിലാക്കിയിരുന്നെങ്കിൽ. കേരളപാണിനീയവും വൃത്തമഞ്ജരിയും ഭാഷാഭൂഷണവും തൊടാതെ ഭാഷയുടെ ആധികാരികപഠനം ഇന്ന് സാധ്യമല്ല. അത്രയ്ക്കുണ്ടല്ലോ നൂറ്റാണ്ടു പിന്നിട്ട ആ ഗ്രന്ഥങ്ങളുടെ പ്രസക്തി. പകരം വെക്കാൻ മറ്റൊന്നില്ലാത്തവിധം സ്വാധീനമുണ്ടാക്കിയ ആ ഗ്രന്ഥങ്ങൾ ക്ലാസ് നോട്ടുകളിൽ നിന്നും സംശോധിപ്പിച്ചതാണെന്നതും ശ്രദ്ധേയമാണ്. മലയാള ശാകുന്തളത്തിന്റെ പ്രാമുഖ്യവും അതുപോലെതന്നെയല്ലേ? 50 ൽപരം അഭിജ്ഞാനശാകുന്തള വിവർത്തനങ്ങളിൽ എ.ആറിന്റെ വിവർത്തനവും ആദ്യ ആഞ്ചെണ്ണം എടുത്തുവെച്ചാൽ അതിലുണ്ടാകും. തമ്പുരാൻ സ്ഥാനത്തു നിർത്തി ആരാധിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്യാതെ വസ്തുനിഷ്ഠമായ പഠനങ്ങൾ ഇനിയും ഉണ്ടാകേണ്ടതുണ്ട്. കെ.എസ്. രവികുമാറിന്റെ ഈ ശ്രദ്ധേയമായ ഓർമ മലയാളത്തിന് ഉണർവുണ്ടാകുന്ന വേളയിൽ ഉചിതമായി. ജനപഥത്തിനും ലേഖകനും അഭിനന്ദനം

**ശശിധരൻ**
*കുണ്ടറ, കൊല്ലം*

## ആധുനിക മലയാളത്തിന്റെ വളർത്തച്ഛൻ

സാഹിത്യരചനയിലും ആസ്വാദനത്തിലും നിലവിലിരുന്ന മാനദണ്ഡങ്ങളെ ശക്തമായി എതിർത്തുകൊണ്ട് പുതിയ കാഴ്ചപ്പാടുകൾ അവതരിപ്പിച്ച പ്രതിഭാശാലിയാണ് എ.ആർ. രാജരാജവർമ. അദ്ദേഹം കൈരളിക്കു നൽകിയ സംഭാവനകൾ ഏറെ വിലപ്പെട്ടതാണ്. കാവ്യത്തിന്റെ ആത്മാവ് ധ്വനിയാണെന്നും ദ്വിതീയാക്ഷരപ്രാസത്തിന്റെയും അലങ്കാരങ്ങളുടെയും അമിതമായ പ്രയോഗം കൊണ്ട് കവിതയെ നിർജീവമാക്കരുതെന്നും അദ്ദേഹം വാദിച്ചു. ആശയഭംഗിക്ക് അദ്ദേഹം പ്രചോദനമാകുകയും ചെയ്തു. സംസ്കൃത പാരമ്പര്യത്തോടൊപ്പം പാശ്ചാത്യവ്യാകരണ ചിന്തകൾ കൂടി ഉൾക്കൊണ്ടുവെന്നതാണ് കേരളപാണിനീയത്തിന് മലയാളത്തിൽ ഉന്നതസ്ഥാനം ലഭിക്കാൻ കാരണം.

രാജരാജമാർഗത്തിലൂടെ സഞ്ചരിച്ചുകൊണ്ട് ആധുനിക ഭാഷാശാസ്ത്രസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ മലയാള വ്യാകരണത്തിന്റെ പുതിയ മേഖലകൾ കണ്ടെത്തുകയെന്ന രീതിയാണ് പിന്നീടുവന്ന ഗവേഷകർ കൈക്കൊണ്ടത്. 1911 ൽ പ്രസിദ്ധീകരിക്കപ്പെട്ട സാഹിത്യസാഹ്യം എ.ആറിന്റെ കൃതികളിൽ സവിശേഷ ശ്രദ്ധ അർഹിക്കുന്ന ഗ്രന്ഥമാണ്. ഗദ്യരചനയുടെ വിവിധതലങ്ങളെ സ്പർശിക്കുന്ന ഈ ഗ്രന്ഥം സാഹിത്യവിദ്യാർഥികൾ പഠനവിധേയമാക്കണം. ഗദ്യരചനാശൈലിക്ക് കൂടുതൽ അടുപ്പം ഇംഗ്ലീഷ് ഭാഷയോടാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. അന്യഭാഷകളുടെ സ്വാധീനംകൊണ്ട് വികലമാക്കപ്പെടുന്ന ഭാഷയെ രക്ഷിക്കാൻ ശുദ്ധവും ലളിതവുമായ ഗദ്യരചന എങ്ങനെയാണെന്ന് പുതിയ തലമുറ അറിയേണ്ടതുണ്ട്.

> "ക്ഷീണിക്കാത്ത മനീഷയും മഷിയുണ-
> ങ്ങീടാത്ത പൊൻപേനയും
> വാണിക്കായ് തനിയേയുഴിഞ്ഞു വരമായ്
> നേടീ ഭവാൻ സിദ്ധികൾ;
> കാമിച്ചൂ വിവിധാദ്ഭുതങ്ങൾ വിധി ദൃഷ്-
> ടാന്തങ്ങളായ്, വൈരിമാർ
> നാണിച്ചൂ, സ്വയമംബ കൈരളി തെളി-
> ഞ്ഞീക്ഷിച്ചു മോക്ഷത്തെയും"

മഹാകവി കുമാരനാശാന്റെ ഈ വരികളാണ് എ.ആറിനെക്കുറിച്ചോർക്കുമ്പോൾ മനസ്സിൽ തെളിയുന്നത്. ഫെബ്രുവരി ലക്കത്തിൽ അദ്ദേഹത്തിന്റെ സാഹിത്യപ്രവർത്തനങ്ങളെ അനുസ്മരിച്ചുകൊണ്ട് *ആധുനിക മലയാളത്തിന്റെ വളർത്തച്ഛൻ* എന്ന ലേഖനം വായനക്കാർക്കു സമ്മാനിച്ച ലേഖകൻ ഡോ. കെ.എസ്. രവികുമാറിനും ജനപഥത്തിനും നന്ദി.

**ദീപ. ആർ.വി.എം.**
*സൈനിക സ്കൂൾ, കഴക്കൂട്ടം*

# ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

മാർച്ച് 2013

പുസ്തകം 2 ലക്കം 1

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**എ. ഫിറോസ്**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**ജേക്കബ് സാംസൺ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**കെ.സി. അനിൽകുമാർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസി. എഡിറ്റർ
**നാഫിഹ് എം.**

ട്രാൻസ്‌ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**എൻ. സുനിൽകുമാർ**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **ടി.എ. ഷൈൻ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **അശ്വതി വി.പി.,** പത്തനംതിട്ട
- **പ്രവീൺ എസ്.ആർ.,** ഇടുക്കി
- **പി.ആർ. റോയി,** ആലപ്പുഴ
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്



**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യൂ, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
ഫോൺ: 0471-2518171


## മുഖക്കുറിപ്പ്

# കൈയടക്കമുള്ള ബജറ്റ്

യുഡി.എഫ് സർക്കാർ ഉയർത്തിയിരിക്കുന്ന വികസനവും കരുതലും എന്ന മുദ്രാവാക്യത്തോട് അങ്ങേയറ്റം നീതി പുലർത്തുന്നതാണ് 2013 -14 സാമ്പത്തിക വർഷത്തേക്ക് അവതരിപ്പിച്ചിരിക്കുന്ന സംസ്ഥാന ബജറ്റ്. സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളുടെ പ്രശ്നങ്ങളെയും അഭിസംബോധനചെയ്യുകയും സമഗ്രപുരോഗതിയിലേക്ക് വാതായനം തുറക്കുകയും ചെയ്യുന്ന ബജറ്റ് ഒരേ സമയം സാമ്പത്തിക വികസനത്തിനും സാമൂഹിക ക്ഷേമരംഗത്ത് കുതിപ്പിനും വഴിയൊരുക്കുന്നു.

ആഗോളസാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിലും ധനകമ്മി, വർധിച്ചു വരുന്ന പൊതുകടം തുടങ്ങിയ പ്രതിസന്ധികളുടെ നിഴലിലും സംസ്ഥാനത്തിന്റെ പ്രശ്നങ്ങളെ യാഥാർഥ്യ ബോധത്തോടെ അഭിമുഖീകരിക്കുന്ന ബജറ്റ് ആവിഷ്ക്കരിക്കാൻ സാധിച്ചതിന് സർക്കാരിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും ഇന്ത്യയിലെ തന്നെ ഏറ്റവും കൃതഹസ്തനായ ധനമന്ത്രി കെ.എം.മാണിയും സാമ്പത്തിക വിദഗ്ധരുടെ മുക്തകണ്ഠ പ്രശംസ നേടിയിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ബജറ്റുകൾ അവതരിപ്പിച്ചതിന്റെ റിക്കോർഡുള്ള ധനമന്ത്രി കെ.എം.മാണിയുടെ പതിനൊന്നാമത് ബജറ്റാണ് ഈ വർഷത്തേത്.

ദുർബല ജനവിഭാഗങ്ങൾക്കൊപ്പം നിൽക്കാനും അതേസമയം വികസനരംഗത്ത് ഇച്ഛാശക്തിയോടെ സംസ്ഥാനത്തെ മുന്നോട്ടു നയിക്കാനും കരുത്ത് പ്രകടിപ്പിക്കുന്നതാണ് പുതിയ ബജറ്റ് നിർദ്ദേശങ്ങൾ. എല്ലാവർക്കും ഭക്ഷണം, ആരോഗ്യം, ജീവിതഭദ്രത എന്നിവ ലക്ഷ്യമിടുന്ന പതാക നൗക പരിപാടികൾ ബജറ്റിൽ മുന്നോട്ടു വച്ചിട്ടുണ്ട്. 2012-13 വർഷത്തിലെ ബജറ്റിൽ സമഗ്രവികസനം ലക്ഷ്യമിട്ട് മുന്നോട്ടു വച്ച സപ്തതന്ത്രങ്ങളുടെ തുടർച്ചയെന്ന നിലയിലാണ് പതാക നൗക പരിപാടി ആവിഷ്ക്കരിച്ചിരിക്കുന്നത്. വികസനത്തിന്റെയും വളർച്ചയുടെയും നൈരന്തര്യം കാത്തുസൂക്ഷിക്കാനുള്ള സർക്കാരിന്റെ ഭാവനാസമ്പന്നതയും ദീർഘദൃഷ്ടിയും വെളിപ്പെടുത്തുന്നു ബജറ്റിലെ ഈ ക്രിയാത്മക തുടർച്ച.

സംസ്ഥാനത്ത് നിലവിലുള്ള സാമൂഹിക സുരക്ഷാ പെൻഷനുകളും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും കാലികമായി ഉയർത്തിക്കൊണ്ട് അവ കേവലം പ്രതീകാത്മക സഹായങ്ങളല്ലെന്ന് സർക്കാർ വ്യക്തമാക്കിയിരിക്കുകയാണ്. ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതിനൊപ്പം മറ്റ് മേഖലകൾക്ക് അർഹമായ പ്രാധാന്യം ബജറ്റിൽ ലഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം, കൃഷി, വിദ്യാഭ്യാസം തുടങ്ങിയ മേഖലകൾ തത്തുല്യമായ പ്രാതിനിധ്യം നേടിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ 1070 കോടിയുടെ അധികവിഭവസമാഹരണ മാർഗങ്ങൾ കണ്ടെത്തിയത് തികച്ചും സ്വാഗതാർഹമാണ്. ചെക്ക്പോസ്റ്റുകളിലെ നടപടി ക്രമങ്ങൾ കാര്യക്ഷമമാക്കിയും ഇ-ഫയലിംഗ് സംവിധാനങ്ങൾ വഴിയും വരുമാനം വർധിപ്പിക്കാൻ മാർഗമൊരുക്കിയത് കൂടുതൽ നികുതി ഭാരത്തിൽ നിന്ന് ജനങ്ങളെ ഒഴിവാക്കാൻ തുണയാവും.

പാവപ്പെട്ട കുടുംബത്തിലെ പെൺകുട്ടികൾക്ക് വിവാഹസഹായമായി ആഡംബര വിവാഹങ്ങളിൽ നിന്ന് മംഗല്യനിധി രൂപീകരിക്കാനുള്ള തീരുമാനം ബജറ്റിന് മാനുഷിക സ്പർശം പകരുന്ന നിരവധി ഘടകങ്ങളിൽ പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്. മാരക രോഗികൾക്ക് അവലംബമായി കഴിഞ്ഞ ബജറ്റിൽ ആവിഷ്ക്കരിച്ച കാരുണ്യലോട്ടറിയുടെ തുടർച്ചയാണ് ഈ നടപടിയിൽ കാണാൻ കഴിയുന്നത്.

ആകെ വരവിന്റെ സിംഹഭാഗവും ശമ്പളത്തിനും പെൻഷനും ചെലവിടേണ്ടി വരുന്ന കേരളത്തിൽ പങ്കാളിത്ത പെൻഷൻ ആവിഷ്ക്കരിച്ചതിന് അകമഴിഞ്ഞ പിന്തുണയാണ് പൊതുസമൂഹത്തിൽ നിന്ന് ലഭിച്ചത്. വികസത്തിന് കൂടുതൽ വിഭവം നീക്കിവയ്ക്കാൻ സർക്കാരിന്റെ ഈ നടപടിക്കായി. എന്നാൽ ഇതുസംബന്ധിച്ച് സർവീസ് മേഖലയിൽ നിന്ന് ഉയർന്ന പരാതികൾക്ക് കൂടി പരിഹാരം നൽകാനും 2013 ഏപ്രിൽ ഒന്നു മുതൽ സർവീസിൽ പ്രവേശിക്കുന്നവർക്ക് പെൻഷൻ പ്രായം 60 ആക്കി ഉയർത്തിക്കൊണ്ടുള്ള ബജറ്റ് നിർദ്ദേശത്തിലൂടെ സാധിച്ചിരിക്കുന്നു. വികസിത കേരളത്തിലേക്കുള്ള നമ്മുടെ യാത്രക്ക് പുതിയ ബജറ്റ് കൂടുതൽ കരുത്ത് പകരുമെന്ന് ഉറപ്പിക്കാം.

**എ. ഫിറോസ്**
ചീഫ് എഡിറ്റർ



ഡോ. ബി.എ. പ്രകാശ്

# ജീവിതഭദ്രതയോടെ വികസനത്തേരിലേറാൻ

കേരളം സാമ്പത്തിക വികസനത്തിലും ധനകാര്യരംഗത്തും പല തരത്തിലുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. സംസ്ഥാന സർക്കാർ ധനപ്രതിസന്ധിയിലാണ്. ധനകമ്മിയും പൊതുകടവും ഉയർന്ന നിലയിലാണ്. ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ പ്രത്യാഘാതങ്ങളും വരൾച്ചയും കാർഷിക-വ്യവസായ സേവനമേഖലകളിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. പിന്നാക്കമായ വ്യവസായമേഖല, അടിസ്ഥാന ഘടകങ്ങളുടെ അപര്യാപ്തത, നിക്ഷേപമുരടിപ്പ്, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, മാലിന്യനിർമാർജനം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പ്രധാന വികസന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകേണ്ടതുണ്ട്. ദരിദ്രരുടെയും ദുർബലവിഭാഗക്കാരുടെയും ക്ഷേമപദ്ധതികളും ആവശ്യമാണ്. സർക്കാർ നടപ്പിലാക്കുന്ന പഞ്ചവത്സര പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, മറ്റു പ്രധാന വികസന പദ്ധതികൾ ഇവയ്ക്കു വേണ്ട ധനം കണ്ടെത്തലും കാര്യക്ഷമമായി നടപ്പിലാക്കാനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കലും ഒരു വെല്ലുവിളിയാണ്. ഈ സാഹചര്യത്തിലാണ് 2013-14 ലെ സംസ്ഥാന ബജറ്റ് ധനകാര്യമന്ത്രി കെ.എം. മാണി അവതരിപ്പിച്ചത്. ഈ ബജറ്റ് ധനസ്ഥിതി മെച്ചമാക്കുന്നതിനും സാമ്പത്തിക വികസനത്തിനും സാമൂഹികക്ഷേമത്തിനും സ്വീകരിച്ച നടപടികൾ അവലോകനം ചെയ്യുകയാണ് ഇവിടെ.

## വികസന നയം

വികസനവും കരുതലുമാണ് യു.ഡി.എഫ് സർക്കാരിന്റെ ലക്ഷ്യങ്ങൾ. സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് സപ്തതന്ത്രങ്ങളാണ് ധനകാര്യമന്ത്രി 2012-13 ലെ ബജറ്റിൽ പ്രഖ്യാപിച്ചത്. അവ താഴെപ്പറയുന്നവയാണ്.

1) സമസ്തമേഖലകളുടെയും നിലവാര വർധന
2) അടിസ്ഥാന സൗകര്യവികസനം
3) തൊഴിൽ വൈദഗ്ധ്യവികസനം
4) തൊഴിൽ സംരംഭകത്വ വികസനം
5) നൂതന സാങ്കേതിക വിദ്യകളുടെ സ്വാംശീകരണം
6) മൂലധന നിക്ഷേപവർധന
7) പൊതു-സ്വകാര്യ പങ്കാളിത്തം

2013-14 ലെ ബജറ്റിൽ അടുത്തഘട്ടത്തിനായുള്ള വികസനതന്ത്രമാണ് ധനകാര്യമന്ത്രി കെ.എം. മാണി അവതരിപ്പിച്ചത്. എല്ലാവർക്കും ഭക്ഷണം, എല്ലാവർക്കും ആരോഗ്യം, എല്ലാവർക്കും ജീവിതഭദ്രത എന്നിവ കൈവരിക്കാൻ ഉതകുന്ന സംസ്ഥാന പതാകനൗക പരിപാടികൾ അദ്ദേഹം മുന്നോട്ടുവെക്കുന്നു. പദ്ധതി നിർവഹണ കാര്യക്ഷമതയും വേഗവും വർധിപ്പിക്കൽ, കർഷകരക്ഷാപരിപാടികൾ, 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ, സുസ്ഥിര തൊഴിൽവികസന പദ്ധതി, അടിസ്ഥാന സൗകര്യവികസനം, സൗരോർജ ഉത്പാദനവും മഴവെള്ളസംഭരണവും, സാമൂഹികക്ഷേമ പരിപാടികൾ, സ്ത്രീശാക്തീകരണവും ക്ഷേമവും, വരൾച്ചാ പ്രതിരോധ പദ്ധതി, സമഗ്ര ആരോഗ്യ പദ്ധതി, മറ്റു സവിശേഷ പദ്ധതികൾ എന്നിവ ഉൾപ്പെട്ടതാണിത്.

## ധനസ്ഥിതി മെച്ചമാക്കൽ

ധനപ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ പുതിയ നികുതിനിർദേശങ്ങൾ വഴി 1070 കോടി അധികവിഭവസമാഹരണം നടത്താൻ സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. വാറ്റിൽ വരുന്ന ഉപഭോക്തൃ ഉത്പന്നങ്ങളുടെ നികുതി ഒരു ശതമാനം കൂട്ടി 14.5 ശതമാനമാക്കി. ഈ നടപടി രാജ്യത്ത് ചരക്കു സേവനനികുതി നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന്റെ വരുമാന താത്പര്യങ്ങൾക്ക് ഗുണകരവുമാണ്. ബീഡി ഒഴികെയുള്ള സിഗററ്റിന്റെയും പുകയില ഉത്പന്നങ്ങളുടെയും നികുതി അഞ്ചു ശതമാനം വർധിപ്പിച്ചു. ബിയർ, വൈൻ എന്നിവ ഒഴികെയുള്ള വിദേശ മദ്യത്തിന്റെ നികുതി അഞ്ചു ശതമാനം വർധിപ്പിച്ചു. പ്ലാസ്റ്റിക് പ്ലേറ്റുകൾ, കപ്പുകൾ തുടങ്ങിയവയുടെ നികുതി 20 ശതമാനമായി ഉയർത്തി. അഞ്ചു ലക്ഷത്തിൽ കൂടുതൽ വാർഷിക വിറ്റുവരവുള്ള ചെറുകിട കച്ചവടക്കാരെ വാറ്റ് രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാനുള്ള പദ്ധതിയും പ്രഖ്യാപിച്ചു. ഇതോടൊപ്പം, ചെക്ക്പോസ്റ്റുകളിലെ നടപടിക്രമങ്ങളിൽ വന്ന പരിഷ്കാരങ്ങളും ഇ-ഫയലിങ് സംവിധാനവും മറ്റും നികുതി വരുമാനം വർധിപ്പിക്കാൻ സഹായകരമാണ്.

## പെൻഷൻ പ്രായവർധന

2013 ഏപ്രിൽ മുതൽ സർക്കാർ സർവീസിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത

പെൻഷൻ പദ്ധതി ബാധകമാണ്. പ്രതിമാസ അടിസ്ഥാന ശമ്പളത്തിന്റെ 10 ശതമാനം തുക ജീവനക്കാർ പദ്ധതിയിലേക്ക് നൽകേണ്ടിവരും. അതിനുതുല്യമായ തുക സർക്കാരും നൽകുന്നു. ഈ വിഭാഗത്തിൽ വരുന്ന ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആക്കി ഉയർത്താൻ തീരുമാനിച്ചു. ഈ തീരുമാനമനുസരിച്ച് കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പദ്ധതിയും പെൻഷൻ പ്രായവും ഒരേ മാനദണ്ഡത്തിലാകുന്നു. സംസ്ഥാന സർക്കാരിന്റെ ഭരണചെലവിലും പെൻഷൻ ചെലവിലും ജീവനക്കാരുടെ സേവനവ്യവസ്ഥകളിലും മറ്റും വൻ മാറ്റംവരുത്തുന്നു. സർക്കാരിന്റെ ഭാവി ധനസ്ഥിതി മെച്ചമാക്കാനും സഹായിക്കുന്ന നടപടിയാണിത്.

## തൊഴിലില്ലായ്മ പരിഹരിക്കാൻ പദ്ധതി

സംസ്ഥാനത്തെ ഒരു അടിസ്ഥാന പ്രശ്നം ചെറുപ്പക്കാരുടെയും അഭ്യസ്തവിദ്യരുടെയും വൻതോതിലുള്ള തൊഴിലില്ലായ്മയാണ്. അഞ്ചു വർഷം കൊണ്ട് തൊഴിലില്ലായ്മ പരിഹരിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള സുസ്ഥിര തൊഴിൽ വികസന പദ്ധതി ബജറ്റിൽ നിർദേശിച്ചിട്ടുണ്ട്. കോളേജുകൾ, പോളിടെക്നിക്, ഐ.ടി.ഐ. എന്നിവയിൽ പ്ലേസ്മെന്റ് സെല്ലുകൾ ആരംഭിക്കുക, തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കാൻ കരിയർ ഡെവലപ്മെന്റ് മിഷൻ, പുതിയ ചെറുകിടവ്യവസായ സ്ഥാപനങ്ങൾക്ക് സ്റ്റാർട്ട് അപ്പ് സബ്സിഡി, വ്യവസായ പ്രോജക്ടുകൾ ഉണ്ടാക്കാൻ സംവിധാനം, ഗവേഷണങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കും പ്രത്യേക പ്രോത്സാഹനം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നടപടികൾ മൂലമുള്ള തൊഴിൽ പരിശീലന പദ്ധതികൾ അഭ്യസ്തവിദ്യർക്ക് വരുമാനമുള്ള തൊഴിൽ നേടാനും സ്വയംതൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കാനും സഹായകരമാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രശ്നം അഭിമുഖീകരിക്കാനുള്ള ശരിയായ ദിശയിലേക്കുള്ള കാൽവെപ്പായി ഇതിനെ കാണാം.

## കാർഷികമേഖലയുടെ മുരടിപ്പ് മാറ്റാൻ

കൃഷി ചെലവിൽ വന്ന വർധന, കാർഷിക തൊഴിലാളികളുടെ ക്ഷാമം, ചില കാർഷിക വിളകളുടെ വിലയിടിവ്, കൃഷി ലാഭകരമല്ലാത്ത അവസ്ഥ, വരൾച്ച, കർഷകർ കൃഷിയിൽ നിന്നും പിന്മാറുന്ന അവസ്ഥ, തുടങ്ങിയവ മൂലം സംസ്ഥാനത്തെ കാർഷികമേഖല തളർന്നുകൊണ്ടിരിക്കുന്നു. ഇത് വലിയ വിഭാഗം ചെറുകിട കർഷകരുടെ സാമ്പത്തിക തകർച്ചയ്ക്ക് ഇടയാക്കിയിട്ടുണ്ട്.

ഈ സാചര്യത്തിൽ കാർഷിക വികസനത്തിനും കർഷകർക്ക് സഹായം നൽകു



ന്നതിനും ഒട്ടനവധി പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

1) ഒരുഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട കർഷകർ സഹകരണ ബാങ്കുകൾവഴി എടുത്തിട്ടുള്ള നബാഡ് കാർഷികവായ്പയുടെ പലിശ ബാധ്യത എഴുതിത്തള്ളുന്നു.
2) എല്ലാ ചെറുകിട കർഷകർക്കും പലിശരഹിത കാർഷികവായ്പ ഉറപ്പാക്കുന്നു
3) വായ്പയെടുത്ത കുടുംബനാഥൻ മരണപ്പെടുകയോ, നിത്യരോഗങ്ങളോ, അപകടമോമൂലം കിടപ്പിലായി വായ്പ തിരിച്ചടക്കാൻ കഴിയാത്തവർക്ക് റിസ്ക് ഇൻഷുറൻസ് നടപ്പിലാക്കും.
4) കാർഷികാദായനികുതിയിൽ നിന്നും വ്യക്തികളെ ഒഴിവാക്കൽ, ഇതിനുപുറമെ സംയോജിത കൃഷിത്തോട്ട പദ്ധതി, മാതൃകാ ഹൈടെക് ഹരിതനഗരങ്ങൾ, നെല്ലുസംഭരണം, മെച്ചമായ വില ലഭിക്കാൻ കർഷക ഉത്പാദന സംഘങ്ങൾ, ജൈവകൃഷിക്ക് കേരള ബ്രാൻഡ്, തെങ്ങിൽ നിന്ന് നീര ഉത്പാദനം, കർഷകർക്ക് സമഗ്രവിള ഇൻഷുറൻസ്. ഈ നടപടികൾ ഈ മേഖലയുടെ ഉത്തേജനത്തിനും കർഷകർക്ക് ആശ്വാസം പകരാനും സഹായകരമാണ്.

## അടിസ്ഥാന സൗകര്യവികസനം

സമ്പദ്ഘടനയുടെ മാറ്റങ്ങൾക്കും വർധിച്ചുവരുന്ന ആവശ്യങ്ങൾക്കുമനുസരിച്ച് അടിസ്ഥാന സൗകര്യവികസനം ഉണ്ടാകാത്തത് വികസന രംഗത്ത് പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. റോഡ്, ഗതാഗതസൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി, നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ, ജലസേചനം, തുറമുഖങ്ങൾ എന്നിവയുടെ വികസനം ഇതിൽ പ്രധാനപ്പെട്ടതാണ്. കൊച്ചി മെട്രോ, അതിവേഗ റെയിൽ ഇടനാഴി, തിരുവനന്തപുരം - കോഴിക്കോട് മോണോറെയിൽ പ്രോജക്ട്, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം, നാഷണൽ ഗെയിംസ് പദ്ധതികൾ ഇവയ്ക്ക് 846 കോടി രൂപ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. സൗരോർജ ഉത്പാദനത്തിനും മഴവെള്ള സംഭരണത്തിനും പ്രത്യേക പദ്ധതി ബജറ്റിലുണ്ട്. സൗരോർജ വ്യവസായ പാർക്ക് സ്ഥാപിക്കാനുള്ള നിർദേശവും തീരദേശ കപ്പൽ ഗതാഗതപദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ശുദ്ധജലവിതരണ പദ്ധതികൾക്കായി കേരള ജല അതോറിറ്റിക്ക് 849 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തുറമുഖങ്ങളുടെ വികസനത്തിന് 78 കോടി രൂപ അനുവദിച്ചു. ജില്ലാ റോഡുകളുടെ വികസനത്തിന് 855 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ കേരള സംസ്ഥാന റോഡുഗതാഗതപദ്ധതിക്ക് 280 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ചുരുക്കത്തിൽ അടിസ്ഥാന വികസനത്തിന് മുൻതൂക്കം നൽകുന്ന നിർദശങ്ങൾ ബജറ്റിലുണ്ട്.

> സാമ്പത്തിക വികസനത്തിനും സാമൂഹികക്ഷേമത്തിനും ഊന്നൽ നൽകുന്ന ഒരു വികസന തന്ത്രമാണ് ബജറ്റ് അവതരിപ്പിക്കുന്നത്. കടം വാങ്ങി ധനപ്രതിസന്ധി പരിഹരിക്കാം എന്നതിനുപകരം ധനസ്ഥിതി മെച്ചമാക്കി പ്രതിസന്ധി നേരിടുകയെന്ന സംവിധാനമാണ് മുന്നോട്ടുവെക്കുന്നത്

## വ്യവസായ വികസനം

എമർജിങ് കേരള നിക്ഷേപകസംഗമം വഴി വ്യവസായരംഗത്ത് നിക്ഷേപം ആകർഷിക്കാനുള്ള നടപടികളുമായി സംസ്ഥാന സർക്കാർ മുന്നോട്ടു പോവുകയാണ്. വ്യവസായികളെ സംസ്ഥാനത്തേക്ക് ആകർഷിക്കണമെങ്കിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ വ്യവസായപാർക്കുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ആവശ്യമാണ്. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാട് തുണിവ്യവസായപാർക്ക്, ഒറ്റപ്പാലത്ത് വ്യവസായ പാർക്ക്, കിൻഫ്ര ബിസിനസ് പാർക്ക്, കാസർകോട് ചെറുകിട വ്യവസായ പാർക്ക്, കളമശ്ശേരിയിൽ നാനോ ടെക്നോളജി സെന്റർ എന്നിവ സ്ഥാപിക്കാൻ ബജറ്റിൽ നിർദേശമുണ്ട്. കേരളത്തെ ഒരു ഐ.ടി ലക്ഷ്യകേന്ദ്രമായി മാറ്റിയെടുക്കാൻ ടെക്നോപാർക്കിലും ഇൻഫോപാർക്കിലും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 125 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ഐ.ടി, ഹൈടെക് പാർക്കുകൾ, നോളജ് പാർക്ക് എന്നിവ സ്വകാര്യപങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കും. ഇതോടൊപ്പം പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ കശുവണ്ടിമേഖലയ്ക്ക് 71 കോടിയും കയർമേഖലയ്ക്ക് 111 കോടിയും കൈത്തറി മേഖലയ്ക്ക് 76 കോടിയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേരളത്തിലേക്ക് വ്യവസായ നിക്ഷേപം ആകർഷിക്കാനും ഇപ്പോൾ നിലവിലുള്ള വ്യവസായങ്ങളെ വികസിപ്പിക്കാനും ബജറ്റ് ലക്ഷ്യമിടുന്നു.

## സാമൂഹിക സുരക്ഷാ പെൻഷനുകൾ വർധിപ്പിച്ചു

സമ്പദ്ഘടനയിൽ അനുഭവപ്പെടുന്ന വിലക്കയറ്റം സാമൂഹികസുരക്ഷാ പെൻഷനുകളെ ആശ്രയിച്ചുകഴിയുന്നവരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തു നിലവിലുള്ള 19 സാമൂഹികപെൻഷനുകളുടെയും പ്രതിമാസ പെൻഷൻ തുകയിൽ വർധനവരുത്തി. കർഷകത്തൊഴിലാളി, കർഷകർ, വൃദ്ധർ എന്നിവരുടെ പെൻഷൻ 400 രൂപയിൽ നിന്നും 500 രൂപയായി വർധിപ്പിച്ചു. വിധവ, വികലാംഗപെൻഷൻ, 525 രൂപയിൽ നിന്നും 700 ആയി ഉയർത്തി. കയർ തൊഴിലാളികളുടെ പെൻഷൻ 300 ൽ നിന്നും 400 ആയി ഉയർത്തി. മറ്റു പെൻഷനൊന്നും ലഭിക്കാത്ത 60 വയസ്സുകഴിഞ്ഞ ബി.പി.എൽ. ആയ പരമ്പരാഗത വിശ്വകർമവിഭാഗത്തിൽപ്പെട്ട മരം, ഇരുമ്പ്, കല്ല്, കളിമണ്ണ്, സ്വർണപ്പണിക്കാർ എന്നിവർക്ക് 400 രൂപ പെൻഷൻ പുതുതായി പ്രഖ്യാപിച്ചു. ഈ പെൻഷൻ വർധനയുടെ ഗുണഫലം സംസ്ഥാനത്തെ ഏതാണ്ട് 12 ലക്ഷത്തിൽ അധികം ഗുണഭോക്താക്കൾക്ക് ലഭിക്കും.

## വാർഷിക പദ്ധതിനിർവഹണം

മോശമായി നടക്കുന്ന വാർഷിക പദ്ധതി നിർവഹണം മെച്ചമാക്കാൻ ബജറ്റിൽ നടപടികൾ പ്രഖ്യാപിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന പ്രോജക്ടുകളുടെയും സ്കീമുകളുടെയും രൂപകൽപ്പന ഏപ്രിൽ, മെയ് മാസങ്ങളിൽ പൂർത്തിയാക്കണം. പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നതിന് സാങ്കേതിക വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തണം. ഇലക്ട്രോണിക് സംവിധാനത്തിലുള്ള പദ്ധതികൾക്ക് അനുമതിയും ഫണ്ടും നൽകും. ഓരോ പദ്ധതിയുടെയും നിർവഹണ ഉത്തരവാദിത്വം ഒരു പ്രത്യേക ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കുന്നതാണ്. പദ്ധതി പ്രവർത്തനങ്ങൾ നിരന്തരമായി നിരീക്ഷിക്കുക ഒരു ഉദ്യോഗസ്ഥന്റെ ചുമതലയായിരിക്കും. ഈ രംഗത്ത് വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിൽ വർഷങ്ങളായി നിലനിൽക്കുന്ന പദ്ധതി നിർവഹണത്തിലെ പോരായ്മകൾ പരിഹരിക്കാൻ ഈ നടപടികൾ സഹായകമാകും.

സാമ്പത്തിക വികസനത്തിനും സാമൂഹികക്ഷേമത്തിനും ഊന്നൽ നൽകുന്ന ഒരു വികസനതന്ത്രമാണ് ബജറ്റ് അവതരിപ്പിക്കുന്നത്. കടം വാങ്ങി ധനപ്രതിസന്ധി പരിഹരിക്കാം എന്നതിനുപകരം ധനസ്ഥിതി മെച്ചമാക്കി പ്രതിസന്ധി നേരിടുകയെന്ന സംവിധാനമാണ് മുന്നോട്ടുവെക്കുന്നത്. അഭ്യസ്തവിദ്യരായവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ പ്രായോഗികമായ പല നിർദേശങ്ങളുമുണ്ട്. കാർഷികമേഖലയുടെ പ്രതിസന്ധി പരിഹരിക്കാൻ മുന്തിയ പരിഗണന നൽകുന്നു. അടിസ്ഥാന ഘടകവികസനത്തിനും വ്യവസായ വികസനത്തിനും വേണ്ടത്ര പരിഗണന ബജറ്റ് നൽകുന്നു. വാർഷിക പദ്ധതിയുടെ നടത്തിപ്പിലെ പോരായ്മകൾ പരിഹരിക്കാൻ വ്യക്തമായ നിർദേശങ്ങളുണ്ട്. ചുരുക്കത്തിൽ ധനസ്ഥിതി മെച്ചമാക്കാനും സാമ്പത്തിക വികസനത്തിനും സാമൂഹികക്ഷേമത്തിനും ഊന്നൽ നൽകി സംസ്ഥാനത്തെ വികസനപാതയിൽ മുന്നോട്ടുനയിക്കാൻ പര്യാപ്തമായ ബജറ്റാണിത്. ■

■ പി.എം. ബിനുകുമാർ

# റെക്കോർഡിന്റെ നെറുകയിൽ പതിനൊന്നാം ബജറ്റ്

**രാജ്യത്ത് ഏറ്റവും കൂടുതൽ ബജറ്റുകൾ അവതരിപ്പിച്ച ധനമന്ത്രിയെന്ന ഖ്യാതി കെ.എം. മാണിക്ക്. അദ്ദേഹത്തിന്റെ ബജറ്റുകളുടെ ചരിത്രത്തിലേക്ക്...**

പതിനൊന്നു ബജറ്റുകൾ അവതരിപ്പിക്കുന്ന രാജ്യത്തെ ആദ്യ ധനമന്ത്രിയാണ് കെ.എം. മാണി. 1975 ഡിസംബറിൽ അച്യുതമേനോൻ മന്ത്രിസഭയിലാണ് കെ.എം. മാണി ആദ്യമായി മന്ത്രിയാകുന്നത്. ധനമന്ത്രിയായിരുന്നു അന്നും. 1976 ലായിരുന്നു ആദ്യ ബജറ്റ്.

2011, 2012 ബജറ്റുകളിൽ വാഗ്ദാനം ചെയ്ത മിക്ക പദ്ധതികളും നടപ്പിലാക്കിയ ആഹ്ലാദത്തിലാണ് മന്ത്രി കെ.എം. മാണി. ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യക്ഷമായും അഞ്ചു ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്ന സ്വയം സംരംഭക മിഷൻ, ചികിത്സിക്കാൻ നിവൃത്തിയില്ലാത്തവർക്ക് രണ്ടു ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന കാരുണ്യ ഭാഗ്യക്കുറി, ഭവന-ഭൂരഹിതർക്ക് മൂന്നരലക്ഷം രൂപയ്ക്ക് ഫ്ളാറ്റ് നൽകുന്ന സാഫല്യം ഭവനപദ്ധതി, സ്കിൽ അക്വിസിഷൻ പ്രോഗ്രാം, ഗ്രീൻ ഹൗസ്, ബയോപാർക്കുകൾ തുടങ്ങിയവാണ് അവ.

കേരളത്തിന്റെ വികസനത്തിനു സ്ഥായിയായ സംഭാവന നൽകാൻ തന്റെ ബജറ്റിലൂടെ കെ.എം. മാണിക്ക് കഴിഞ്ഞു. ഓരോ കാലഘട്ടത്തിന്റെയും വെല്ലുവിളി മനസ്സിലാക്കി അതിനുത്തരം കൊടുക്കുവാൻ മാണിയുടെ ബജറ്റുകൾക്ക് കഴിഞ്ഞു.

മാലിന്യമുക്ത കേരളം, മാലിന്യമുക്ത ശബരിമല പദ്ധതികൾ കഴിഞ്ഞ വർഷത്തെ ബജറ്റിൽ പ്രഖ്യാപിക്കുകയും അതിലേക്കാവശ്യമായ തുക മാറ്റിവെക്കുകയും ചെയ്തു.



2012 ലെ ബജറ്റിൽ അവതരിപ്പിച്ച, സ്കൂൾതലത്തിൽ തൊഴിൽ പരിചയം പാഠ്യപദ്ധതിയുടെ ഭാഗമാക്കി മാറ്റിയ അധിക നൈപുണ്യാർജന പദ്ധതിയും പഠനം പൂർത്തിയാക്കി തൊഴിലിനുവേണ്ടി കാത്തിരിക്കുന്നവർക്കായി പ്രഖ്യാപിച്ച നൈപുണ്യവർധനപദ്ധതിയും വിപ്ലവക രമായിരുന്നു. ബജറ്റുകൾ സാമൂഹികപരി വർത്തനത്തിന്റെ പടവാളാകണമെന്ന പ്രഖ്യാപനം കെ.എം. മാണി യാഥാർഥ്യ മാക്കി.

അദ്ദേഹത്തിന്റെ കഴിഞ്ഞകാല ബജറ്റു കളെല്ലാം തന്നെ ഒരു സാമ്പത്തിക വിദ ഗ്ധന്റെ കാഴ്ചപ്പാടോടുകൂടിയതാണ്. നികു തിഭാരം വർധിപ്പിച്ച് പൊതുജനങ്ങളുടെ നട്ടെല്ലൊടിക്കുന്നതിൽ തത്പരനല്ല ധന മന്ത്രി.

ശമ്പളക്കാരുടെയും വ്യവസായികളു ടെയും ആദായനികുതിയുടെ ഒഴിവുപരിധി 8000 രൂപയും കർഷകരുടേത് 5000 രൂപ യായും നിശ്ചയിച്ച വിവേചനം എടുത്തു കളഞ്ഞത് 1976 ലെ ബജറ്റിൽ കെ.എം. മാണിയാണ്. രണ്ടു ഹെക്ടർ വരെ ഭൂമി യുള്ള കർഷകരെ തോട്ടനികുതിയിൽ നിന്നും ഒഴിവാക്കിയതും അദ്ദേഹമാണ്. കമ്മിബജറ്റിന്റെ കാലത്ത് 1985 മാർച്ച് 31 ന് 166 കോടി രൂപയുടെ മിച്ചം സ്വരൂപിച്ച ബജറ്റ് അവതിപ്പിച്ച് കെ.എം. മാണി ദേശീയശ്രദ്ധ പിടിച്ചുപറ്റി.

ഇന്ത്യയിൽ ആദ്യമായി കർഷകത്തൊ ഴിലാളി പെൻഷനും (1980) കാർഷിക പെൻഷനും (2011) നടപ്പിലാക്കിയതും കെ. എം. മാണിയാണ്. 60 വയസ് തികയുന്ന കർഷകത്തൊഴിലാളികൾക്ക് പ്രതിമാസം 45 രൂപ നിരക്കിലാണ് പെൻഷൻ അനുവദിച്ച ത്. മത്സ്യത്തൊഴിലാളികൾക്ക് ഇൻഷു റൻസ്, അഗതികൾക്ക് പെൻഷൻ വർധന, കാർഷിക വായ്പാ ഇളവ്, വികലാംഗർക്ക് അലവൻസ്, കുട്ടികൾക്ക് വൈദ്യപരിശോ ധന, സ്കോളർഷിപ്പ് എന്നിവ ബജറ്റിലൂടെ അദ്ദേഹം നടപ്പാക്കി. ഇന്ത്യയിലാദ്യമായി അഭിഭാഷകർക്കും അവരുടെ ഗുമസ്ത ന്മാർക്കും ക്ഷേമനിധിയും പെൻഷനും അനുവദിച്ചതും അദ്ദേഹം തന്നെ.

കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധ ങ്ങൾ പുനരവലോകനം ചെയ്യണമെന്ന വാദം 1981 ൽ കെ.എം. മാണി മുന്നോട്ടു വെച്ചു. കൂടുതൽ വരുമാനം കിട്ടുന്ന നികുതി സ്രോതസ്സുകൾ കേന്ദ്രത്തിൽ നിക്ഷിപ്തമാക്കിയതും സാമൂഹികക്ഷേമം പോലെയുള്ള ഭാരമേറിയതും ചെലവേറി യതുമായ ചുമതലകൾ സംസ്ഥാനങ്ങ ളുടെമേൽ കെട്ടിവെച്ചിട്ടുള്ളതുമായ കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ പൊളിച്ചെ ഴുതണമെന്ന ശക്തമായ നിലപാട് ധന മന്ത്രി കെ.എം. മാണി സ്വീകരിച്ചത് ശ്രദ്ധേ യമായി. തോട്ടനികുതിയിൽ നിന്നും ചെറു കിടക്കാരെയും ഇടത്തരക്കാരെയും ഒഴിവാ ക്കിയതും ഹ്രസ്വകാല കാർഷിക വായ്പ കൾക്ക് പലിശകുറച്ചതും ഇതേ ബജറ്റിലാ ണ്. പ്രതിമാസം 10 യൂണിറ്റ് വൈദ്യുതി ഉപ യോഗിക്കുന്നവർക്ക് വൈദ്യുതി സൗജന്യ മാക്കിയതും ഇതേ ബജറ്റിലാണ്.

സ്വയംതൊഴിൽ തേടുന്നവർക്ക് വായ്പയും ഗ്രാന്റും ലഭിക്കാൻ സംവിധാ നമുണ്ടാക്കിയതും 82 ലെ ബജറ്റിലാണ്. ബ്ലേഡ് കമ്പനികളെ നിയന്ത്രിക്കാൻ 83 ലെ ബജറ്റിൽ ലൈസൻസ് ഫീസ് വർധിപ്പിച്ചു. മലയോര കർഷകർക്കെല്ലാം പട്ടയം നൽകാൻ തീരുമാനിച്ചതും ഇതേ ബജറ്റിൽ തന്നെ. ഗ്രാമങ്ങളിലെല്ലാം ന്യായവില ഷോപ്പുകൾ ആരംഭിച്ചത് 1983 ലാണ്. സർക്കാർ ജീവനക്കാർക്ക് ഗ്രൂപ്പ് ഇൻഷു റൻസ്, വിദ്യാർഥികൾക്ക് സമ്പാദ്യപദ്ധതി തുടങ്ങിയവ 84 ലെ ബജറ്റിന്റെ പ്രത്യേക തകളായി.

1977 ജനുവരി ഒന്നിന് മുൻപ് സർക്കാർ ഭൂമിയിൽ പ്രവേശിച്ച കർഷകർക്കെല്ലാം പട്ടയം വിതരണം ചെയ്യാനുള്ള തീരുമാനം 1984 ലെ ബജറ്റിലൂടെ പ്രഖ്യാപിച്ചു. 1985 ൽ മദ്യത്തിന് നികുതി വർധിപ്പിച്ചു.

ഒരേ മണ്ഡലത്തിൽ നിന്നും തുടർച്ച യായി തെരഞ്ഞെടുക്കപ്പെട്ടതിന്റെ റെക്കോർഡ് കെ.എം. മാണിക്ക് സ്വന്തം. ഏറ്റവും കൂടുതൽ കാലം മന്ത്രിയായ റെക്കോർഡും അദ്ദേഹത്തിന് തന്നെ. കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാ ലയിൽ ആരംഭിച്ച കെ.എം. മാണി സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ് അടുത്തിടെ ഉപ രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.

ബജറ്റ് പ്രസംഗം നേരിട്ടെഴുതുന്നതാണ് കെ.എം. മാണിയുടെ ശൈലി. ഒരു മാസം കൊണ്ടാണ് പുതിയ ബജറ്റ് തയാറാക്കിയത്. എല്ലാറ്റിനും ഒരു മാണി ടച്ച്.

അദ്ദേഹം 2013-14 സാമ്പത്തിക വർഷ ത്തേക്ക് അവതരിപ്പിച്ച സംസ്ഥാന ബജറ്റിന് പ്രതിപക്ഷം പോലും നൽകിയത് എ ഗ്രേഡാണ്. വരവിന്റെ 70 ശതമാനം ശമ്പള ത്തിനും പെൻഷനും പലിശയ്ക്കും ചെല വിടുന്ന കേരളം പോലൊരു സംസ്ഥാന ത്തിന് ലോഭമേതുമില്ലാതെ വികസനത്തിന് പണം ചെലവഴിക്കുക അത്ര എളുപ്പമല്ല. എന്നിട്ടും കേരളത്തിന്റെ സാമ്പത്തികമേ ഖല അനുഭവിക്കുന്ന വെല്ലുവിളികളെ സമർഥമായി മറികടക്കാൻ ധനമന്ത്രിക്ക് കഴിഞ്ഞു.

> ഒരേ മണ്ഡലത്തിൽ നിന്നും തുടർച്ചയായി തെരഞ്ഞെടുക്കപ്പെട്ടതിന്റെ റെക്കോർഡ് കെ.എം. മാണിക്ക് സ്വന്തം. ഏറ്റവും കൂടുതൽ കാലം മന്ത്രിയായ റെക്കോർഡും അദ്ദേഹത്തിന് തന്നെ. കൊച്ചി ശാസ്ത്രസാങ്കേതിക സർവ കലാശാലയിൽ ആരംഭിച്ച കെ.എം. മാണി സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ് അടുത്തിടെ ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്തു

പത്തു ബജറ്റുകളെയും പോലെ ക്ഷേമ പ്രവർത്തനങ്ങൾക്കാണ് കെ.എം. മാണി യുടെ പതിനൊന്നാമത് ബജറ്റും മുൻതൂക്കം നൽകിയത്. മദ്യം, സിഗരറ്റ്, ലോട്ടറി, ആഡം ബരകാർ, ആഡംബര വിവാഹങ്ങൾ എന്നിവ വഴി 1138 കോടിയുടെ അധിക വിഭ വസമാഹരണം ലക്ഷ്യമിടുന്ന അദ്ദേഹം ഇളവുകൾ യഥേഷ്ടം പ്രഖ്യാപിച്ച് കയ്യടി നേടാൻ ശ്രമിച്ചിട്ടില്ല. 11 ബജറ്റ് എന്ന റെക്കോർഡിന്റെ പിൻബലവും കയ്യൊതു ക്കവും അസാമാന്യമാംവിധം പ്രകടിപ്പിക്കു ന്നുമുണ്ട്.

അടിസ്ഥാന സൗകര്യവികസനം, കൃഷി, വിദ്യാഭ്യാസം തുടങ്ങിയ മേഖല കൾക്കാണ് 11 ാമത് ബജറ്റിൽ ധനമന്ത്രി മുൻതൂക്കം നൽകിയിരിക്കുന്നത്. സാമൂഹി കസുരക്ഷാ പദ്ധതികൾക്ക് വകയിരുത്തി യിട്ടുള്ള വിഹിതത്തിലുള്ള വർധന എടു ത്തുപറയേണ്ടിയിരിക്കുന്നു. ക്ഷേമ പെൻഷൻ വാങ്ങുന്ന വിഭാഗങ്ങളിലെല്ലാം ധനമന്ത്രിയുടെ കടാക്ഷം എത്തിച്ചേർന്നി ട്ടുണ്ട്. നിലവിൽ പെൻഷനുകളൊന്നും ലഭി ക്കാത്ത ഇരുമ്പ്, കല്ല്, കളിമണ്ണ്, സ്വർണപ ണിക്കാർ തുടങ്ങിയവർക്ക് 400 രൂപ പെൻഷൻ നൽകിയത് സ്വാഗതാർഹമായ തീരുമാനമാണ്. വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ഫീസും ബി.പി. എൽ. വിഭാഗത്തിലുള്ളവർക്ക് ഹോസ്റ്റൽ ഫീസും സൗജന്യമാക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്.

പാവപ്പെട്ട കുടുംബങ്ങളിലെ പെൺമ ക്കൾക്ക് വിവാഹത്തിനുവേണ്ടി മംഗല്യ നിധി രൂപീകരിക്കാനുള്ള തീരുമാനം എൺപതുതികഞ്ഞ കാരണവരായ ധനമന്ത്രി ഇളം തലമുറയ്ക്ക് വാത്സല്യ പൂർവം നൽകിയ കൈനീട്ടമാണ്. മുന്തിയ ഹോട്ടലുകളിലും അഞ്ഞൂറിലധികം സീറ്റു കളുള്ള ഓഡിറ്റോറിയങ്ങളിലും വിവാഹം നടത്തുന്നവർ വിവാഹത്തിന് മുടക്കുന്ന തുകയുടെ മൂന്നു ശതമാനം നികുതി അട യ്ക്കണമെന്നും ഇത്തരത്തിൽ അടയ്ക്കുന്ന നികുതി മംഗല്യനിധിയായി രൂപപ്പെടു മെന്നുമാണ് വ്യവസ്ഥ.

കർഷകർക്ക് പലിശരഹിത വായ്പ, പഞ്ചായത്തുകളിൽ കൃഷിതോട്ടങ്ങൾ, ഹൈടെക് കൃഷി ഗ്രാമങ്ങൾ, നെല്ലുസംഭ രണത്തിന് ഉടൻ പണം, ജൈവതാലൂക്ക്, സമഗ്ര ഇൻഷുറൻസ്, ആധുനിക റൈസ് മിൽ എന്നിങ്ങനെ കാർഷിക മേഖലയുടെ മുഖം തിരുത്തിയെഴുതാൻ ധനമന്ത്രി ശ്രമി ച്ചിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടിക്ക് ഇളവ് നൽകി യതും മൂന്നു മാസത്തിനുള്ളിൽ മറിച്ചു വിൽക്കുന്ന ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇരട്ടി യാക്കിയതും ശ്ലാഘനീയമാണ്. കേന്ദ്ര പെൻഷൻ പദ്ധതി നടപ്പിലാക്കുമ്പോൾ പുതുതായി സർവീസിൽ ചേരുന്നവരുടെ പെൻഷൻപ്രായം 60 ആക്കിയതും വലിയ വിമർശനങ്ങൾക്ക് ഇടനൽകിയില്ല. ■

# ബജറ്റ് 2013 – 14 ഒറ്റനോട്ടത്തിൽ

സംസ്ഥാനത്ത് നിലവിലുള്ള സാമൂഹിക സുരക്ഷാപെൻഷനുകളും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും താഴെപ്പറയുന്നവിധം വർധിപ്പിക്കും

| പെൻഷൻ/ആനുകൂല്യം | നിലവിൽ | വർധിക്കുന്നത് |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 400 | 500 |
| കർഷക പെൻഷൻ | 400 | 500 |
| വിധവാ പെൻഷൻ | 525 | 700 |
| വികലാംഗ പെൻഷൻ | 525 | 700 |
| 80 ശതമാനത്തിനുമേൽ വൈകല്യമുള്ളവർക്ക് | 700 | 1000 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 525 | 700 |
| വാർധക്യകാല പെൻഷൻ | 400 | 500 |
| 80 വയസ് കഴിഞ്ഞവർക്ക് | 900 | 1100 |
| അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, യാചകമന്ദിരങ്ങൾ വികലാംഗർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് നൽകുന്ന പ്രതിമാസ ഗ്രാന്റ് | 525 | 700 |
| സർക്കാർ എയ്ഡഡ് അന്ധ-ബധിര വിദ്യാലയങ്ങളിൽ വിദ്യാർഥികൾക്ക് ഭക്ഷണത്തിന് പ്രതിമാസ ഗ്രാന്റ് | 750 | 900 |
| വൃക്ക തകരാറുമൂലം സ്ഥിരമായി ഡയാലിസിസ് വേണ്ടിവരുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വൃക്കരോഗികൾക്ക് നൽകുന്ന പ്രതിമാസ പെൻഷൻ | 525 | 900 |
| ക്ഷയരോഗികൾക്കുള്ള ധനസഹായം | 525 | 800 |
| കുഷ്ഠരോഗികൾക്കുള്ള ധനസഹായം | 525 | 800 |
| കാൻസർ രോഗികൾക്കുള്ള ധനസഹായം | 525 | 800 |
| കയർതൊഴിലാളി പെൻഷൻ | 300 | 400 |
| അവശകലാകാര പെൻഷൻ | 500 | 600 |
| സർക്കസ് കലാകാരന്മാരുടെ പെൻഷൻ | 1000 | 1100 |
| 80 വയസ്സിനുമേൽ പ്രായമുള്ള അവശതയനുഭവിക്കുന്ന കായികതാരങ്ങൾക്കുള്ള പെൻഷൻ | 1000 | 1100 |
| 80 വയസ്സിനുതാഴെ പ്രായമുള്ള അവശതയനുഭവിക്കുന്ന കായികതാരങ്ങളുടെ പെൻഷൻ | 500/750 | 800 |
| മറ്റു പെൻഷനൊന്നും ലഭിക്കാതെ 60 വയസ്സ് കഴിഞ്ഞ ബി.പി.എൽ. ആയ പരമ്പരാഗത വിശ്വകർമ വിഭാഗത്തിൽപ്പെട്ട മരം, ഇരുമ്പ്, കല്ല്, കളിമണ്ണ്, സ്വർണപ്പണിക്കാർ | – | 400 |
| പത്രപ്രവർത്തക പെൻഷൻ | 4500 | 7000 |
| നോൺ ജേർണലിസ്റ്റുകൾ | 2500 | 4000 |
| ആശ വർക്കേഴ്സ് (ഓണറേറിയം) | 600 | 700 |
| സ്കൂൾ പാചകത്തൊഴിലാളി ദിവസവേതനം | – | 50 രൂപ കൂട്ടി |
| അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരുടെ ഓണറേറിയം സംസ്ഥാന വിഹിതം | 1000 | 1400 |
| സൈക്കോ സോഷ്യൽ കൗൺസിലർമാർ | 6500 | 7500 |

## സാമൂഹികക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ സാമൂഹിക സുരക്ഷാപെൻഷനുകൾ വർധിപ്പിച്ചു. ഇതോടൊപ്പം മറ്റ് പെൻഷനൊന്നും ലഭിക്കാത്ത ബി.പി.എൽ. വിഭാഗത്തിലെ പരമ്പരാഗത വിശ്വകർമർക്ക് 400 രൂപ വീതം പെൻഷൻ നൽകുന്ന പദ്ധതിയും പ്രഖ്യാപിച്ചു.

## 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ

20 രൂപയ്ക്ക് ഭക്ഷണം നൽകാൻ എല്ലാ താലൂക്കാസ്ഥാനങ്ങളിലും തൃപ്തി ന്യായവില ഭക്ഷണശാലകൾ തുടങ്ങും. ഇവർക്ക് 5.5 ലക്ഷം ഗ്രാന്റ് നൽകും. ഭക്ഷ്യധാന്യങ്ങൾ, പലവ്യഞ്ജനം, പച്ചക്കറികൾ, പാചകവാതകം തുടങ്ങിയവ സൗജന്യ നിരക്കിൽ നൽകും.

## സമഗ്ര ആരോഗ്യരക്ഷ

സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പാക്കും. മൂന്ന് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബ



ങ്ങൾക്കുകൂടി ചിസിന്റെ ആനുകൂല്യം. ഈ വിഭാഗത്തിൽ ഇൻഷുറൻസ് പ്രീമിയം സർക്കാർ വഹിക്കും. മൂന്നു ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനമു

ള്ളവർക്ക് പ്രീമിയം തുക അടച്ചാൽ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. 70 കോടി വകയിരുത്തി.

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾക്കു കീഴിൽ നാലു കോടി ചെലവിൽ മരുന്നുകളുടെ ഗുണമേന്മ പരിശോധനാ പദ്ധതി. തിരുവനന്തപുരം മുട്ടത്തറയിലും കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയിലും പുതിയ നേഴ്സിങ് കോളേജുകൾ. തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്വാളിറ്റി ആൻഡ് സേഫ്റ്റ് ഇൻഹെൽത്ത് എന്ന സ്ഥാപനം.

## കർഷകരക്ഷാ പരിപാടികൾ

ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള കർഷകർ സഹകരണബാങ്കുകൾ മുഖേന എടുത്ത നബാർഡ് കാർഷിക വായ്പാ കുടിശിക എഴുതിത്തള്ളും. മുതൽ അടക്കുന്നവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ എന്ന നിലയ്ക്കായിരിക്കും ആനുകൂല്യം.



ചെറുകിട കർഷകർക്ക് പലിശരഹിത വായ്പ നൽകാൻ 30 കോടിയും വായ്പയെടുത്ത കുടുംബനാഥൻ മരിക്കുകയോ നിത്യരോഗങ്ങളോ അപകടങ്ങളോ മൂലം അവശതയിലാവുകയോ ചെയ്താൽ കടക്കാർക്ക് പൂർണ സംരക്ഷണം നൽകാൻ റിസ്ക് ഇൻഷുറൻസ് പദ്ധതി നടപ്പാക്കാൻ രണ്ടുകോടിയും നീക്കിവെച്ചു.

പലതരത്തിലുള്ള കാർഷികപദ്ധതികൾ സംയോജിപ്പിക്കുന്ന സംയോജിത കൃഷിത്തോട്ടപദ്ധതിയിൽ ഓരോ യൂണിറ്റിനും 10,000 രൂപ വീതം നൽകും.



കാർഷികാദായ നികുതിയിൽ നിന്ന് കർഷകരെ ഒഴിവാക്കി. ഓരോ ജില്ലയിലും മാതൃകാ ഹൈടെക് ഹരിതഗ്രാമങ്ങൾ സ്ഥാപിക്കും. 42 കോടി ഇതിനായി വകയിരുത്തും. നെല്ല് സംഭരിക്കുമ്പോൾത്തന്നെ കർഷകന് പണം നൽകാൻ 236 കോടിയും

> നിർധന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹധനസഹായം നൽകാൻ 'മംഗല്യനിധി' രൂപീകരിക്കുന്നതുൾപ്പെടെ സ്ത്രീശാക്തീകരണത്തിനും സംരക്ഷണത്തിനും ക്ഷേമത്തിനും ഊന്നൽ നൽകുന്ന ഒട്ടേറെ പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിച്ചു. മംഗല്യനിധിക്കാവശ്യമായ ഫണ്ട് ആഡംബര വിവാഹ ആഘോഷങ്ങളിൽ നിന്നു സ്വരൂപിക്കും

കാർഷികോത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും ഉപഭോക്താക്കൾക്ക് ന്യായവിലക്ക് നിത്യോപയോഗ സാധനങ്ങളും ലഭിക്കാൻ കർഷക ഉത്പാദക സംഘങ്ങളുടെ ആഭിമുഖ്യത്തിൽ കർഷക മാർക്കറ്റുകൾ ആരംഭിക്കാൻ 30 കോടിയും വകയിരുത്തി.

ജൈവവളം, ജൈവകീടനാശിനി, രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ, ടിഷ്യുകൾച്ചർ തൈകൾ എന്നിവയുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കാൻ ഗവേഷണ സ്ഥാപനങ്ങളും ഉത്പാദനയൂണിറ്റുകളും ആരംഭിക്കും. തെങ്ങിൽ നിന്ന് നീര വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കും. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ നിരായൂണിറ്റുകൾ. 15 കോടി വകയിരുത്തി

കാസർകോട്, വയനാട്, ഇടുക്കി ജില്ലകളിലെ ഓരോ താലൂക്കുകളെ ജൈവതാലൂക്കുകളാക്കും. ഇതിന് ഗവേഷണ സ്ഥാപനങ്ങളും ഉത്പാദന യൂണിറ്റുകളും ആരംഭിക്കാൻ 12 കോടി.

## സുസ്ഥിര തൊഴിൽവികസന പദ്ധതി

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് സെല്ലുകൾ ആരംഭിക്കാൻ എട്ടു കോടി നീക്കിവെച്ചു. തൊഴിലന്വേഷകരുടെ വ്യക്തിത്വവികസനത്തിനും മത്സരക്ഷമത വർധിപ്പിക്കാനും എല്ലാ ജില്ലകളിലും പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കും.

മൈക്രോ, ചെറുകിട വ്യവസായ സംരംഭങ്ങളിൽ പത്തിൽ കുറയാത്ത തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടാൽ തൊഴിലൊന്നിന് 10,000 രൂപ വീതം സ്റ്റാർട്ടപ് സബ്സിഡി നൽകും.

## ഗവേഷണങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കും പ്രോത്സാഹനം

വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അധ്യാപകരുടെയും വിദ്യാർഥികളുടെയും ഗവേഷണണങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കും പ്രോത്സാഹനം നൽകാൻ ഫോസ്റ്ററിങ് ലിങ്കേജസ് ഫോർ അക്കാദമിക് ഇന്നോവേഷൻ ആൻഡ് റിസർച്ച് എന്ന പദ്ധതി ആറു കോടി ചെലവിൽ നടപ്പാക്കും. തെരഞ്ഞെടുക്കപ്പെട്ട അന്താരാഷ്ട്ര ജേണലുകളിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങൾക്ക് 50,000 രൂപയും പേറ്റന്റ് നേടുന്ന ഗവേഷകർക്ക് ഒരു ലക്ഷം രൂപയും നൽകും. ഇന്നോവേഷൻ മീറ്റുകളിൽ മികച്ച പദ്ധതി കാഴ്ചവെക്കുന്ന വിദ്യാർഥികൾക്കും ഗൈഡിനും ജില്ലാതലത്തിൽ അവാർഡ് നൽകും. അവാർഡ് ജേതാക്കൾക്ക് ഭാരത പഠനയാത്രയ്ക്ക് ഒരു ലക്ഷം രൂപവീതവും നൽകും.

## സ്ത്രീശാക്തീകരണവും ക്ഷേമവും

മൂന്നു ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള വിധവകളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് സർക്കാർ നിരക്കിലുള്ള ട്യൂഷൻ ഫീസ് നൽകും. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളാണെങ്കിൽ ഹോസ്റ്റൽ ഫീസും. ഹൈസ്കൂൾ–ഹയർ സെക്കൻഡറി തലങ്ങളിലെ മൂല്യനിർണയത്തിൽ ജെൻഡർ ബാലൻസ് സ്കോർ ഉൾപ്പെടുത്തും.

## ആഡംബര വിവാഹങ്ങളിൽ നിന്ന് മംഗല്യനിധി

നിർധന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹധനസഹായം നൽകാൻ 'മംഗല്യനിധി' രൂപീകരിക്കുന്നതുൾപ്പെടെ സ്ത്രീശാക്തീകരണത്തിനും സംരക്ഷണത്തിനും ക്ഷേമത്തിനും ഊന്നൽ നൽകുന്ന ഒട്ടേറെ പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിച്ചു.

മംഗല്യനിധിക്കാവശ്യമായ ഫണ്ട് ആഡംബര വിവാഹ ആഘോഷങ്ങളിൽ നിന്നു സ്വരൂപിക്കും. ത്രീ സ്റ്റാർ മുതലുള്ള ഹോട്ടലുകളിലോ 500 ൽ കൂടുതൽ ഇരിപ്പിട സൗകര്യമുള്ള ഓഡിറ്റോറിയങ്ങളിലോ നടക്കുന്ന വിവാഹ ആഘോഷങ്ങൾക്ക് ചെലവിടുന്ന തുകയുടെ മൂന്നു ശതമാനം മംഗല്യനിധിയിലേക്കു സ്വരൂപിക്കും. ഈ തുക അടച്ചു രസീത് ഓഡിറ്റോറിയമോ ഹോട്ടലോ ബുക്കുചെയ്യുമ്പോൾ ഹാജരാക്കണം. ഇങ്ങനെ സ്വരൂപിക്കുന്ന തുകയിൽ നിന്ന് 20,000 രൂപ വീതമാണ് നിർധനരായ പെൺകുട്ടികൾക്ക് വിവാഹ സഹായമായി നൽകുന്നത്. ഇതിനുപുറമെ വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായവും പ്രഖ്യാപിച്ചിട്ടുണ്ട്.

വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് നൽകിവരുന്ന 20,000 രൂപയുടെ ധനസഹായം 30,000 രൂപയായി ഉയർത്തി. ഇതോടൊപ്പം വരുമാനപരിധി മൂന്നു ലക്ഷമാക്കി ഉയർത്തുകയും ചെയ്തു. മഹിളാമ

ന്ദിരങ്ങൾ പോലെയുള്ള വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള വിവാഹധനസഹായം 10,000 രൂപയിൽ നിന്നും 50,000 രൂപയായി ഉയർത്തി.

### കുടുംബശ്രീ പ്രവർത്തകർക്ക് അപകട ഇൻഷുറൻസ്

കുടുംബശ്രീ, ജനശ്രീ, ഗൃഹശ്രീ തുടങ്ങിയ മഹിളാ സംഘടനകളിലെ അംഗങ്ങൾക്കായി അപകട ഇൻഷുറൻസ് പദ്ധതി രൂപവത്കരിക്കും. അൻപതു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയാണ് പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. 40 ലക്ഷത്തോളം പേർക്ക് ഗുണംചെയ്യുന്നതാണ് പദ്ധതി. പ്രീമിയത്തിൽ 50 ശതമാനം ഗുണഭോക്താവും 50 ശതമാനം ബന്ധപ്പെട്ട ഏജൻസിയും അടക്കണമെന്നാണ് വ്യവസ്ഥ.

ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാർക്കായി ഭവന പദ്ധതിക്കും ബജറ്റിൽ നിർദേശമുണ്ട്. ഇതിനായി 50 ലക്ഷം രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. പെൻഷൻകാരുടെ സൗകര്യത്തിനായി ട്രഷറികളിൽ എ.ടി.എം സ്ഥാപിക്കും. ട്രഷറി വകുപ്പിന് തിരുവനന്തപുരത്ത് ആസ്ഥാനമന്ദിരം നിർമിക്കും.

### പട്ടികജാതി ക്ഷേമം

വീടില്ലാത്തവർക്ക് വീട്, ഭൂരഹിതർക്ക് ഭൂമി, പട്ടികജാതിക്കാർക്ക് തൊഴിൽ പദ്ധതികൾ, സാമ്പത്തിക ഉന്നമന പരിപാടികൾ തുടങ്ങിയവയ്ക്ക് 839.5 കോടി രൂപ, 15,000 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായത്തിന് 100 കോടി രൂപ. പട്ടികജാതി വിദ്യാർഥികൾക്ക് മികച്ച തൊഴിലവസരം സൃഷ്ടിക്കാൻ ഫിനിഷിങ് സ്കൂൾ പരിശീലനം.

പട്ടികജാതി യുവതീ-യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് 50,000 രൂപ. ഓരോ പട്ടികവർഗ സങ്കേതത്തിനും ഒരു കോടി വീതം. കുടിവെള്ളം, വൈദ്യുതി, സോളാർ ലൈറ്റുകൾ, ലിങ്ക് റോഡുകൾ, നടപ്പാതകൾ, ഉൾനാടൻ റോഡുകൾ, മലിനജല സംസ്കരണം, ബയോഗ്യാസ് പ്ലാന്റ് വരുമാനമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ, കമ്യൂണിറ്റി സെന്ററുകൾ തുടങ്ങിയവ 20 സങ്കേതങ്ങളിൽ. വിതുരയിൽ ആദിവാസി വംശീയ വൈദ്യന്മാർക്കുള്ള ഗവേഷണ സ്ഥാപനം വിപുലീകരിക്കുന്നതിനും വയനാട്ടിലും അട്ടപ്പാടിയിലും പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനും 50 ലക്ഷം രൂപ. പട്ടികവർഗക്കാരിലെ വംശീയ വൈദ്യന്മാർക്ക് ജോലിക്കും ഗവേഷണങ്ങൾക്കുമായി വർഷത്തിൽ 10,000 രൂപ വീതം ധനസഹായം.

### വെബ്സൈറ്റ് വഴി തൊഴിലാളികൾ

മൊബൈൽ, ഇന്റർനെറ്റ് എന്നിവ മുഖേന വിദഗ്ധതൊഴിലാളികളെ ആവശ്യാനുസരണം ലഭ്യമാക്കാൻ വെബ്സൈറ്റ് ആരംഭിക്കും. കാർഷിക കർമസേന എല്ലാ കൃഷിഭവനുകളിലും വ്യാപിപ്പിക്കും.

### വ്യവസായ അടിസ്ഥാന സൗകര്യ വികസനം

കൊച്ചിയിൽ 9000 കോടി രൂപ ചെലവിൽ പെട്രോളിയം, കെമിക്കൽ ആൻഡ് പെട്രോകെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൻ സ്ഥാപിക്കും. ഇതിന്റെ പ്രാരംഭ നടത്തിപ്പിനായി 10 കോടി വകയിരുത്തി. വ്യവസായ പാർക്കുകൾ, നിക്ഷേപ പ്രോത്സാഹന പ്രവർത്തനങ്ങൾ തുടങ്ങി



> കൊച്ചിയിൽ 9000 കോടി രൂപ ചെലവിൽ പെട്രോളിയം, കെമിക്കൽ ആൻഡ് പെട്രോ കെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൻ സ്ഥാപിക്കും. ഇതിന്റെ പ്രാരംഭ നടത്തിപ്പിനായി 10 കോടി വകയിരുത്തി. വ്യവസായ പാർക്കുകൾ, നിക്ഷേപ പ്രോത്സാഹന പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടെ വ്യവസായ മേഖലയ്ക്ക് ഇത്തവണ ബജറ്റിൽ ഉൾപ്പെടുത്തിയത് 579.36 കോടി രൂപ

| 2012-13 ലെ പുതുക്കിയ എസ്റ്റിമേറ്റ് (രൂപ കോടിയിൽ) | |
|---|---|
| റവന്യൂ വരവ് | 48269.21 |
| റവന്യൂ ചെലവ് | 51675.65 |
| ഇതിൽ ഉൾപ്പെടുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള ഗ്രാന്റ് | 2797.30 |
| റവന്യൂ കമ്മി | (-) 3406.44 |
| യഥാർഥ റവന്യൂ കമ്മി | (-) 609.14 |
| മൂലധന ചെലവ് | 6882.21 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 1056.68 |
| പൊതുകടം (തിനി) | 10753.94 |
| പൊതുകണക്ക് (തനി) | 482.29 |
| ആകെ കമ്മി | (-) 109.10 |
| വർഷാരംഭ രൊക്ക ബാക്കി | (-) 529.23 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 638.33 |

| 2013-14 ലെ പുതുക്കിയ എസ്റ്റിമേറ്റ് (രൂപ കോടിയിൽ) | |
|---|---|
| റവന്യൂ വരവ് | 58057.88 |
| റവന്യൂ ചെലവ് | 60327.85 |
| ഇതിൽ ഉൾപ്പെടുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള ഗ്രാന്റ് | 3472.06 |
| റവന്യൂ കമ്മി | (-) 2269.97 |
| യഥാർഥ റവന്യൂ കമ്മി | (-) 1202.09 |
| മൂലധന ചെലവ് | 8613.00 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 989.66 |
| പൊതുകടം (തിനി) | 11844.38 |
| പൊതുകണക്ക് (തനി) | 470.04 |
| ആകെ മിച്ചം | 441.79 |
| വർഷാരംഭ രൊക്ക ബാക്കി | (-) 638.33 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 196.54 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | 1400.58 |
| പ്രഖ്യാപിച്ച ഇളവുകൾ | 67.78 |
| അധിക വിഭവ സമാഹരണം | 1138.33 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 526.57 |



യവ ഉൾപ്പെടെ വ്യവസായ മേഖലയ്ക്ക് ഇത്തവണ ബജറ്റിൽ ഉൾപ്പെടുത്തിയത് 579.36 കോടി രൂപ. പുറമെ ഐടി മേഖലയിൽ ടെക്നോപാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്കുകൾക്കായി 125 കോടി വകയിരുത്തി. കേരള സീ പ്ലെയിൻ പദ്ധതിയെ മുൻഗണനാ പദ്ധതിയായി ഉൾപ്പെടുത്തി വിനോദസഞ്ചാരമേഖലയ്ക്ക് 189.23 കോടി രൂപയും നൽകും. വ്യവസായ വകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി 80 കോടി വകയിരുത്തി.



എമർജിങ് കേരളയെക്കുറിച്ചു വിശദമായ അവലോകനം നടത്തുന്നതിന് പ്രൊഫഷണൽ ഏജൻസിയെ നിയോഗിക്കും. കിൻഫ്രയുടെ നേതൃത്വത്തിൽ കഞ്ചിക്കോട്ടു തുണി വ്യവസായപാർക്കും ഒറ്റപ്പാലത്ത് വ്യവസായ പാർക്കും കാസർകോട്ട് ഉദുമയിൽ ചെറുകിട വ്യവസായ പാർക്കും എറണാകുളത്ത് രാജ്യാന്തര കൺവെൻഷൻ സെന്ററും കളമശേരി ഹൈടെക് പാർക്കിൽ ടെലികോം ഇൻകുബേറ്ററും ബയോടെക്നോളജി പാർക്കിൽ നാനോ ടെക്നോളജി സെന്ററും സ്ഥാപിക്കും. ഇതിനായി കിൻഫ്രയ്ക്ക് 86.68 കോടി വകയിരുത്തി. കശുവണ്ടി മേഖലയ്ക്ക് 71.5 കോടിയും കയർ മേഖലയ്ക്ക് 111.37 കോടിയും കൈത്തറി മേഖലയ്ക്ക് 76.76 കോടിയും വകയിരുത്തി. കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ സിയാൽ മാതൃകയിൽ സ്ഥിരം എക്സിബിഷൻ സെന്ററിനായി ഒരു കോടി നീക്കിവെച്ചു. കയർ ഇൻകുബേഷൻ സെല്ലും ഇന്നോവേഷൻ ഫണ്ടും ഇതോടൊപ്പം സ്ഥാപിക്കും.

കോട്ടയത്തെ പ്രിയദർശനി സഹകരണ സ്പിന്നിങ് മില്ലിന്റെ നവീകരണത്തിനു മൂന്നു കോടിയും അമയന്നൂരിലെ ഇന്റഗ്രേറ്റഡ് പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നവീകരണത്തിന് ഒരു കോടിയും വകയിരുത്തി. ഖാദി ബോർഡിന് 13.31 കോടി ലഭിക്കും

ക്ലസ്റ്ററുകളിലെ മൈക്രോ-ചെറുകിട സംരംഭങ്ങൾക്കു ഗുണനിലവാര സർട്ടിഫിക്കേഷൻ നേടുന്നതിനായി ഒരു ലക്ഷം രൂപ വരെ സബ്സിഡി നൽകും. സിഡ്കോയുടെ കീഴിൽ ഹൈടെക് സ്റ്റീൽ ഫർണീച്ചർ ഉത്പാദന യൂണിറ്റ് ആരംഭിക്കും. കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ ഓവർസീസ് ഇൻവെസ്റ്റ്മെന്റ് പ്രമോഷൻവിഭാഗം രൂപീകരിക്കും. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, ഇടുക്കി, കണ്ണൂർ എന്നിവിടങ്ങളിൽ ഇന്റഗ്രേറ്റഡ് ബിസിനസ് ഹബ്ബിനായി അഞ്ചു കോടി വകയിരുത്തി.

പൊതുമേഖലാ കമ്പനികളുടെ നവീകരണത്തിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമാക്കുന്നതിനായി മാർജിൻ മണി സർക്കാർ നൽകും. ഇതിനായി 15 കോടി അധികമായി വകയിരുത്തി. ബിസിനസ് ഇൻകുബേഷൻ സെന്ററുകൾക്കായി അഞ്ചുകോടി, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് ഹൈകോം ഗ്രൈൻഡിങ് മില്ലിനായി 1.15 കോടി, മലപ്പുറത്ത് ഇൻകെലിന്റെ നേതൃത്വത്തിൽ കാൻസർ സെന്ററിനായി ഒരു കോടി, ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനായി രണ്ടു കോടി എന്നിവയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കോഴിക്കോട് സൈബർ പാർക്കിൽ നാലു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള പുതിയ കെട്ടിടം നിർമിക്കും. വിദ്യാർഥികളെ തൊഴിൽദാതാക്കളായി വളർത്തുന്നതിനായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഇന്നൊവേഷൻ സോണിന് 15 കോടി വകയിരുത്തി. കോട്ടയം വലവൂർ ഇന്ത്യൻ ഇൻഫർമേഷൻ ടെക്നോളജിയും ഇൻഫോ പാർക്കും സ്ഥാപിക്കുന്നതിന് 65 കോടി വകയിരുത്തി. ഐ.സി.ടി. അക്കാദമിക്ക് രണ്ടു കോടി, ഐ.ടി മിഷന് കെട്ടിടം നിർമിക്കാൻ 16 കോടി എന്നിവയും വകയിരുത്തി.

പച്ചക്കറി, പൂക്കൾ, പഴവർഗങ്ങൾ എന്നിവയുടെ ഉത്പാദനശേഷി വർധിപ്പിക്കാൻ സാങ്കേതികവിദ്യ പരിചയപ്പെടുത്തും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തി. നിറവ് പദ്ധതി 30 നിയോജകമണ്ഡലങ്ങളിലേക്കുകൂടി വ്യാപിപ്പിക്കും. പച്ചക്കറിക്കൃഷി വികസനത്തിന് 62.25 കോടി രൂപ വകയിരുത്തി. 1000 ഗ്രീൻ ഹൗസുകൾ നിർമിക്കാൻ സാമ്പത്തിക സഹായം നൽകും. ഹൈടെക് ഫാമിങ് വ്യാപിപ്പിക്കാൻ 12 കോടി രൂപ വകയിരുത്തി. കൃഷിഭവൻ വഴിയുള്ള പച്ചത്തേങ്ങ സംഭരണം എല്ലാ കൃഷിഭവനുകളിലേക്കും വ്യാപിപ്പിക്കും. നെൽക്കൃഷി വികസനത്തിന് 50 കോടിരൂപ.

## ജില്ലാ ആസ്ഥാനങ്ങളിൽ മൊബിലിറ്റി ഹബ്ബ്

ജില്ലാ ആസ്ഥാനങ്ങളിൽ വൈറ്റില മാതൃകയിൽ മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിക്കും.



## ഊർജ സംരക്ഷണം

സംസ്ഥാനത്തെ ജലാശയങ്ങളിൽ ഫ്ളോട്ടിങ് സൗരോർജ പദ്ധതികൾ ആരംഭിക്കും. മീങ്കര, ചുള്ളിയാർ ജലാശയങ്ങളിൽ നിന്ന് 20 മെഗാവാട്ട് ഉത്പാദിപ്പിക്കാൻ 20 കോടി വകയിരുത്തി. റൂഫ് സൗരോർജ സംവിധാനം വഴി ഗ്രിഡിലേക്ക് നൽകുന്ന ഓരോ യൂണിറ്റിനും ഒരു രൂപ സബ്സിഡി നൽകും.

ഓരോ കിലോവാട്ട് ശേഷിയുള്ള 25,000 സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ 15 കോടി വകയിരുത്തി. സൗരോർജ പാനലുകളുടെ നിർമാണ-സംയോജന വ്യവസായം വളർത്തിയെടുക്കാൻ വ്യവസായ പാർക്ക് സ്ഥാപിക്കും.



## മഴവെള്ള, ഉറവിട മാലിന്യസംസ്കരണം നിർബന്ധം

പുതുതായി നിർമിക്കുന്ന 2000 ചതുരശ്ര അടിയിൽ കൂടുതലുള്ള വീടുകളോടനുബന്ധിച്ച് മഴവെള്ള സംഭരണവും ഉറവിടമാലിന്യ സംസ്കരണവും നിർബന്ധമാക്കും. സൗരോർജമുൾപ്പെടെ നിർദിഷ്ട അളവിലും രീതിയിലും ഇവ സജ്ജീകരിക്കുന്നവർക്ക് ഒറ്റത്തവണ കെട്ടിടനികുതിയിൽ 50 ശതമാനം ഇളവ്. ■

ഡോ. മേരി ജോർജ്

## കേന്ദ്ര ബജറ്റ് 2013-14

# മാന്ദ്യമകറ്റാനുള്ള പരിശ്രമം



കേന്ദ്ര ബജറ്റിലെ പ്രധാന ധനസൂചകങ്ങൾ പരിശോധിക്കുമ്പോൾ ആഗോളമാന്ദ്യത്തിന്റെ അലയൊലികൾ ഒളിഞ്ഞും തെളിഞ്ഞും കാണാം. നികുതി, നികുതിയിതര വരുമാനങ്ങളുടെ വളർച്ചാനിരക്കിലുള്ള ചാഞ്ചാട്ടം ഇതാണ് കാണിക്കുന്നത്. പദ്ധതി ചെലവുകളിലും പദ്ധതിയിതര ചെലവുകളിലും ഈ ചാഞ്ചാട്ടസ്വഭാവം കാണുന്നു. ഈ ചാഞ്ചാട്ടം പദ്ധതി ചെലവുകളുടെ ഗുണം, സ്വഭാവം എന്നിവയെ പ്രതികൂലമായി ബാധിക്കും. ഇതിന്റെ അനുരണനങ്ങൾ നീറിപ്പടർന്നതുകൊണ്ടാണ് 2012-13 ആയപ്പോഴേക്കും വ്യാവസായികമേഖല മാന്ദ്യത്തിന്റെ പിടിയിലമർന്നത്. എന്നിട്ടും 2013-14 ബജറ്റിൽ പദ്ധതി ചെലവിൽ 6.5 ശതമാനം വർധനവുമാത്രമാണ് കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്താലുള്ളത്. ഈ ബജറ്റുകൊണ്ട് ഇന്നു നിലവിലിരിക്കുന്ന വ്യാവസായിക മാന്ദ്യത്തിന് പരിഹാരമുണ്ടാവും എന്ന് വിശ്വസിക്കുക ബുദ്ധിമുട്ടായിരിക്കും.

ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന മധ്യകാല ധനനയമനുസരിച്ച് 2016-17 ആകുമ്പോഴേക്ക് റവന്യൂ കമ്മി മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ (ജി.ഡി.പി.) 1.5 ശതമാനവും ധനകമ്മി മൂന്നു ശതമാനവും ആക്കുകയാണ് ലക്ഷ്യമെന്നിരിക്കെ ഇത്തവണ വേണമെങ്കിൽ ധനകമ്മി കുറച്ചുകൂടി ഉയർത്തിനിർത്തി പദ്ധതിച്ചെലവ് വർധിപ്പിക്കാമായിരുന്നു. എന്നാൽ നിലവിലിരിക്കുന്ന ഉയർന്ന ഉപഭോക്തൃ വിലനിലവാരം ഇതിൽനിന്ന് ധനമന്ത്രിയെ പിന്തിരിപ്പിച്ചിരിക്കണം. വിഭവസമാഹരണം കാര്യക്ഷമമാക്കി നികുതി, നികുതിയിതര വരുമാന വളർച്ച തീവ്രമാക്കി, സമ്മർദം കൂടാതെ തന്നെ മധ്യകാല ധനനയത്തിന്റെ ലക്ഷ്യത്തിലെത്തിച്ചേരാവുന്നതേയുള്ളൂ.

വിഭവ വിതരണം സംസ്ഥാനാന്തര അസന്തുലിതാവസ്ഥ വർധിപ്പിക്കുമെന്ന വലിയ പോരായ്മ മാറ്റിവെച്ചാൽ ബജറ്റ് കാലികപ്രശ്നങ്ങൾക്ക് പരിഹാരം തേടാനുള്ള കടുത്ത ശ്രമമാണെന്ന് മനസ്സിലാവും. യു.പി.എ ഒന്നും രണ്ടും സർക്കാരുകൾ തുടങ്ങിവെച്ച ഫ്ളാഗ്ഷിപ്പ് പദ്ധതികളൊക്കെ ഗ്രാമതലങ്ങളിലും ദരിദ്രവിഭാഗങ്ങളിലും സാമ്പത്തിക സാമൂഹികമാറ്റങ്ങൾക്ക് വേഗം കൂട്ടാൻ പോന്നതാണ്. എന്നാൽ ആ പദ്ധതികൾക്കായി നീക്കിവെച്ചിരിക്കുന്ന തുകയിൽ ആശാവഹമായ വർധനവില്ലെന്നുള്ളത് ശ്രദ്ധേയമാണ്.

കൃഷിയെ അവഗണിച്ചിട്ടില്ലെന്നു മാത്രമല്ല പോയവർഷത്തേക്കാൾ 22 ശതമാനം കൂടുതലാണ് കൃഷിക്കായി നീക്കിവെച്ചിട്ടുള്ള തുക. കാർഷികമേഖലയ്ക്ക് വായ്പ നൽകാനായി നീക്കിവെച്ചിട്ടുള്ളത് ഏഴു ലക്ഷം കോടി രൂപയാണ്. ഈ തുക യഥാർഥ കർഷകരിലെത്തുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് അതതു സംസ്ഥാനങ്ങളുടെ ഉത്തരവാദിത്വമാണ്.

## വ്യവസായ മേഖലയുടെ പുനരുജ്ജീവനം

വിലക്കയറ്റം ഉണ്ടാക്കുന്ന നടപടികൾ, സാധാരണക്കാരന്റെ ചുമലിൽ വീഴുന്ന നികുതികൾ, ഫീസുകൾ തുടങ്ങിയവ അധികമൊന്നും ബജറ്റിലില്ല. എന്നാൽ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികളൊന്നുമില്ലെന്ന വിമർശനം കേൾക്കുന്നു. ഹ്രസ്വകാലത്ത് വിപണിയിൽ ഇടപെട്ട് വില കുറയ്ക്കാനാണ് ഭക്ഷ്യസുരക്ഷാ ബിൽ. ബജറ്റിൽ വ്യവസായത്തിന് പ്രാധാന്യം കൊടുക്കാനുണ്ടായ പരമപ്രധാനകാരണംതന്നെ വിലക്കയറ്റത്തിന് മൂക്കുകയറിടുകയെന്ന ലക്ഷ്യമാണ്. ഈ അടുത്തകാലത്ത് ഇന്ത്യയിലുണ്ടാവുന്ന വിലക്കയറ്റത്തിന് സാമ്പത്തിക വിശാരദർ നൽകുന്ന വിശദീകരണം പ്രദാനം കുറഞ്ഞും ചോദനം കൂടിയും ഇരിക്കുന്നതുകൊണ്ടാണെന്നാണ്. ചോദനം കൂടാനുണ്ടായ കാരണമെന്താണ്? യു.പി.എ സർക്കാർ കൊണ്ടുവന്ന ഫ്ളാഗ്ഷിപ്പ് പദ്ധതികളും മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പുപദ്ധതിയുമാണ് താഴെത്തട്ടിലുള്ളവരുടെ വരുമാനം വർധിപ്പിച്ച് ചോദന വർധനവിന് വഴിതെളിച്ചത്. തത്തുല്യമായ പ്രദാന വർധനവ് ഉണ്ടാകാതെ പോയതിന്റെ മുഖ്യകാരണം ആഗോളമാന്ദ്യം തന്നെ. മാന്ദ്യം കയറ്റുമതിയെ സാരമായി ബാധിച്ചു. ഇറക്കുമതി കുറഞ്ഞില്ലെന്നു മാത്രവുമല്ല വൻ കുതിച്ചുകയറ്റം തന്നെ നടത്തുകയുമുണ്ടായി. തന്മൂലം ഉരുത്തിരിഞ്ഞ കരന്റ് എക്കൗണ്ട് കമ്മി അപകടകരമായ തലത്തിലേക്ക് ഉയരുകയും ചെയ്തു. ആഭരണത്തിനും നിക്ഷേപത്തിനുമായി സ്വർണം ഇറക്കുമതി വർധിച്ചുവരികകൂടി ചെയ്തപ്പോൾ സി.എ.ഡി പ്രവചനാതീതമായി ഉയർന്നു. വിലക്കയറ്റവും

ബജറ്റിൽ വ്യവസായത്തിന് പ്രാധാന്യം കൊടുക്കാനുണ്ടായ പരമപ്രധാനകാരണംതന്നെ വിലക്കയറ്റത്തിന് മൂക്കുകയറിടുകയെന്ന ലക്ഷ്യമാണ്. ഈ അടുത്തകാലത്ത് ഇന്ത്യയിലുണ്ടാവുന്ന വിലക്കയറ്റത്തിന് സാമ്പത്തിക വിശാരദർ നൽകുന്ന വിശദീകരണം പ്രദാനം കുറഞ്ഞും ചോദനം കൂടിയും ഇരിക്കുന്നതുകൊണ്ടാണെന്നാണ്

രൂക്ഷമായി. അത്തരം പശ്ചാത്തലത്തിലാണ് ചിദംബരം ഈ ബജറ്റ് അവതരിപ്പിച്ചത്. വ്യവസായമേഖലയ്ക്ക് അതുകൊണ്ടുതന്നെ ഊന്നൽ നൽകുകയും ചെയ്തു. ഇതിൽ രണ്ടു ലക്ഷ്യങ്ങൾ കേന്ദ്രത്തിനുണ്ട്. ഒന്നാമതായി, വ്യാവസായിക സാധന, സാമഗ്രികൾ കൂടുതലായി വിപണിയിലെത്തുമ്പോൾ വിലകൾ താഴാൻ തുടങ്ങും. രണ്ടാമതായി, ആഗോളമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ മാന്ദ്യത്തിലായിരിക്കുന്ന വ്യവസായമേഖലയെ പുനരുജ്ജീവിപ്പിക്കുക. കാർഷികമേഖലയുടെ ഉണർവും ഈ ലക്ഷ്യപ്രാപ്തിയിലേക്ക് നയിക്കും. ഇത് രണ്ടും നേടിയെടുക്കാനായാൽ സി.എ.ഡി. പ്രശ്നം, രൂപയുടെ മൂല്യശോഷണം എന്നിവയും പരിഹൃതമാവും.

## വനിതാപക്ഷ ബജറ്റിങ്

1996-97 ലാണ് ചിദംബരം ജൻഡർ ബജറ്റ് ആദ്യമായി കൊണ്ടുവരുന്നത്. പൊതുമേഖലയിൽ വനിതകൾക്കുമാത്രമായി ഒരു ബാങ്ക് എന്ന ആശയം കേരളത്തിലെ സ്വയംസഹായസംഘങ്ങളുടെ ലഘു നിക്ഷേപ പദ്ധതിയിൽ നിന്നാണ് ഉയിർകൊണ്ടതെന്ന് അദ്ദേഹം തുറന്നുപറഞ്ഞിരിക്കുന്നു. ഈ ബാങ്കിനായി നീക്കിവെച്ചിരിക്കുന്ന 1000 കോടി രൂപ ഇന്ത്യയിൽ സ്ത്രീ ശാക്തീകരണം ത്വരിതപ്പെടുത്തുമെന്നതിൽ രണ്ടഭിപ്രായമുണ്ടാവാൻ സാധ്യതയില്ല. എന്തിനാണ് സ്ത്രീകൾക്കു മാത്രമായി ഒരു ബാങ്ക്? വനിതകൾ - പ്രത്യേകിച്ചും ദരിദ്ര വനിതകൾ - സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് പിന്തള്ളപ്പെട്ട് രണ്ടാംതരം പൗരരായി കഴിയുന്നവരാണ്. സ്വയം സഹായ സംഘങ്ങളിലെ വനിതകൾ അവരുടെ സഞ്ചിതനിധിയുടെ പിൻബലത്തിലാണ് വായ്പയ്ക്കായി എത്തുന്നതെങ്കിലും ബാങ്കുകൾ തടസ്സവാദങ്ങൾ നിരത്തി അവരെ ബുദ്ധിമുട്ടിക്കും. അവർ പാട്ടകൃഷിക്കെടുക്കുന്ന വായ്പ പോലും വ്യവസായ വിഭാഗത്തിൽപ്പെടുത്തി ഒൻപതു

### കേന്ദ്ര ബജറ്റിലെ പ്രധാന ധനസൂചകങ്ങൾ
### 2009 – 10 മുതൽ 2013 – 14 വരെ (കോടിയിൽ)

| നമ്പർ | വർഷം | റവന്യൂ വരുമാനം | നികുതി വരുമാനം | നികുതിയിതര വരുമാനം | മൊത്തം ചെലവ് | പദ്ധതി ചെലവ് | പദ്ധതിയിതര ചെലവ് | ധനകമ്മി ജി.ഡി.പി. ശതമാനത്തിൽ | റവന്യൂ കമ്മി ജി.ഡി.പി. ശതമാനത്തിൽ |
|---|---|---|---|---|---|---|---|---|---|
| 1. | 2009 – 10 | 5,75,458 | 4,59,444 | 1,16,014 | 10,18,526 | 3,02,199 | 7,16,327 | 6.3 | 5.1 |
| 2. | 2010 – 11 | 7,88,471 (37.0) | 5,69,869 (24.03) | 2,18,602 (88.4) | 11,97,328 (17.55) | 3,79,029 (25.4) | 8,18,299 (14.2) | 4.8 | 3.2 |
| 3. | 2011 – 12 | 7,51,437 (-4.7) | 6,29,765 (10.5) | 1,21,672 (-44.3) | 13,04,365 (8.9) | 4,12,375 (8.8) | 8,91,990 (9.0) | 5.7 | 4.4 |
| 4. | 2012 – 13* | 8,71,828 (16.02) | 7,42,115 (17.8) | 1,29,713 (6.6) | 14,30,825 (9.7) | 5,21,025 (26.35) | 9,69,900 (8.73) | 5.2 | 3.9 |
| 5. | 2013 – 14** | 10,56,331 (21.2) | 8,84,078 (19.13) | 1,72,252 (32.70) | 16,65,297 (16.38) | 5,55,322 (6.5) | 11,09,975 (14.4) | 4.8 | 3.3 |

* പുതുക്കിയ മതിപ്പ് ചെലവ്

** ബജറ്റ് മതിപ്പ് ചെലവ് (ബ്രാക്കറ്റിൽ മുൻവർഷത്തേതിൽ നിന്നുള്ള വ്യത്യാസം) (ശതമാനത്തിൽ)



മുതൽ 13 ശതമാനം വരെ പലിശ ഈടാക്കും ഇതുപോലെ ഒരു ബാങ്കുണ്ടാവുമ്പോൾ പ്രത്യേകിച്ചും അത് പൊതുമേഖലയിലാവുമ്പോൾ സ്ത്രീ സൗഹൃദനയങ്ങൾ കൊണ്ടുവരാനും നടപ്പാക്കാനും എളുപ്പമുണ്ടാകും. ഇങ്ങനെ സൗകര്യമായി വായ്പ ലഭ്യമായാൽ സ്ത്രീ സ്വയംസഹായ സംഘങ്ങളുടെ വകയായുള്ള സൂക്ഷ്മമായ സംരംഭങ്ങളുടെ ഒരു വേലിയേറ്റമുണ്ടാവാം. ഇത് ഗ്രാമീണ മേഖലയുടെ സമഗ്രവളർച്ചയ്ക്കും സ്ത്രീ ശാക്തീകരണത്തിനും കാരണമാവും. കുട്ടികളിലും സ്ത്രീകളിലുമുള്ള പോഷകാഹാര ദാരിദ്ര്യം ഉച്ചാടനം ചെയ്യാനും ഈ മുന്നേറ്റം സഹായിക്കും.

നിർഭയ പദ്ധതി (1000 കോടി) സ്ത്രീസുരക്ഷ ലാക്കാക്കിയുള്ള ഒരു ചുവടുവെപ്പാണ്. ഏതു പ്രായത്തിലും ഏതു സമയത്തും ഏതു ഭാഗത്തുനിന്നും സ്ത്രീ ആക്രമിക്കപ്പെടാം എന്ന അവസ്ഥയാണ് നിലവിലുള്ളത്. ഡൽഹി സംഭവം ഇളക്കിവിട്ട യുവജന മുന്നേറ്റമാണ് ഇത്തരം ഒരു നടപടിയിലേക്ക് നയിച്ചത്. വിശദാംശങ്ങൾ തയാറാക്കിയശേഷം വനിതാ സംഘടനകളുടെ അഭിപ്രായങ്ങൾക്കു വിടും എന്നു പ്രത്യാശിക്കാം.

മുകളിൽ ചൂണ്ടിക്കാട്ടിയവ കൂടാതെ വനിതാബന്ധിത പദ്ധതികൾക്കു മാത്രമായി 97,134 കോടി രൂപ മാറ്റിവെച്ചിരിക്കുന്നു. ഇത് പദ്ധതിച്ചെലവിന്റെ 17.5 ശതമാനവും മൊത്തം ചെലവിന്റെ 5.8 ശതമാനവും ആണെന്നുകാണാം. കൂടാതെ തൊഴിലുറപ്പ് പദ്ധതിക്കായി വകകൊള്ളിച്ചിരിക്കുന്ന 33,000 കോടിയുടെ 90 ശതമാനം ഗുണഭോക്താക്കളും സ്ത്രീകളാണ്. ഐ.സി.ഡി.എസ്. പദ്ധതി, ഫ്ളാഗ്ഷിപ് പദ്ധതി ഇവയൊക്കെയും ഗ്രാമീണ വനിതകളുടെ

> വനിതാബന്ധിത പദ്ധതികൾക്കു മാത്രമായി 97,134 കോടി രൂപ മാറ്റിവെച്ചിരിക്കുന്നു. ഇത് പദ്ധതിച്ചെലവിന്റെ 17.5 ശതമാനവും മൊത്തം ചെലവിന്റെ 5.8 ശതമാനവും ആണെന്നുകാണാം. കൂടാതെ തൊഴിലുറപ്പ് പദ്ധതിക്കായി വകകൊള്ളിച്ചിരിക്കുന്ന 33,000 കോടിയുടെ 90 ശതമാനം ഗുണഭോക്താക്കളും സ്ത്രീകളാണ്

കൂടി ഉന്നമനം സാക്ഷാത്കരിക്കുന്നവയാണ്.

## വിഭവസമാഹരണം

ആരെയും നൊമ്പരപ്പെടുത്താതെ, അതേസമയം പുതിയ നികുതിമേഖലകൾ കണ്ടെത്താൻ ശ്രമം പോലും നടത്താതെ ചിദംബരം കിട്ടുന്നതുമതി എന്ന തീരുമാനത്തിലെത്തിയതായി തോന്നുന്നു. വരുമാനനികുതിദായകരിൽ ഏറ്റവും താഴേത്തട്ടിലുള്ളവർക്ക് 2000 രൂപയുടെ ആശ്വാസം നൽകാൻ തയാറായപ്പോൾ അതിധനിക ഗണത്തിൽപ്പെടുന്നവരിൽ നിന്ന് നാമമാത്ര നികുതി ഈടാക്കുകവഴി 42,800 കോടി സംഭരിക്കുകയും ചെയ്തിരിക്കുന്നു.

## കേരളത്തിന് കിട്ടിയത്

കേരളത്തിൽ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 69-70 ശതമാനത്തോളം വരുന്നത് സേവനമേഖലയിൽ നിന്നാണ്. എന്നാൽ ഈ മേഖലയിലെ ഭൂരിഭാഗം നികുതികളും പിരിച്ചെടുക്കാനുള്ള അവകാശം കേന്ദ്ര സർക്കാരിനാണ്. ഇത് കേരളത്തിന്റെ റവന്യൂ വരുമാനത്തെ സാരമായി ബാധിക്കാറുണ്ട്. കേന്ദ്രവിഹിതം വീതംവെക്കുമ്പോൾ കേരളമോഡൽ വികസനം പാരയായിമാറാറുണ്ട്. മുകളിൽ പറഞ്ഞ രണ്ടു ഘടകങ്ങളും മൂലം കേന്ദ്രവിഹിതത്തിൽ നിന്ന് അർഹമായത് കേരളത്തിന് ലഭ്യമാവാറില്ല. ഇത്തവണ ലഭ്യമായവയുടെ പട്ടിക താഴെ.

### 2013-14 ൽ കേരളത്തിന് ലഭിക്കാൻ പോകുന്നത്

| ഇനം | തുക കോടിയിൽ |
|---|---|
| കേന്ദ്രനികുതി പങ്ക് (ഇത് പോയവർഷത്തേതിലും 1303.14 കോടി അധികമാണ്) | 8,143.79 |
| കൊച്ചി മെട്രോ | 130.00 |
| നാളികേരവികസനം | 75.00 |
| എഫ്.എ.സി.ടി. | 211.43 |
| കൊച്ചി, ഷിപ്യാർഡ് | 93.50 |
| ഇടുക്കി/കുട്ടനാട് ഡയറി പാക്കേജ് | 10.00 |
| തേയില ബോർഡ് | 179.00 |
| കോഫി ബോർഡ് | 131.00 |
| റബർ ബോർഡ് | 167.51 |
| സ്പൈസസ് ബോർഡ് | 104.35 |
| വല്ലാർപാടം റോഡ് | 30.00 |
| സി.ഇ.പി.ഇ.സഡ്. | 6.80 |



■ രമേഷ്കുമാർ വെള്ളമുണ്ട

# വയനാടിന്റെ വികസനവഴിയിലൂടെ ഒരു യാത്ര

വയനാടിന്റെ നാട്ടുവഴികൾ തുടങ്ങുന്ന കാട്ടിമലയിലെ ചെറിയ ഗ്രാമത്തിൽ നിന്നാണ് സംസ്ഥാന മന്ത്രി പദവിയിലേക്ക് പി. കെ. ജയലക്ഷ്മി നടന്നുകയറിയത്. നിയമസഭയുടെ ബഹളമയമായ അകത്തളങ്ങൾ മുതൽ നാടിന്റെ നാനാതരം കാര്യങ്ങളുമായി തിരക്കുപിടിച്ച ദിനങ്ങൾ. ഇതിനിടയിലും പാലോട് തറവാട്ടിൽ സന്ദർശകർ ഒഴിഞ്ഞ നേരമില്ല. അപേക്ഷകളും നിവേദനവുമായി എത്തുന്നവർക്കെല്ലാം മന്ത്രി ഭവനത്തിന്റെ വാതിലുകൾ തുറന്നിട്ടിരിക്കുന്നു. സാധാരണ കുടുംബത്തിൽ നിന്നും നാടിന്റെ വേനദയറിയുന്ന സ്വന്തം നാട്ടുകാരിയെ വയനാടിന് മന്ത്രിയായി ലഭിക്കുമ്പോൾ അത് മറ്റൊരധ്യായമായി. കേരള ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ വനിതാമന്ത്രിയെന്ന റെക്കോർഡും സ്വന്തമാകുന്നു. 40 പേരടങ്ങുന്നതാണ് പാലോട്ട് തറവാട്. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ അച്ഛനും അമ്മാവനും മരുമക്കളുമൊക്കെ അടങ്ങുന്ന കുടുംബം. കുറിച്യത്തറവാടിന്റെ മഹിമ ഇന്നും ചോരാത്ത ഈ തറവാടിനു മന്ത്രിഭവനപദവി ഇന്നൊരു അലങ്കാരമാണ്.

ത്രിതല പഞ്ചായത്തിൽ ജനപ്രതിനിധിയായതിന്റെ മാത്രം അനുഭവത്തിൽനിന്നാണ് പ്രധാന ചുമതലകളുള്ള മന്ത്രിപദവി പി.കെ. ജയലക്ഷ്മി ഏറ്റെടുക്കുന്നത്. ഇന്ന് കേരളമറിയുന്ന ഭരണനേതൃത്വത്തിലെത്തിയപ്പോൾ ചുമതലകൾ വിശാലമായി. ആദിവാസികളുടെ ജീവിതപുരോഗതി മുതൽ യുവജനക്ഷേമം വരെ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ ചിട്ടയോടെ മുന്നേറുന്നു. തലക്കൽ ചന്തുസ്മാരകം തുടങ്ങി യാഥാർഥ്യമായത് നാടിന്റെ ദീർഘകാല ആവശ്യങ്ങൾ ഓരോന്നായിരുന്നു. സന്തം വകുപ്പുകൾക്കപ്പുറത്ത് വയനാടെന്ന പിന്നാക്ക ജില്ലയ്ക്ക് സമഗ്രവികസനമാണ് ലക്ഷ്യം. ആദിവാസികൾ ഏറ്റവും കൂടുതലുള്ള വയനാട്ടിൽ നിന്നുംതുടങ്ങി സംസ്ഥാനത്തിന്റെ ഇതര കോണുകളിലേക്ക് നീളുന്ന വികസന ചിന്തയാണ് ഇതിനാധാരം.



മന്ത്രി പി.കെ. ജയലക്ഷ്മി

തികച്ചും കാരുണ്യം അർഹിക്കുന്ന ജന വിഭാഗമായ ആദിവാസികൾക്ക് കിടപ്പാടവും ഭൂമിയും ഉറപ്പാക്കുന്ന പദ്ധതികൾ അവസാനഘട്ടത്തിലാണ്. വനവാസികളുടെ ജീവിതസുരക്ഷയും വിദ്യാഭ്യാസവും ഇന്നും പ്രതിസന്ധികളാവുന്ന മേഖലകളിൽ പ്രത്യേക ശ്രദ്ധയുണ്ട്. ഏറെ താമസിയാതെ ഇവരെയെല്ലാം വെളിച്ചത്തേക്ക് കൈപിടിച്ചുയർത്താൻ കഴിയുമെന്നാണ് പ്രത്യാശ.

സംസ്ഥാനത്ത് ആദിവാസി വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് കൂടുതലാണ്. പഠന സാഹചര്യത്തിൽ മാറ്റം അനിവാര്യമാണ്. ആദിവാസി വിദ്യാർഥികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ വ്യാപനം ഇതിനൊരു പരിഹാരമാകും. വയനാട്ടിൽ നിന്നും തുടക്കമിടുന്ന ഈ പദ്ധതിയും മാതൃകാപരമാവുകയാണ്. ഉപരിപഠനത്തിന് ഗ്രാന്റും ലാപ്ടോപ്പും സ്കൂൾ വിദ്യാർഥികൾക്ക് സൈക്കിളും നൽകി ആദിവാസി മേഖലയെ ഉണർത്താനുള്ള പരിശ്രമങ്ങൾ വിഫലമാകുന്നില്ല.

സംസ്ഥാനത്ത് പുതിയൊരു യുവജന നയത്തിന് തുടക്കമിടാൻ യുവപ്രതിനിധിയെന്ന നിലയിൽ പി.കെ. ജയലക്ഷ്മി ഏറ്റെടുക്കുന്നത് വലിയൊരു ഉത്തരവാദിത്വമാണ്. ഉന്നംതെറ്റാത്ത അസ്ത്രവിദ്യയിൽ സ്വർണ മെഡൽ നേടിയ ആർജവത്തോടെ യുവജനനയത്തിന് രൂപരേഖയുണ്ടായി. തൊഴിൽ പരിശീലനത്തിനൊപ്പം യുവാക്കൾക്ക് സാഹസിക മേഖലയിലും സാന്നിധ്യമുണ്ടാക്കി. യുവജന കൂട്ടായ്മയ്ക്ക് പുതിയൊരു ദിശാബോധം കൈവരുമ്പോൾ ഈ മേഖലയും ഉണർവിലാണ്.

വർഷങ്ങളായി അവിവാഹിത അമ്മമാരും അരിവാൾ രോഗികളും അധികൃതരുടെ കനിവുതേടുന്നു. ആദിവാസികളായ 639 അരിവാൾ രോഗികൾക്ക് പ്രതിമാസം ആയിരം രൂപ നിരക്കിൽ പെൻഷൻ വിതരണം ചെയ്യുന്ന പദ്ധതി ആശ്വാസകരമായി. അവിവാഹിത അമ്മമാരുടെ പുനരധിവാസം വൈകാതെ നടപ്പാക്കുമെന്ന തീരുമാനത്തിലാണ്.

വികസനവും കരുതലും എന്നതാണ് സർക്കാർ മുന്നോട്ടുവെക്കുന്ന മുദ്രാവാക്യം. കരുതലോടെയുള്ള വികസനവും കരുതൽ നൽകേണ്ട പല ജനവിഭാഗങ്ങളും ആവശ്യങ്ങളുമുള്ള ഒരു ജില്ലയാണ് വയനാട്. വയനാടിന്റെ സമഗ്രവികസനത്തിന് സർക്കാർ വലിയ പ്രാധാന്യമാണ് കൊടുക്കുന്നത്. ജില്ലയുടെ കാര്യത്തിൽ ഏറ്റവും കരുതൽ വേണ്ട മേഖലയാണ് കൃഷി. കാർഷികരംഗത്ത് അടുത്തിടെ പലപ്രതിസന്ധികളും രൂപംകൊണ്ടത് നമ്മൾ കണ്ടതാണ്. ഇത് മറികടക്കാൻ ഹ്രസ്വകാല അടിസ്ഥാനത്തിൽ നിരവധി നടപടികൾ സർക്കാർ ഇതിനകം സ്വീകരിച്ചുകഴിഞ്ഞു. എന്നാൽ ദീർഘകാല അടിസ്ഥാനത്തിലും നടപടികൾ വേണ്ടതുണ്ട്. അതിലൊരു നടപടിയായാണ് ഇവിടെ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിതരണം ചെയ്യുന്നത്. കാർഷിക മേഖലയിൽ യന്ത്രവത്കരണം നടപ്പാക്കന്നത് ഉത്പാദന ചെലവ് കുറയ്ക്കാനും കൃഷി കൂടുതൽ കാര്യക്ഷമമാക്കാനും ഉപകരിക്കും. ഇത് വയനാടിന്റെ നട്ടെല്ലായ കാർഷികമേഖലയെ കൂടുതൽ സുസ്ഥിരമാക്കും. അടിസ്ഥാനസൗകര്യ വികസനരംഗത്ത് വലിയൊരു മുന്നേറ്റത്തിന് ഒരുങ്ങുകയാണ് വയനാട് ജില്ല. ഒരു സർക്കാർ മെഡിക്കൽ കോളേജ് തുടങ്ങുമെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. 1,500 കോടിയിൽ പരം രൂപ ചെലവിൽ അട്ടപ്പാടിയിലെ അഹാഡ്സ് മാതൃകയിൽ ജപ്പാൻ സഹായത്തോടെ നടപ്പാക്കുന്ന പട്ടികവർഗ വിഭാഗങ്ങൾക്കുള്ള വികസനപദ്ധതി ജില്ലയുടെ മുഖഛായ മാറ്റുമെന്ന് ഉറപ്പാണ്. അരിവാൾ രോഗികൾക്ക് ക്ഷേമപെൻഷൻ, ഊരുത്സവം തുടങ്ങി പട്ടികവർഗക്കാർക്ക് ഗുണംചെയ്യുന്ന നിരവധി ക്ഷേമപദ്ധതികൾക്ക് ജില്ലയിൽ തുടക്കമായിട്ടുണ്ട്. ജില്ലയുടെ സമഗ്രവികസനം സാധ്യമാക്കുന്നതിൽ രാഷ്ട്രീയ ഭേദം മറന്ന് എല്ലാ കക്ഷികളും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഒന്നിച്ച് നിൽക്കുമെന്നാണ് പ്രതീക്ഷയെന്ന് മന്ത്രി പി.കെ. ജയലക്ഷ്മി പറയുന്നു.



ഗോത്രജീവിതങ്ങൾക്ക് കൂടുതൽ കരുതൽ



# വികസനവഴിയിലെ നാഴികക്കല്ലുകൾ

- ശ്രീ ചിത്തിര മെഡിക്കൽ സെന്ററിന് പ്രാരംഭ നടപടികളായി
- വയനാട് മെഡിക്കൽ കോളേജിന് ബജറ്റിൽ തുക വകയിരുത്തി
- വയനാട് വിമാനത്താവളം യാഥാർഥ്യമാക്കാൻ ശ്രമം തുടങ്ങി
- ജില്ലാ ആശുപത്രിയിൽ രക്തഘടക വിഭജന യൂണിറ്റ് ആരംഭിച്ചു
- നല്ലൂർനാട് ആശുപത്രിയിൽ പാലിയേറ്റീവ് ക്ലിനിക് തുടങ്ങി
- വയനാട്ടിൽ എസ്.സി./എസ്.ടി കേസുകൾക്കായി പ്രത്യേക കോടതി
- കേരളത്തിൽ 500 പട്ടികവർഗ വനിതകൾക്ക് സ്വയം തൊഴിൽപദ്ധതിയുടെ ഭാഗമായി ഓട്ടോറിക്ഷ നൽകുന്നു
- പട്ടികവർഗക്കാർക്കായി പ്രത്യേക തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തി
- നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കോളനി റോഡുകൾ, പാലങ്ങൾ
- പട്ടികവർഗക്കാർക്കായി വയനാട്ടിൽ 1200 പുതിയ വീടുകൾ
- പ്രാക്തനഗോത്രവർഗ വിഭാഗക്കാർക്കായി 148 കോടിയുടെ പദ്ധതി
- പട്ടികവർഗ വിദ്യാർഥികൾക്ക് അന്താരാഷ്ട്ര ഗുണനിലവാരത്തോടുകൂടിയ വിദ്യാഭ്യാസം നൽകുന്നതിന് വിജ്ഞാൻ ഭാരതി
- പ്രിയദർശിനി ട്രാൻസ്പോർട്ട് സഹകരണ സംഘത്തിന് ദീർഘദൂര സർവീസുകൾക്കായി 70 ലക്ഷം രൂപ ചെലവിൽ രണ്ടു ലക്ഷറി ബസുകളും സ്പെഷ്യൽ സർവീസുകൾക്കായി ഒരു ടൂറിസ്റ്റ് ബസും നിരത്തിലിറക്കി
- യാത്രക്ലേശം നേരിടുന്ന ഗ്രാമപ്രദേശങ്ങളിലേക്ക് പുതിയ കെ.എസ്.ആർ.ടി.സി ബസ് സർവീസ്
- വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് അഞ്ചുകുന്നിൽ 66 കെ.വി. സബ്സ്റ്റേഷൻ
- പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വിതരണം തുടങ്ങി
- മാനന്തവാടി ഗവ. കോളേജിൽ മൂന്നു പതിറ്റാണ്ടിനു ശേഷം പി.ജി. കോഴ്സ്
- അരിവാൾ രോഗികൾക്ക് സാന്ത്വനമായി 1000 രൂപ പെൻഷൻ
- അവിവാഹിത അമ്മമാർക്ക് 1000 രൂപ പെൻഷൻ
- രോഗികൾക്ക് ആശ്വാസമായി വയനാട്ടിൽ പുതിയ ആംബുലൻസുകൾ
- പാലിയേറ്റീവ് ക്ലിനിക്കുകൾക്കായി എല്ലാ പഞ്ചായത്തുകളിലും പുതിയ ആംബുലൻസുകൾ
- വയനാട് ഗവ. എൻജിനീയറിങ് കോളേജിൽ 10 കോടി രൂപ ചെലവിൽ പുതിയ കെട്ടിടങ്ങൾ
- മാനന്തവാടി ഗാന്ധിപാർക്ക്, വെള്ളമുണ്ട, പനമരം എന്നിവിടങ്ങളിൽ ഹൈമാക്സ് പ്രകാശസംവിധാനം
- കംപ്രഷൻമുക്ക് – മലങ്കര റോഡ് 50 ലക്ഷം രൂപ ചെലവിൽ പൂർത്തിയാക്കി
- എച്ചോം ആയുർവേദ ആശുപത്രിക്ക് 25 ലക്ഷം രൂപ ചെലവിൽ പുതിയ കെട്ടിടം
- പി.എം.ജി.എസ്.വൈ. പദ്ധതിയിൽ റോഡു നിർമാണം
- മാനന്തവാടി മണ്ഡലത്തിൽ റോഡുകളുടെ ഒറ്റത്തവണ അറ്റകുറ്റപ്പണികൾക്കായി 1.20 കോടി
- നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ബൃഹത് പദ്ധതി
- പട്ടികവർഗ മേഖലകളിലെ ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് 32 കോടിയുടെ പദ്ധതി.
- വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ മൂന്നു കോടി രൂപയുടെ പദ്ധതി
- പട്ടികവർഗ വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട്ടിൽ 25 ലക്ഷം രൂപയുടെ സഹായധനം നൽകി



ഗോത്രായനം ദേശീയ ആദിവാസി കലാമേളയിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങൾ സമാഹരിച്ച് പട്ടികവർഗ ഊരുകളിൽ വികസന വെളിച്ചം എത്തിക്കുന്ന പദ്ധതി പ്രാവർത്തികമാക്കും. വയനാടിന്റെ ചുമതലയുള്ള മന്ത്രി എന്ന നിലയിൽ ചുരം ബദൽ റോഡിനായും അന്തർസംസ്ഥാന പാതയിലെ രാത്രിയാത്ര നിരോധനം നീക്കുന്നതിനായും ഇനിയും പരിശ്രമങ്ങൾ ആവശ്യമാണ്.

പിന്നാക്ക ജില്ലയെന്ന ഏറെക്കാലമായുള്ള വേവലാതികൾക്കാണ് ഇതോടെ മാറ്റം വരുന്നത്. എയർസ്ട്രിപ്, ശ്രീചിത്ര സെന്റർ, മെഡിക്കൽ കോളേജ് എന്നിവ വരുന്നതോടെ വയനാടിന്റെ സ്വപ്നങ്ങൾ പൂവണിയും. കാർഷിക മേഖലയിലെ പദ്ധതികളും നെല്ലുസംഭരണവും കർഷകർക്ക് നൽകുന്ന ആശ്വാസം ചെറുതല്ല. ശീതളമായ കാലാവസ്ഥയുടെയും സ്വാഭാവിക പ്രകൃതി സൗന്ദര്യത്തിന്റെയും സ്വന്തം നാടാണ് വയനാട്. വിനോദസഞ്ചാരത്തിന്റെ സാധ്യതകൾക്കും പുതിയ മാനങ്ങൾ നൽകാൻ ഇതിനകം കഴിഞ്ഞു. മലബാറിലെ ഏറ്റവും ഉത്തമ ടൂറിസ്റ്റുകേന്ദ്രമാക്കി വയനാടിനെ മാറ്റാനുള്ള ലക്ഷ്യമാണ് നിറവേറുന്നത്. ആതുരരംഗത്തും ആശ്വാസത്തിന്റെ തലോടലെത്തുമ്പോൾ ചികിത്സാ സൗകര്യങ്ങൾ തേടിയുള്ള വയനാട്ടുകാരുടെ യാത്രകൾക്ക് ഒരു പരിധിവരെ പരിഹാരമായി. റോഡ് വികസനം മുതൽ യൂത്ത് ഹോസ്റ്റൽ വരെയുള്ള 150 കോടി രൂപയുടെ പുതിയ പദ്ധതികൾ നാടിന്റെ മുഖചിത്രം മാറ്റിയെഴുതും. ■

■ ജി. ഉഷാകുമാരി

ലോക വനിതാദിനം : മാർച്ച് 8

# സമകാലിക സ്ത്രീജീവിതം കുടുംബത്തിലും സമൂഹത്തിലും



പുരുഷാധിപത്യം ചരിത്രപരമായ ഒരു സ്ഥിരരാശിയല്ല. നിർദിഷ്ട സാഹചര്യങ്ങൾക്കനുസൃതമായി അത് വ്യത്യസ്ത രൂപമാർജിക്കുന്നു. ഒരു നൂറ്റാണ്ടിനിടയിൽ കേരളം പിതൃമേധാവിത്ത വ്യവസ്ഥയുടെയും ആണധികാര സാമൂഹ്യ/കുടുംബവ്യവസ്ഥയുടെയും വിവിധരൂപങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. ഓരോ ഘട്ടത്തിലും ആൺകോയ്മ അതിന്റെ ആവിഷ്കാരങ്ങൾ വിപുലമാക്കുകയും ചെയ്തു.

സ്ത്രീനീതിയുടെയും ലിംഗസമത്വത്തിന്റെയും കാഴ്ചപ്പാടുകൾ കേരളത്തിന്റെ ഒരു നൂറ്റാണ്ടുകാലത്തെ സാമൂഹികവികാസത്തിന്റെ വിവിധഘട്ടങ്ങളിൽ ജനാധിപത്യം, മനുഷ്യാവകാശം, മതേതരത്വം, സോഷ്യലിസം തുടങ്ങിയ ആശയങ്ങൾക്കൊപ്പം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. എങ്കിൽത്തന്നെയും ഏറ്റവും അടിസ്ഥാനപരമായ ആവശ്യങ്ങളുടെ പേരിൽപ്പോലും സ്ത്രീകൾ സമരരംഗത്തേക്ക് എടുത്തെറിയപ്പെടുന്ന അവസ്ഥകളും കൂടിയുണ്ട്. രണ്ടുകൊല്ലം മുൻപ് കോഴിക്കോടു കേന്ദ്രീകരിച്ച് മിഠായിത്തെരുവിലെ സെയിൽസ്ഗേളുകളും തൊഴിലാളി സ്ത്രീകളുമെല്ലാം ചേർന്ന് നടത്തിയ മൂത്രപ്പുര സമരം ഓർക്കുക. വൈക്കം, ഗുരുവായൂർ സത്യാഗ്രഹങ്ങൾകഴിഞ്ഞ് ഒരു നൂറ്റാണ്ട് ആകാറായിട്ടും സ്വതന്ത്രമായ വഴിനടപ്പ് സ്ത്രീകൾക്ക് കൂടുതൽ അപ്രാപ്യമായിക്കൊണ്ടിരിക്കുന്നു. എന്നാൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും മറ്റ് അധികാരകേന്ദ്രങ്ങളിലും പൊതുമേഖലകളിലും സ്ത്രീകൾ മുമ്പെ

ന്നത്തെക്കാളുമധികം സ്വന്തം പ്രവർത്തന മേഖലകൾ കണ്ടെത്തുന്നുണ്ട്. ഗർഭകാലത്തെ ആരോഗ്യപരിചരണം, ശാസ്ത്രീയമായ കുടുംബാസൂത്രണ സംവിധാനങ്ങൾ, കുറഞ്ഞ മാതൃ-ശിശുമരണ നിരക്ക് എന്നീ കാര്യങ്ങളിൽ കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ഉയർന്ന വിദ്യാഭ്യാസനിലവാരം, മത്സരപ്പരീക്ഷകളിലെ ഉയർന്ന വിജയം, കല, സാഹിത്യം, സിനിമ തുടങ്ങിയ മേഖലകളിൽ വർധിച്ചുവരുന്ന സ്ത്രീസാന്നിധ്യം മുതലായവ കാണിക്കുന്നത് മലയാളി സ്ത്രീകളുടെ ഉയർന്ന ബൗദ്ധിക, സർഗാത്മകവിനിമയ/ആവിഷ്കാരശേഷിയെ ആണ്. ഇപ്രകാരം അങ്ങേയറ്റം സങ്കീർണവും വൈരുധ്യജടിലവുമാണ് സമകാലിക കേരളത്തിലെ സ്ത്രീയവസ്ഥ.

## പുരുഷകേരളം

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പൊതുവെ കേരളത്തിൽ സ്ത്രീപുരുഷന്മാർ ഇന്ന് ധ്രുവീകരിക്കപ്പെട്ട അകലങ്ങളിലാണ്. പുരുഷന്മാരുടേതായ ഒരു വിശാലലോകം. തൊഴിലിടങ്ങളിൽ നിന്നും സ്ത്രീകൾ വ്യാപകമായി പിൻവാങ്ങുന്നതോടെ കേരളീയസമൂഹം ഒരു പുരുഷലോകമായി മാറിക്കൊണ്ടിരിക്കുകയാണ്. ഗാർഹിക വൈവാഹികമൂല്യങ്ങൾ ആന്തരികവത്കരിച്ച സ്ത്രീയെ സംബന്ധിച്ചിടത്തോളം പൊതു ഇടം തികച്ചും അന്യമാണ്. ശിശുപരിപാലനം, ഗാർഹിക ജോലികൾ, പാചകം, ശുചീകരണം, വൃദ്ധശുശ്രൂഷ എന്നീ വീട്ടിടങ്ങളിൽ പുരുഷൻ ഇല്ലാത്തതുപോലെ തന്നെ ഉദ്യോഗേതരമായ മറ്റു പൊതുവിടങ്ങളിൽ സ്ത്രീയുമില്ല. ഉദ്യോഗം - വീട് എന്ന രണ്ടു ബിന്ദുക്കൾക്കിടയിലാണ് അവളുടെ പ്രാപഞ്ചിക സ്ഥലവിന്യാസം. വീട് അവളുടെ സ്വാഭാവികഗുണങ്ങൾക്ക് തികച്ചും അനുയോജ്യമായ ഇടമായി തിരിച്ചറിയപ്പെട്ടു. പൊതുവിടത്തിൽ കാണപ്പെട്ടാൽത്തന്നെയും സ്ത്രീകൾക്ക് എടുക്കേണ്ടിവരുന്ന മുൻകരുതലുകളും അധിക ബാധ്യതകളും ഫലത്തിൽ അവരെ ആന്തരികമായി ഗാർഹിക/സ്വകാര്യ ഇടങ്ങളിലേക്കു തന്നെ തിരിച്ചുവിടുകയാണുണ്ടായത്. വൈകിട്ടെന്താ പരിപാടി? എന്ന മോഹൻലാലിന്റെ ചോദ്യം കേരളപുരുഷസമുഹത്തോട് നേരിട്ടു സംവദിക്കുന്നതാണ്. ജീവിതത്തിന്റെ നാനാതുറകളിൽ നിന്നും ഗാർഹിക/വൈവാഹിക ഇടങ്ങളിലേക്കു പിൻവലിക്കപ്പെട്ട സ്ത്രീശരീരങ്ങൾ പൊതു ഇടത്തെ പുരുഷ ഇടങ്ങളാക്കി പരിവർത്തിച്ചു. വല്ലപ്പോഴുമെത്തുന്ന സ്ത്രീദൃശ്യതകൾ ശത്രുശരീരങ്ങളായോ ഇരകളായോ പരിചരിക്കപ്പെടുകയും ചെയ്യുന്നതിന്റെ സാക്ഷ്യങ്ങൾ എത്രയോ അധികമാണ്.

> സ്ത്രീകൾ പുറത്തിറങ്ങിയാൽത്തന്നെ കഴിയുന്നതും ഒന്നും കാണാതെയും കേൾക്കാതെയും സ്വന്തം ശരീരത്തെ വീട്ടിലെത്തിക്കാൻ തത്രപ്പെടുന്നു. വൈകിട്ട് ഏഴു മണിക്കുശേഷം പൊതുസ്ഥലത്ത് പുരുഷന്മാരുടെ തുണയില്ലാതെ കാണപ്പെടുന്ന സ്ത്രീയുടെ ഉത്തരവാദിത്വം പലതരത്തിലാണ്. താൻ അപഥസഞ്ചാരിണിയല്ലെന്നു തന്നെ തുറിച്ചു നോക്കുകയോ ഒളിഞ്ഞു നോക്കുകയോ ചെയ്യുന്നവരെ ബോധ്യപ്പെടുത്തേണ്ട ബാധ്യതയാണൊന്ന്.

ആൺകോയ്മയെ ഭൂമിയിലെങ്ങും വ്യാപിച്ചുകിടക്കുന്ന ഒരു ആദിമമതമായാണ് കെയ്റ്റ് മില്ലറ്റ് വിശേഷിപ്പിക്കുന്നത്. പ്രമുഖ മതങ്ങളും മറ്റെല്ലാ വിശ്വാസസമ്പ്രദായങ്ങളും ആൺകോയ്മയെന്ന ആദിമമതത്തിന്റെ അവാന്തരവിഭാഗങ്ങളാണെന്നും അവർ നിരീക്ഷിക്കുന്നു. ആണത്തമെന്നതിൽ നിലീനമായ കർമോന്മുഖതയും കാര്യപ്രാപ്തിയും തന്നെയാണ് പ്രത്യക്ഷമോ പരോക്ഷമോ ആയ അക്രമമായി പരിണമിക്കുന്നത്. പുരുഷശരീരത്തെയും അതിനോടു ബന്ധപ്പെട്ട ലൈംഗികപ്രവണതകളെയും ജീവശാസ്ത്രപരമായും മനഃശാസ്ത്രപരമായും മറ്റും വ്യാഖ്യാനിച്ചുകൊണ്ടുള്ള സ്ത്രീവിരുദ്ധവ്യവഹാരങ്ങൾ ഈ അക്രാമകതയെ സാധൂകരിക്കാറുണ്ട്. ഇപ്രകാരം അക്രമിയെന്നും വിധേയയെന്നുമുള്ള ആൺ-പെൺ ദ്വന്ദ്വങ്ങളിലെ വൈരുദ്ധ്യം സാമൂഹികജീവിതത്തിലൂടെയും സാഹിത്യം, സിനിമ തുടങ്ങിയ സാംസ്കാരിക പ്രയോഗങ്ങളിലൂടെയും ആവർത്തിച്ചുറപ്പിക്കപ്പെടുന്നു. ലൈംഗികതയിലെ കീഴടക്കൽ പുരുഷഗുണമായും വിധേയത്വം സ്ത്രീഗുണമായും സ്ഥിരീകരിച്ചുകൊണ്ടാണ് വ്യവസ്ഥാപിത സ്ത്രീപുരുഷബന്ധങ്ങൾ നിലനിൽക്കുന്നത്. അത്തരം അധികാര/പൗരുഷ പ്രകടനങ്ങളുടെയും കൂടി ഭാഗമാണ് മൂന്നു വയസ്സുകാരിയെപ്പോലും പിച്ചിക്കീറുന്ന സമകാലിക അവസ്ഥകൾ. സ്ത്രീയുടെ ഭാഗത്തു നിന്ന് ഏതെങ്കിലുമൊക്കെ അളവിലുള്ള പ്രത്യാക്രമണമോ പ്രതിരോധമോ ഉണ്ടായാൽത്തന്നെ അതു മേൽപ്പറഞ്ഞ ആക്രമണോത്സുകമായ പൗരുഷഗുണത്തെ ആളിക്കത്തിക്കുകയാണു ചെയ്യുക. തസ്നി ബാനുവിന്റെ കാര്യത്തിൽ സംഭവിച്ചതതാണ്. എന്തുകൊണ്ടെന്നാൽ പുരുഷാധികാരത്തിനെതിരായ ഭീഷണികളായാണവ മനസ്സിലാക്കപ്പെടുന്നത്.

## പൊതുസ്ഥലങ്ങളിലെ സ്ത്രീകൾ

തസ്നിയുടെ കാര്യത്തിൽ കൂടുതൽ പ്രകടമായ മറ്റുചില വിഷയങ്ങൾ കൂടി അന്തർഭവിച്ചിരിക്കുന്നു. പൊതുഇടം ആരുടേത് എന്നാണ് അതിലൊന്ന്. വളരെയധികം സ്വവർഗസാമൂഹികത(ഹോമോസോഷ്യൽ) അടിച്ചേൽപ്പിക്കപ്പെട്ട സമൂഹമായി കേരളം മാറിയിരിക്കുന്നു. ഏറ്റവും ഉയർന്ന ബൗദ്ധികജനാധിപത്യ മൂല്യങ്ങളുടെ ഇടങ്ങളിലും ഉന്നത ഔദ്യോഗികമേഖലകളിലും ഒക്കെത്തന്നെ ഇതാണവസ്ഥ. പുരുഷന്മാർ ഒന്നിച്ച് ചായകുടിക്കുകയും കുശലം പറയുകയും സിനിമാ ശാലകളിലും മദ്യശാലകളിലും പോവുകയും വിനോദവേളകൾ പങ്കിടുകയും ചെയ്യുന്നു. സ്ത്രീകൾ പുറത്തിറങ്ങിയാൽത്തന്നെ കഴിയുന്നതും ഒന്നും കാണാതെയും കേൾക്കാതെയും സ്വന്തം ശരീരത്തെ വീട്ടിലെത്തിക്കാൻ തത്രപ്പെടുന്നു. വൈകിട്ട് ഏഴു മണിക്കുശേഷം പൊതുസ്ഥലത്ത് പുരുഷന്മാരുടെ തുണയി





ല്ലാതെ കാണപ്പെടുന്ന സ്ത്രീയുടെ ഉത്തരവാദിത്വം പലതരത്തിലാണ്. താൻ അപഥസഞ്ചാരിണിയല്ലെന്നു തന്നെ തുറിച്ചുനോക്കുകയോ ഒളിഞ്ഞുനോക്കുകയോ ചെയ്യുന്നവരെ ബോധ്യപ്പെടുത്തേണ്ട ബാധ്യതയാണൊന്ന്. രണ്ട്, താൻ നേരം വൈകിയത് വളരെ യാദൃശ്ചികമായിട്ടാണെന്നും മനപൂർവമല്ലെന്നും അന്യരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. മറ്റൊന്നു കൂടിയുണ്ട്. തനിക്കു സഹായമോ പിന്തുണയോ ആയി പിന്നാലെ അടുത്തുകൂടുന്നവരെ വിരട്ടിയോടിക്കുകയോ കണ്ടില്ലെന്നു നടിച്ച് മാന്യമായി ഒഴിഞ്ഞു നിൽക്കുകയും കൂടി വേണം. സന്ധ്യകഴിഞ്ഞാൽ പൊതുഇടം എപ്രകാരം ഇങ്ങനെ മാറിമറിയുന്നു? പുറത്തിറങ്ങാൻ, കറങ്ങിനടക്കാൻ, പൊതുസ്ഥലത്ത് ഒന്നിച്ചുകൂടിനടന്നു സൊറപറയാൻ, ആശയങ്ങൾ പങ്കുവെക്കാൻ, രാഷ്ട്രീയം പറയാൻ, പരസ്പരം കലഹിക്കാൻ, ഒന്നിച്ച് ഭക്ഷണശാലകളിലും വിനോദശാലകളിലും പോകാൻ ഒന്നും ആഗ്രഹമില്ലാഞ്ഞിട്ടാണോ സ്ത്രീകൾ ഇത്രവേഗം സന്ധ്യ ആകുമ്പോഴേക്കും വിയർത്തുകുളിച്ച് വീണടയുന്നത്? സ്ത്രീകളുടെ സുരക്ഷയെന്നത് പൊതുപ്രശ്നമേ അല്ലാതായിരിക്കുന്നു. സ്വയം രക്ഷിക്കാൻ എല്ലാ സ്വാതന്ത്ര്യാവിഷ്കാരങ്ങളും വേണ്ടെന്നുവെച്ച് വീടിനുള്ളിൽ സ്വയം പൂട്ടിവെക്കാൻ സ്ത്രീകളെ നിർബന്ധിക്കുകയാണ് പരോക്ഷമായി മധ്യവർഗ ആൺകോയ്മ ചെയ്യുന്നത്.

### ആഗോളീകരണകാലത്തെ സ്ത്രീ

തൊഴിൽമേഖലയിലെയും മറ്റും സ്ത്രീജീവിതത്തിൽ ചില മാറ്റങ്ങൾ കാണാതിരുന്നുകൂടാ. ഇക്കാലത്ത് പുതിയ തൊഴി

> കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെയപേക്ഷിച്ച് ഏറെ പിന്നിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്റെ തോത് ഏറെ ഉയർന്നിരിക്കുന്ന സാഹചര്യത്തിലാണിതെന്ന് ഓർക്കണം. കേരളത്തിൽ വിദ്യാഭ്യാസം, തൊഴിൽ മികവ്, എന്നിവ പോലും സ്ഥാപനവത്കൃതമായ വിവാഹത്തിനു കീഴ്പ്പെട്ടിരിക്കുന്നു.

ലവസരങ്ങളും തൊഴിൽ മേഖലകളും രൂപം കൊണ്ടിട്ടുണ്ട്. ആഗോളതലത്തിൽ തൊഴിലിടങ്ങളിലെ സ്ത്രീശരീരങ്ങൾ ഒരു പൊതു ചിത്രീകരണമായും മാറിയിരിക്കുന്നു. പരമ്പരാഗതമായ രീതിയിൽ ഇതു സ്ത്രീശരീരത്തിന്റെ ചരക്കുവത്കരണം എന്നു വിലയിരുത്തപ്പെടാറുണ്ടെങ്കിലും ആഗോളീകരണത്തിന്റെ ഭാഗമായി തൊഴിലിടങ്ങളിൽ സ്ത്രീ നേടിയെടുത്ത കർതൃത്വത്തിന്റെ ഭാഗമായി ഇതിനെ കാണേണ്ടതുണ്ട്. ആഗോളതലത്തിൽ തന്നെ തൊഴിൽസേനയിൽ സ്ത്രീകൾ ഇടംപിടിക്കാൻതുടങ്ങിയിട്ടുണ്ട്. ഇത് സ്ത്രീകൾക്ക് വലിയ സാമൂഹികജീവിതത്തിന് ഇടം നൽകുകയും ചെയ്തിരിക്കുന്നു - തീർച്ചയായും മുതലാളിത്ത താത്പര്യങ്ങൾ അനുവദിക്കുന്നിടത്തോളം മാത്രമെങ്കിലും.

എന്നാൽ കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെയപേക്ഷിച്ച് ഏറെ പിന്നിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്റെ തോത് ഏറെ ഉയർന്നിരിക്കുന്ന സാഹചര്യത്തിലാണിതെന്ന് ഓർക്കണം. കേരളത്തിൽ വിദ്യാഭ്യാസം, തൊഴിൽ മികവ്, എന്നിവ പോലും സ്ഥാപനവത്കൃതമായ വിവാഹത്തിനു കീഴ്പ്പെട്ടിരിക്കുന്നു. ഉയർന്ന വിദ്യാഭ്യാസം നേടിയ സ്ത്രീ ആധുനിക കുടുംബവ്യവസ്ഥയിൽ കൂടുതൽ സ്ത്രീധനം നൽകേണ്ട അവസ്ഥയാണുള്ളത്. വിദ്യാസമ്പന്നയായ സ്ത്രീ അനുയോജ്യനായ വരനെ തേടുമ്പോൾ സ്വാഭാവികമായും വരന്റെ വിലയും കൂടുന്നു. സ്ത്രൈണമായി കരുതപ്പെടാത്ത തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് വിവാഹകമ്പോളത്തിൽ പ്രതികൂല സാഹചര്യം നേരിടേണ്ടിവരുന്നു.

വിദ്യാസമ്പന്നരായ ദമ്പതികൾക്കിടയിൽപ്പോലും സന്തതികളുടെ ജനനത്തോടെ സ്ത്രീയുടെ പദവി വീട്ടമ്മ എന്ന നിലയിലേക്കു താഴുന്നു. അമേരിക്കയിൽ സോഫ്ട്‌വെയർ മേഖലയിൽ ജോലിചെയ്യുന്ന ഒരേ വിദ്യാഭ്യാസവും ഒരേ തൊഴിൽ വൈദഗ്ധ്യവും സിദ്ധിച്ച ഇന്ത്യക്കാരായ ദമ്പതിമാർക്കിടയിൽപ്പോലും കുട്ടിയുടെ ജനനത്തോടെ ഭാര്യ തൊഴിൽ ഉപേക്ഷിച്ച് ഗാർഹികതയിലും ശിശുപരിപാലനത്തിലുമായി ഒതുങ്ങിക്കൂടുന്നുവെന്ന് നിവേദിതാ സെൻ ചൂണ്ടിക്കാണിക്കുന്നു. റോഡരികുകളിൽ സ്കൂൾ ബസ് കാത്തുനിൽക്കുന്ന വിദ്യാസമ്പന്നരായ വീട്ടമ്മമാർ കേരളത്തിലെ പതിവുദിനക്കാഴ്ചകളിലൊന്നാണ്.

ശിശുപരിപാലനം ആധുനിക കുടുംബങ്ങളിൽ സ്ത്രീവിരുദ്ധമായ അളവോളം സ്ഥാപനവത്കരിക്കപ്പെട്ടുകഴിഞ്ഞു. സ്ത്രീകളുടെ ഉയർന്ന വിദ്യാഭ്യാസം പോലും കുട്ടികളെ നോക്കുന്നതിനുള്ള അധികയോഗ്യതയായാണ് പരിഗണിക്കപ്പെടുന്നത്. കുട്ടികളെ ചുറ്റിപ്പറ്റിയുള്ള ജീവിതക്രമം കുടുംബവ്യവസ്ഥ സ്ത്രീകളിൽ അടിച്ചേൽപ്പിച്ചുകഴിഞ്ഞു. കൂട്ടുകുടുംബവ്യവസ്ഥയുടെ തകർച്ചയോടെ ശിശുപരിപാലനം പൂർണമായും ഒരു സ്ത്രീ വിഷയായി മാറി. കുട്ടികളെ ആധുനിക ലോകത്തിന് സജ്ജമാകുംവിധം നിർമിച്ചെടു

ക്കുന്ന ഗാർഹികമായ ഒരു മൂല്യവ്യവസ്ഥ പത്രം, ടിവി, വനിതാ മാസികകൾ മുതലായ വിപണി/സാംസ്കാരിക മേഖലകളിൽ നിന്നും സ്ത്രീകളിലേക്ക് എത്തുന്നുണ്ട്. വ്യാപകമായി ഉയർന്നുവന്ന അൺ-എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ, കോച്ചിങ് ക്ലാസുകൾ തുടങ്ങിയവ സ്ത്രീയെ കൂടുതൽ കൂടുതൽ കുട്ടികളിലൂടെ ഗാർഹിക ഇടങ്ങളിലേക്ക് തള്ളിമാറ്റിക്കൊണ്ടിരിക്കുന്നു.

## പുതിയ ഇടങ്ങൾ പുതിയ മൂല്യങ്ങൾ

അതേ സമയം ആഗോളീകരണ നയങ്ങൾ മറ്റുചില ഫലങ്ങൾ കൂടി ഉളവാക്കിയിട്ടുണ്ട്. അങ്ങനെ പുതിയ മൂല്യവ്യവസ്ഥ രൂപപ്പെടുകയും ചെയ്തിട്ടുണ്ട്. പഴയകാല കുടുംബ ഘടനക്കുള്ളിൽ അസാധ്യമായിരുന്ന പലതിനും ഇതു രൂപംകൊടുത്തു. വ്യക്തിപരമായ സ്വകാര്യതയും സൗകര്യങ്ങളും (സ്വന്തം മുറി, സ്വന്തം കംപ്യൂട്ടർ, മൊബൈൽ ഫോൺ) പുതിയ വ്യവസ്ഥക്കുള്ളിൽ അനുഭവിക്കാൻ അവസരമുണ്ട്. മറ്റൊന്ന്, ഗൾഫ് അടക്കമുള്ള തൊഴിൽ മേഖലയിലേക്കു പുരുഷന്മാർ കുടിയേറിയതോടെ സ്ത്രീകൾ നോക്കിനടത്തുന്ന കുടുംബങ്ങളുടെ എണ്ണം വ്യാപകമായി വർധിച്ചുവെന്നതാണ്. ഇതുവരെയും കടന്നുചെല്ലാതിരുന്ന മേഖലകളിലേക്കുള്ള സ്ത്രീകളുടെ പ്രവേശനത്തിന് ഇതു കാരണമായിട്ടുണ്ട്. ഗാർഹികേതരമായ ഇടങ്ങൾ അതു സ്ത്രീ ജീവിതത്തിനുമുന്നിൽ തുറന്നിടുകയും ചെയ്തു.

രണ്ടു ദശകങ്ങൾക്കു മുൻപ് കുടുംബത്തിലെ വ്യത്യസ്ത അംഗങ്ങൾക്കിടയിൽ ശാരീരിക ദൂരം വളരെയധികമായിരുന്നു. ഒന്നിച്ചു യാത്ര പുറപ്പെടുന്ന ഭാര്യാഭർത്താക്കന്മാരിൽ ഭർത്താവ് മുന്നിലും ഭാര്യ ഏറെ പിന്നിലുമായി നടന്നുപോകുന്നത് പതിവു കാഴ്ചയായിരുന്നു. കുടുംബത്തിനകത്ത് അംഗങ്ങൾക്കിടയിൽ - പ്രത്യേകിച്ചും എതിർലിംഗങ്ങൾക്കിടയിൽ - സൂക്ഷിച്ചിരുന്ന അകലം വലുതായിരുന്നു. കുടുംബാംഗങ്ങളുടെ പരസ്പരമുള്ള ഇഴുകിച്ചേരൽ എന്നനിലയിൽ പുതിയ കാലത്ത് ഈ അകലം കുറഞ്ഞുവരുന്നതായി കാണാം.

രണ്ടു ദശകങ്ങൾക്കു മുൻപ് കുടുംബത്തിലെ വ്യത്യസ്ത അംഗങ്ങൾക്കിടയിൽ ശാരീരിക ദൂരം വളരെയധികമായിരുന്നു. ഒന്നിച്ചു യാത്ര പുറപ്പെടുന്ന ഭാര്യാഭർത്താക്കന്മാരിൽ ഭർത്താവ് മുന്നിലും ഭാര്യ ഏറെ പിന്നിലുമായി നടന്നുപോകുന്നത് പതിവു കാഴ്ചയായിരുന്നു. കുടുംബത്തിനകത്ത് അംഗങ്ങൾക്കിടയിൽ – പ്രത്യേകിച്ചും എതിർലിംഗങ്ങൾക്കിടയിൽ – സൂക്ഷിച്ചിരുന്ന അകലം വലുതായിരുന്നു. കുടുംബാംഗങ്ങളുടെ പരസ്പരമുള്ള ഇഴുകിച്ചേരൽ എന്നനിലയിൽ പുതിയ കാലത്ത് ഈ അകലം കുറഞ്ഞുവരുന്നതായി കാണാം

പുതിയകാലത്ത് വ്യക്തികളേക്കാളുപരി കുടുംബങ്ങളാണ് വിനോദത്തിലേർപ്പെടുന്നത്; മധ്യവർഗങ്ങൾക്കിടയിലെങ്കിലും. വിനോദവ്യവസായരംഗത്തെ പലതും ഇന്ന് ഫാമിലി എന്റർടെയ്നറുകളാണ്. അമ്യൂസ്മെന്റ് പാർക്കുകളും വാട്ടർതീം പാർക്കുകളും ഇത്തരം ഇടങ്ങളാണ്. ഇവിടെ കുടുംബങ്ങൾ ഒന്നുചേർന്ന് വിനോദത്തിലേർപ്പെടുന്നു. ഇത്തരം നീക്കങ്ങൾ കുടുംബങ്ങളിൽ സൂക്ഷ്മജനാധിപത്യം ഉള്ളടക്കുന്നുണ്ട്. ഒരു പുതിയ മൂല്യവ്യവസ്ഥ വിഭാവനം ചെയ്യുന്നുമുണ്ട്.

റിയാലിറ്റിഷോ ഉൾപ്പെടെയുള്ള മാധ്യമരംഗത്തെ പുതുരീതികൾ ഇന്ന് കുടുംബ എൻടർടെയ്നറുകളുടേതാണല്ലോ. എങ്കിലും ആത്യന്തികമായി അത് കുടുംബത്തെ സ്ഥിരീകരിക്കുകതന്നെയാണ്. ആഗോളീകരിക്കപ്പെട്ട ലോകം നാം നേരത്തെ കണ്ടതുപോലെ പരസ്പരവിരുദ്ധമായ നിരവധി സാധ്യതകളിലേക്ക് വാതിലുകൾ തുറക്കുന്നു.

## ലൈംഗിക അതിക്രമങ്ങൾ

നാളിതുവരെയുള്ള എല്ലാ മാറ്റങ്ങളും വിമോചനചിന്തകളും ചോദ്യം ചെയ്യപ്പെടും വിധം ക്രൂരമായ വാർത്തകളാണ് നിരന്തരം നാം കേൾക്കുന്നത്. ലൈംഗിക ആവിഷ്കാരങ്ങളും അധികാരവിനിയോഗവുമായുള്ള സങ്കീർണബന്ധത്തെ തിരിച്ചറിയാൻ കഴിയാത്തതുകൊണ്ടുതന്നെ ലൈംഗികതയെ രാഷ്ട്രീയവിഷയമായി അഭിസംബോധന ചെയ്യാൻ അവയ്ക്കൊന്നും കഴിഞ്ഞില്ലയെന്നതു തന്നെയാവണം കാരണം. പ്രധാനമായും രണ്ടു ഫലങ്ങളാണ് ഇതുണ്ടാക്കിയത്. ഒന്ന് ലൈംഗികതക്ക് അധികാരവുമായുള്ള ബന്ധം അവഗണിക്കപ്പെട്ടു. മറ്റൊന്ന്, സദാചാരം ഒരു മാനകമായി സ്ഥിരീകരിക്കപ്പെട്ടു.




മധ്യവർഗത്തിന്റെ ജീവിതാദർശങ്ങളുടെ മൂല്യസംഹിതയായി സദാചാരം പ്രതിഷ്ഠിക്കപ്പെട്ടു. അലൈംഗികതയെ അത് ആവോളം പ്രകടനാത്മകമായി ഉൾച്ചേർത്തു. കപടമായ ഈയൊരു മുഖംമൂടി നിലനിർത്താൻ വേണ്ടിയുള്ള ശ്രമങ്ങളായി അവരുടെ പൊതുജീവിതം ക്രമീകരിക്കപ്പെട്ടു. ജൈവികമായ ലൈംഗികോർജത്തിന്റെയും അവസ്ഥയുടെ ആവിഷ്കാരങ്ങളുടെയും ദമനം മധ്യവർഗത്തിൽ സൃഷ്ടിച്ച അസ്വസ്ഥതകളുടെ മുഴുവൻ ഫലങ്ങളും സ്ത്രീകളുടെ ജീവിതത്തെയാണ് പ്രതികൂലമായി ബാധിച്ചത്. പലതരം ഇരട്ടത്താപ്പുകളെ ഒരേസമയം മധ്യവർഗം ചുമന്നു നടന്നു. ഒന്ന്, സദാചാരത്തിന്റെ പൂർണ ഉത്തരവാദിത്വം അതു സ്ത്രീയെ ഏൽപ്പിച്ചു. അതേസമയം സദാചാരലംഘനത്തിന്റെ ഇരകളാകാൻ സ്ത്രീകളെ എറിഞ്ഞുകൊടുക്കുകയും ചെയ്തു. മധ്യവർഗമൂല്യങ്ങളിൽ പ്രകടമായ ആദർശാത്മക സ്ത്രീരൂപം ഇത്തരത്തിൽ പരികല്പന ചെയ്യപ്പെട്ട ഒന്നാണ്. സ്ത്രീക്ക് ദാമ്പത്യത്തിനകത്തുമാത്രം നിലനിൽക്കുന്ന ലൈംഗികത, അതും വിധേയ എന്ന നിലയിൽ മാത്രം. സദാചാരത്തിൽ പ്രകടമായി ഊന്നിക്കൊണ്ടുള്ള ലൈംഗികതാചർച്ചകളും ഇരകളും പരിഷ്ക്കരണ വിഷയികളുമെന്ന നിലയിൽ മാത്രം സ്ത്രീകളെ പരിമിതപ്പെടുത്തിക്കാണുന്ന വിമോചനവാദങ്ങൾ ഉയർത്തിക്കാട്ടുന്ന അങ്ങേയറ്റം സാമാന്യവത്കൃതമായ ഒരു ലിംഗബോധവുമാണ് പൊതു മണ്ഡലത്തിൽ ഇന്ന് ശക്തമായിക്കൊണ്ടിരിക്കുന്നത്. ഈ സാമാന്യബോധത്തെ ഗാഢമായി പരിക്കേൽപ്പിക്കുകയും ലിംഗാധികാരത്തിന്റെ സവിശേഷരാഷ്ട്രീയത്തെ ഉന്നയിക്കുക വഴി വിമർശാത്മകമായി ഉയർത്തെഴുന്നേൽക്കുന്നതിനുള്ള രാഷ്ട്രീയ-ബൗദ്ധികശേഷി ഇന്നത്തെ സ്ത്രീവിമോചന പ്രസ്ഥാനങ്ങൾക്കുമില്ല. വ്യക്തികളും പ്രാന്തവത്കൃതമായ ചില കൂട്ടായ്മകളും ചില ഒറ്റപ്പെട്ട ശ്രമങ്ങൾ നടത്തുന്നില്ല എന്നല്ല. എങ്കിലും അവയൊന്നും ഉറച്ചുപോയ വാർപ്പുലിംഗ മൂല്യങ്ങളെ അട്ടിമറിക്കാൻ പ്രാപ്തമല്ല.

സ്ത്രീജീവിതത്തിന്റെയും അതിലുപരി സ്തൈണലൈംഗികതയുടെയും ആധികാരികതയും സ്വാച്ഛന്ദ്യവും സ്ഥാപിച്ചെടുക്കുന്നതിലൂടെ മാത്രമേ സ്ത്രീകൾക്കെതിരായ ലൈംഗിക അതിക്രമങ്ങളെ ആത്യന്തികമായി ഇല്ലാതാക്കാൻ കഴിയൂ. അത്തരം ആസൂത്രിതമായ കാഴ്ചപ്പാടുകളിലൂന്നിയ സംഘടിത ശ്രമങ്ങൾ, ജനകീയ സമരങ്ങൾ, സർഗാത്മക സാംസ്കാരിക പ്രയോഗങ്ങൾ, വൈയക്തികവും സാമൂഹികവുമായ ജീവിതക്രമീകരണങ്ങൾ ഇവയിലൂടെ മാത്രമേ സമൂലമായി മാറിയ ആരോഗ്യകരമായ സ്ത്രീപുരുഷബന്ധം രൂപപ്പെടുകയുള്ളൂ. ■

ഡോ. പി.ജി. ലത

# വനം വരമായ ഒരിടം

**സഹ്യസാനുക്കളുടെ താഴ്‌വരയിൽ സസ്യലോകത്തെ അത്ഭുതക്കാഴ്ചകളുടെ കലവറയുമായി പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ മൂന്നര പതിറ്റാണ്ടിലേക്ക് കടക്കുന്നു. ഏഷ്യയിലെ തന്നെ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ മുൻനിരയിൽ ഇടംനേടിയ ബൊട്ടാണിക്കൽ ഗാർഡനിലെ കാഴ്ചകളെ കുറിച്ച്...**

മുന്നൂറേക്കറിലധികം വിസ്തൃതമായ സസ്യസംരക്ഷണ ഉദ്യാനം; ഒപ്പം വിവിധ സസ്യശാസ്ത്രമേഖലകളിൽ ഗവേഷണവും. ഇത്തരമൊരു സംരംഭം ഇന്ത്യയിലെ, ഒരുപക്ഷെ ഏഷ്യയിലെ തന്നെ ആദ്യത്തേതാണ്. കഴിഞ്ഞ 30 വർഷങ്ങളിലെ അർപ്പണബോധത്തോടെയുള്ള പ്രവർത്തനത്തിലൂടെ ഏഷ്യൻ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ മുൻനിരയിൽ ഇടം നേടാൻ കഴിഞ്ഞ സ്ഥാപനമാണ് ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്.

1972 ൽ സ്റ്റോക്ക്ഹോമിൽ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പങ്കെടുത്ത ഐക്യരാഷ്ട്രസഭയുടെ മാനവപരിസ്ഥിതി സമ്മേളനം ജൈവവൈവിധ്യ സംരക്ഷണത്തിനായി ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡനുകളുടെ ഒരു ശൃംഖല ഉണ്ടാക്കുന്നതിനായി ശുപാർശ ചെയ്തിരുന്നു. ഇതിൽ നിന്നും പ്രചോദനമുൾക്കൊണ്ട് വിഖ്യാത സസ്യശാസ്ത്രജ്ഞനും സ്ഥാപക ഡയറക്ടറുമായ പ്രൊഫസർ എ. എബ്രഹാമിന്റെ നിരന്തരമായ ഉഷ്ണമേഖലാ സസ്യസമ്പത്തിന്റെ സംരക്ഷണവും സുസ്ഥിര ഉപയോഗത്തിനായുള്ള ഗവേഷണവും ലക്ഷ്യമാക്കി 1979 ൽ കേരള സർക്കാരിനുകീഴിലെ ഒരു സ്വയംഭരണ സംരംഭമായി ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI) സ്ഥാപിതമായി. ജൈവവിവരസങ്കേതങ്ങൾ



(Bio Informatics) കൂടെ ഉൾപ്പെടുത്തി സരസ്വതി തങ്കവേലു എക്സ്റ്റൻഷൻ സെന്റർ എന്ന അനുബന്ധ സ്ഥാപനം 1996 ൽ പ്രവർത്തനമാരംഭിച്ചു. 2003 ൽ കേരളത്തിലെ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് കേരള സർക്കാർ രൂപംകൊടുത്ത കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നിലവിൽ വന്നപ്പൾ ബൊട്ടാണിക്കൽ ഗാർഡനും അതിന്റെ ഭാഗമായി. തിരുവനന്തപുരം നഗരത്തിന് 40 കിലോമീറ്റർ ദൂരത്തിൽ തിരുവനന്തപുരം-ചെങ്കോട്ട സംസ്ഥാന പാതയിൽ പാലോട് സഹ്യസാനുക്കളുടെ താഴ്‌വാരത്തെ സ്വാഭാവിക വനപ്രദേശത്താണ് ജെ.എൻ.ടി.ബി.ജി.ആർ.ഐ. നിലകൊള്ളുന്നത്. സരസ്വതി തങ്കവേലു എക്സ്റ്റൻഷൻ സെന്റർ നഗരത്തിന് 15 കിലോമീറ്റർ ദൂരത്തിൽ പുത്തൻതോപ്പ് എന്ന തീരദേശ ഗ്രാമത്തിലും.

3500 ലധികം ജനുസുകളിൽപ്പെട്ട 50,000 ൽ അധികം സസ്യങ്ങൾ ഇവിടെ പരിരക്ഷിക്കപ്പെടുന്നു. 1200 ലധികം ജനുസുകൾ അടങ്ങിയതാണ് ഇവിടത്തെ ഔഷധ സസ്യോദ്യാനം. ദശപുഷ്പവും ദശമൂലവും നാൽപാമരവും ച്യവനപ്രാശ സസ്യങ്ങളും ഔഷധസസ്യോദ്യാനത്തിൽ പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു. ശിംശിപയും, കടമ്പും മരവുരിയുമൊക്കെയായി 750 ലധികം ഇനം മരങ്ങൾ സംരക്ഷിക്കപ്പെട്ടിരിക്കുന്ന വൃക്ഷോ ദ്യാനം ഉദ്യാനത്തിന്റെ പ്രധാന ആകർഷണങ്ങളിലൊന്നാണ്. 70 ഇനത്തിൽപ്പെട്ട ആലുകളുടെ ശേഖരം ആകാംക്ഷയുണർത്തും. പ്രായംകൊണ്ടും തടിയുടെ വലിപ്പം കൊണ്ടും ലോകത്തെ ഒന്നാം സ്ഥാനക്കാരനായ ആഫ്രിക്കയിലെ ബയൊബാബ് മരം വിദ്യാർഥികൾക്ക് ഒരു അപൂർവ കാഴ്ചയാണ്. പരിണാമ ചരിത്രത്തിൽ സസ്യവിഭാഗങ്ങൾക്ക് സംഭവിച്ച നാശങ്ങളും അവയുടെ ഇന്നത്തെ അവശേഷിപ്പുകളും കാണിക്കുന്ന പ്രദർശനവും 20 ദശലക്ഷം വർഷങ്ങൾ പഴക്കം നിർണയിക്കപ്പെട്ട മരത്തിന്റെ ഫോസിലും വിജ്ഞാനപ്രദമായ കാഴ്ചകളാണ്. 600 ഓളം വന്യ ജനുസുകളും 150 ൽ അധികം സങ്കരയിനങ്ങളും ചേർന്ന ഓർക്കിഡുകളുടെ വലിയൊരു ശേഖരം ഇവിടെയുണ്ട്. ഏവരിലും കൗതുകമുണർത്തുന്ന ഇനം പ്രാണിഭോജി സസ്യങ്ങൾ ഗ്രീൻ ഹൗസുകളിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ദിനോസറുകളുടെ കാലത്ത് ഭൂമിയിൽ പരിലസിച്ചിരുന്നതും ഇന്ന് മൺമറഞ്ഞുകൊണ്ടിരിക്കുന്നതുമായ സൈക്കഡുകളുടെ 18 ജനുസുകൾ വിലപ്പെട്ട ശേഖരങ്ങളിൽപ്പെടുന്നു. 300 ൽ അധികം കള്ളിച്ചെടികളും ഇലകളിലൂടെ ആഹാരവും ജലവും വലിച്ചെടുത്ത് ജീവിക്കുന്ന 40 ൽ അധികം ഇനം ബ്രൊമീലിയാഡുകളും സാധാരണ പുല്ലിന്റെ വലിപ്പം മുതൽ അംബരചുംബികളായി വളരുന്ന ഭീമാകാരന്മാർ വരെയുള്ള 70 ഇനം മുളകളുടെ ശേഖരവും എല്ലാവിഭാഗം സന്ദർശകരേയും ഒരുപോലെ ആകർഷിക്കും. ഐ.യു.സി.എൻ. രേഖകൾ പ്രകാരം അന്യം നിൽക്കൽ ഭീഷണി നേരിടുന്ന മരങ്ങളെ മാത്രമുൾപ്പെടുത്തിയിരിക്കുന്ന ആർ.ഇ.ടി. സ്പീഷീസ് പാർക്ക് ഒരു നൂതന സംരംഭമാണ്. 100 ൽ അധികം ജനുസുകളിൽപ്പെട്ട 500 ൽ അധികം മരങ്ങൾ ആകർഷകമായി രൂപകല്പന ചെയ്ത പ്രദേശത്ത് വെച്ചുപിടിപ്പിച്ചിരിക്കുകയാണിവിടെ. ഏറ്റവും ചെറിയ സപുഷ്പി സസ്യമായ വൊൾഫിയ മുതൽ ഏറ്റവും വലിയ ഇലയുള്ള ആനത്താമര വരെ അടങ്ങിയ അൻപതോളം ജലസസ്യങ്ങൾ ഇവിടെ കാണാൻ കഴിയും. ആധുനിക സൗകര്യങ്ങളോടുകൂടിയ സീഡ്ബാങ്കിൽ 1000 ൽ അധികം സ്പീഷീസുകളുടെ 2500 ൽ അധികം വിത്തുകൾ സംഭരിച്ചിരിക്കുന്നു. രാജ്യത്തിനകത്തും പുറത്തുമുള്ള വിവിധ സസ്യശാസ്ത്രോദ്യാനങ്ങളുമായി വ്യവസ്ഥകൾക്കു വിധേയമായ കൈമാറ്റത്തിലൂടെ സസ്യശേഖരങ്ങളുടെ എണ്ണം വർധിപ്പിക്കുന്നതിൽ സീഡ് ബാങ്ക് നിർണായക പങ്കുവഹിക്കുന്നു.





## ഗവേഷണ വികസന പ്രവർത്തനങ്ങൾ

സമന്വയ സ്വഭാവത്തോടെ പ്രവർത്തിക്കുന്ന അഞ്ച് ഡിവിഷനുകളാണ് ഇവിടെ ഗവേഷണ വികസനപ്രവർത്തനങ്ങൾക്കായുള്ളത്. ജൈവസാങ്കേതിക വിദ്യയും ജൈവവിവരശേഖരണവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ബയോടെക്നോളജി ആൻഡ് ബയോഇൻഫോർമാറ്റിക്സ് ഡിവിഷൻ, ജൈവവൈവിധ്യ സംരക്ഷണ പരീക്ഷണ പഠനങ്ങൾ നടത്തുന്ന ബയോഡൈവേഴ്സിറ്റി കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് ഡിവിഷൻ, പരമ്പരാഗത, വംശീയ വൈദ്യശാലകളിലെ സസ്യ ഔഷധ പ്രയോഗങ്ങളുടെ ശാസ്ത്രീയ അപഗ്രഥനം ലക്ഷ്യമാക്കുന്ന എത്നോമെഡിസിൻ ആൻഡ് എത്നോ ഫാർമകോളജി ഡിവിഷൻ, സസ്യ രസതന്ത്രവും സസ്യഔഷധനിർമാണഗവേഷണവും കൈകാര്യം ചെയ്യുന്ന ഫൈറ്റോകെമിസ്ട്രി ആൻഡ് ഫൈറ്റോഫാർമകോളജി ഡിവിഷൻ, സസ്യവർഗീകരണ പരിണാമ പഠനങ്ങൾ നിർവഹിക്കുന്ന പ്ലാന്റ് സിസ്റ്റമാറ്റിക്സ് ആൻഡ് ഇവലൂഷനറി സയൻസ് ഡിവിഷൻ എന്നിവയാണിവ.

മാനവരാശിക്ക് ഉപയുക്തമായ എണ്ണമറ്റയിനം വസ്തുക്കളുടെ കലവറയാണ് ഉഷ്ണമേഖലാസസ്യവൈവിധ്യം എന്നു തിരിച്ചറിഞ്ഞ് അവയുടെ സുസ്ഥിര ഉപയോഗം സുസാധ്യമാക്കുന്നതിനുള്ള ഗവേഷണങ്ങളാണ് ഇവിടെ നടക്കുന്നത്. വംശീ

യവും പരമ്പരാഗതവുമായ ചികിത്സാരീതികളിലേയും നാട്ടറിവുകളിലെയും നല്ലതിനെ തിരിച്ചറിഞ്ഞ് അവയുടെ ശാസ്ത്രീയ അടിത്തറ ഉറപ്പുവരുത്തുക പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഉത്പന്നം വേർതിരിച്ചെടുക്കുക എന്നതിലുപരി അവയുടെ മൂല്യവർധകമാർഗങ്ങളും ഉപോൽപ്പന്ന സാധ്യതകളും കൂടി ഗവേഷണവിഷയമാക്കിയിരിക്കുന്നു.

### പൊൻതൂവലുകൾ നിരവധി

താരതമ്യേന കുറഞ്ഞ മൂന്നു പതിറ്റാണ്ട് കാലഘട്ടത്തിലെ അർപ്പണബോധത്തോടെയുള്ള പ്രവർത്തനം വഴി അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ ജെ.എൻ.ടി.ബി.ജി.ആർ.ഐക്കു കഴിഞ്ഞിട്ടുണ്ട്. ഉദ്യാനത്തിലെ ഔഷധസസ്യങ്ങൾ, വൃക്ഷങ്ങൾ, ആലുകൾ, മുളകൾ, ഓർക്കിഡുകൾ, പന്നൽച്ചെടികൾ, പനകൾ എന്നിവ അതതു വിഭാഗങ്ങളിലെ രാജ്യത്തെ ഏറ്റവും വലിയ ശേഖരങ്ങളാണ്.

75 സപുഷ്പി ജനുസുകളേയും 400 ൽ അധികം ഫംഗസുകളെയും ശാസ്ത്രലോകത്തിന് പുതുതായി പരിചയപ്പെടുത്താൻ കഴിഞ്ഞു. കഴിഞ്ഞ നൂറ്റാണ്ടിലെ പ്രഗത്ഭമതികളായ സസ്യശാസ്ത്രജ്ഞന്മാരുടേതുൾപ്പെടെ 23000 ൽ അധികം ഹെർബേറിയം ശേഖരങ്ങൾ ഇവിടെയുണ്ട്. ഓർക്കിഡുകളുൾപ്പെടെ അരഡസനിലധികം സങ്കരയിനങ്ങളുടെ പിതൃത്വം സ്ഥാപനത്തിന് അവകാശപ്പെടാവുന്നതായിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ ജൈവമണ്ഡലസംരക്ഷണ പദ്ധതിക്കുകീഴിൽ അഗസ്ത്യമല, നീലഗിരി, മാന്നാർ കടലിടുക്ക് എന്നീയിടങ്ങളിലെ യുനെസ്കോ മാനദണ്ഡപ്രകാരമുള്ള അവസ്ഥാപഠനം, ഡാറ്റാബേസ് തയാറാക്കൽ എന്നിവ നിർവഹിച്ചു. പാരമ്പര്യവൈദ്യശാഖകളിലും ഗോത്രവർഗക്കാർക്കിടയിലും ഉപയോഗിക്കപ്പെടുന്ന നിരവധി ഔഷധങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിന് ഇവിടുത്തെ ഗവേഷണങ്ങൾക്കു സാധിച്ചിട്ടുണ്ട്. ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനു (ഐ.എസ്.എം.) വേണ്ടി 20 സസ്യഔഷധങ്ങളുടെ നിർമാണ മാനദണ്ഡം തയാറാക്കിയത് ഇവിടുത്തെ ശാസ്ത്രജ്ഞരാണ്. ഇന്ത്യൻ ജീൻസംഗ് എന്ന് വിശേഷിക്കപ്പെടുന്ന ആരോഗ്യപ്പച്ചയിൽ നിന്നും വേർതിരിച്ചെടുത്ത ഉന്മേഷദായിനിയായ ജീവനി എന്ന ഔഷധം വ്യാവസായിക അടിസ്ഥാനത്തിലെ നിർമാണത്തിനായി കൈമാറിയപ്പോൾ ബൗദ്ധികസ്വത്തവകാശ നിയമപ്രകാരം ലഭിച്ച തുകയിലൊരുഭാഗം അതിന്റെ പ്രാഥമികവിവരം തന്ന കാണിഗോത്രത്തിനുകൂടി നൽകി തുല്യവും നീതിപൂർവവുമായ ലാഭം പങ്കുവെക്കാൻ ജെ.എൻ.ടി.ബി.ജി.ആർ.ഐക്കു കഴിഞ്ഞു. ആഗോളതലത്തിൽ ശ്ലാഘിക്കപ്പെട്ട ഈ സംരംഭം 2002 ൽ ജോഹന്നാസ്ബർഗിൽ നടന്ന ഭൗമഉച്ചകോടിയിൽ ഇക്വേറ്റർ ഇനിഷ്യേറ്റീവ് അവാർഡിന് സ്ഥാപനത്തെ അർഹമാക്കി.

> പാരമ്പര്യവൈദ്യശാഖകളിലും ഗോത്രവർഗക്കാർക്കിടയിലും ഉപയോഗിക്കപ്പെടുന്ന നിരവധി ഔഷധങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിന് ഇവിടുത്തെ ഗവേഷണങ്ങൾക്കു സാധിച്ചിട്ടുണ്ട്. ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനു (ഐ.എസ്.എം.) വേണ്ടി 20 സസ്യഔഷധങ്ങളുടെ നിർമാണ മാനദണ്ഡം തയാറാക്കിയത് ഇവിടുത്തെ ശാസ്ത്രജ്ഞരാണ്.

ഇന്നത്തെ മനുഷ്യരുടെ സ്വാർഥവും വിവേചനരഹിതവുമായ ചൂഷണത്തിലൂടെ അന്യംനിന്നുകൊണ്ടിരിക്കുന്ന ഉഷ്ണമേഖലാ സസ്യസമ്പത്തിന്റെ സംരക്ഷണത്തിനും പ്രചാരണത്തിനും സുസ്ഥിരമായ ഉപയോഗത്തിനുമായി വിലപ്പെട്ട സംഭാവനകൾ നൽകാൻ ഈ ചെറിയ കാലയളവിലെ പ്രവർത്തനത്തിലൂടെത്തന്നെ ജെ.എൻ.ടി.ബി.ജി.ആർ.ഐക്കു കഴിഞ്ഞുവെന്ന് അഭിമാനപുരസരം പറയാൻ കഴിയും. ■

*പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ഡയറക്ടറാണ് ലേഖിക*





# ബഹ്റൈൻ ഉപപ്രധാനമന്ത്രിക്ക് കേരളത്തിന്റെ സ്നേഹോഷ്മള സ്വീകരണം

ദശകങ്ങളുടെ ദൃഢസൗഹൃദവും പരസ്പര സഹകരണവും ഊട്ടിയുറപ്പിച്ച് കേരളത്തിലെത്തിയ ബഹ്റൈൻ കിരീടാവകാശിയും ഉപപ്രധാനമന്ത്രിയുമായ സൽമാൻ ബിൻ ഹമദ് അൽ ഖലിഫയ്ക്ക് കേരളം നൽകിയത് ഉജ്വല വരവേൽപ്പ്. രണ്ടു ദിവസത്തെ സന്ദർശനത്തിനായി മാർച്ച് 17 ന് കൊച്ചിയിലെത്തിയ ഖലിഫ കേരളത്തിന്റെ വിവിധ മേഖലകളിൽ നിക്ഷേപം നടത്താനുള്ള താത്പര്യമറിയിച്ചാണ് മടങ്ങിയത്. ലോജിസ്റ്റിക്സ്, റിയൽ എസ്റ്റേറ്റ് സാങ്കേതിക മേഖലകളിലാണ് നിക്ഷേപം. വിശദാംശങ്ങൾ പിന്നീട് പ്രഖ്യാപിക്കും.  ബഹ്റൈന്റെ വളർച്ചയിൽ നിർണായക പങ്കാണ് മലയാളികൾ വഹിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കേരളവും ബഹ്റൈനും തമ്മിലുള്ള ബന്ധം ശക്തിപ്പെടുന്നത് രണ്ടിടത്തെയും ജനങ്ങളുടെ മുന്നേറ്റം ശക്തിപ്പെടുത്തുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. സംസ്ഥാനത്ത് സന്ദർശനത്തിനെത്തുന്ന ആദ്യത്തെ ഗൾഫ് ഭരണാധികാരിയാണ് ബഹ്റൈന്റേത്. ഇത് കേരളത്തിന് അഭിമാനം നൽകുന്നു. ബഹ്റൈന്റെ പുരോഗമനാശയങ്ങൾ ഇവിടത്തെ 2.50 ലക്ഷം മലയാളികൾക്ക് പ്രയോജനം ചെയ്യുന്നുണ്ട്. കഴിഞ്ഞ മൂന്നുനാലു ദശകങ്ങളായി





കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് പ്രവാസികൾ നേടിത്തരുന്ന വിദേശനാണ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്തിന്റെ ഉപഹാരമായി അദ്ദേഹം സൽമാൻ ബിൻ ഹമദ് അൽ ഖലീഫയ്ക്ക് ആറന്മുള കണ്ണാടി സമ്മാനിച്ചു.

കേന്ദ്രമന്ത്രിമാരായ വയലാർ രവി, പ്രൊഫ. കെ.വി. തോമസ്, ഇ. അഹമ്മദ്, സംസ്ഥാന മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, കെ.സി. ജോസഫ്, കെ.പി. മോഹനൻ, കെ. ബാബു, പി.കെ. അബ്ദുറബ്ബ്, എം.എൽ.എമാരായ ഹൈബി ഈഡൻ, ഡൊമനിക് പ്രസന്റേഷൻ, ജോസ് തെറ്റയിൽ, സാജു പോൾ, മോൻസ് ജോസഫ്, ടി.യു. കുരുവിള, മേയർ ടോണി ചമ്മണി, വ്യവസായ പ്രമുഖരായ എം.എ. യൂസഫലി, രവി പിള്ള തുടങ്ങിയവർ സംബന്ധിച്ചു.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കൊപ്പം കേന്ദ്രമന്ത്രി ഇ. അഹമ്മദ്, വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി, പ്രവാസികാര്യമന്ത്രി കെ. സി. ജോസഫ്, പൊതുമരാമത്ത് മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ്, കെ.പി. ധനപാലൻ എം.പി., അൻവർ സാദത്ത് എം.എൽ.എ., പൊതുഭരണ വകുപ്പ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, സ്റ്റേറ്റ് പ്രോട്ടോകോൾ ഓഫീസർ ടി.പി. വിജയകുമാർ, കേന്ദ്ര പ്രോട്ടോക്കോൾ ഓഫീസർ ത്രിലോക് ചന്ദ്, നോർക്ക റൂട്സ് വൈസ് ചെയർമാൻ എം.എ. യൂസഫലി, ഡയറക്ടർ രവി പിള്ള, ഐ.ജി. കെ. പത്മകുമാർ, പ്രവാസി സംഘടനാ പ്രതിനിധികളായ അലി ഹസൻ, സോമൻ മാത്യു, വർഗീസ് കുര്യൻ, അശോക് കുമാർ എന്നിവരും കൊച്ചി വിമാനത്താവളത്തിൽ ഖലീഫയെ സ്വീകരിക്കാനെത്തിയിരുന്നു.



**ചന്ദ്രഹാസൻ വടുതല**
*ഇൻഫർമേഷൻ ഓഫീസർ, എറണാകുളം*





■ ഡോ. ടി. അനിതകുമാരി

# അറിവിന്റെ വിശാലാകാശമായ കവിഗുരു



ഓർമകൾക്ക് മൂന്നു പതിറ്റാണ്ടിലേറെ പ്പഴക്കമുണ്ട്. എന്നാലതിനു നിറം മങ്ങിയിട്ടുമില്ല. എൺപതുകളുടെ ആദ്യപകുതിയിൽ, പത്തനംതിട്ട കാതോലിക്കറ്റ് കോളേജിൽ നിന്നും മലയാളം ബി.എ. പാസ്സായപ്പോൾ എം.എയ്ക്ക് യൂണിവേഴ്സിറ്റി കോളേജിൽ ചേരാൻ നിർദേശിച്ചത് പ്രൊഫ. കെ.വി. തമ്പി എന്ന എന്റെ തമ്പി മാഷാണ്. അതിനു കാരണം പറഞ്ഞത് അവിടെ വി.പി. ശിവകുമാറും, ഡി. വിനയചന്ദ്രനുമുണ്ടെന്നതായിരുന്നു. രണ്ടുപേരെയും കാതോലിക്കറ്റ് കോളേജിലെ ഒരു സാഹിത്യകാമ്പിൽ കണ്ടിരുന്നു എന്ന പരിചയം മാത്രം.

ക്ലാസുമുറിയിൽ വിനയചന്ദ്രൻ സാർ സൗഹൃദം തീരെയില്ലാത്ത ഗൗരവക്കാരൻ - പ്രത്യേകിച്ച് ഞങ്ങൾ പെൺകുട്ടികളോട്. ക്ലാസിനുപുറത്ത്, യൂണിവേഴ്സിറ്റി കോളേജ് കാമ്പസ് ഒരുപാടു നല്ല സൗഹൃദങ്ങൾ തന്നു. പി.കെ. രാജശേഖരനും, വിനയനും, വാൾട്ടറും, അൻവർ അലിയും, ഭട്ടതിരിയും...

സത്യത്തിൽ സാർ ഇവരുടെയൊക്കെ ചങ്ങാതിയായിരുന്നു. പക്ഷെ യൂണിവേഴ്സിറ്റി കോളേജ് വളപ്പിലെ മഹാഗണിമരങ്ങൾ മുറിക്കുന്നതിനെതിരെ ശബ്ദമുയർത്താൻ സാർ ഞങ്ങളെയെല്ലാം ഒപ്പം കൂട്ടി. അന്ന് യൂണിവേഴ്സിറ്റി കോളേജ് മലയാളവിഭാഗം തലവൻ പന്മന രാമചന്ദ്രൻ സാറായിരുന്നു. ഒപ്പം ദേശമംഗലം സാറും നടുവട്ടം സാറും വാസുക്കുട്ടൻ സാറും എ. സുധാകരൻ സാറും മേരിടീച്ചറുമൊക്കെയുണ്ട്.

ശിവകുമാർ സാറും സുധാകരൻ സാറും മേരിടീച്ചറുമൊക്കെ നേരത്തേ പോയി.

ഇപ്പോൾ വിനയചന്ദ്രൻ സാറും...!

എല്ലാം അകാലമരണങ്ങൾ...

വിനയചന്ദ്രൻ സാറിലെ കവിയെയല്ല ഞാനോർമിക്കുന്നത്. അറിവിന്റെ വരം നേടിയൊരു ഗുരുവിനെയാണ്. ചിന്താവിഷ്ടയായ സീത പഠിപ്പിക്കാൻ വന്ന് ഒരു വർഷം കൊണ്ട് രണ്ടുപുറം പഠിപ്പിക്കാൻ ശ്രമിച്ച് എന്നാൽ അതിൽ നിന്നും ശാഖോപശാഖകളായി പിരിഞ്ഞ് ഞങ്ങൾക്കു കേട്ടറിവുപോലുമില്ലാത്ത ലോകസാഹിത്യംവരെ പതിവായി പരിചയപ്പെടുത്തുന്ന ആ ക്ലാസുമുറിയുടെ അനുഭവം എത്ര വലുതായിരുന്നെന്ന്, ഇന്നെനിക്കറിയാം.

വിനയചന്ദ്രൻ സാർ പഠിപ്പിച്ചു തീർത്തില്ലെന്നോ നോട്ടുതന്നില്ലെന്നോ പരാതിപറയാൻ മാത്രം വിഡ്ഢികളായിരുന്നില്ല ഞങ്ങൾ. ക്ലാസുമുറിക്കു പുറത്തായതോടെ എനിക്ക് ശിഷ്യയിൽ നിന്നും സുഹൃത്തിലേക്കുള്ള സ്ഥാനക്കയറ്റം കിട്ടി. പിന്നീടാണ് സാർ സ്നേഹത്തോടെയും സ്വാതന്ത്ര്യത്തോടെയും സംസാരിച്ചുതുടങ്ങിയത്. ഞാൻ പണിയെടുക്കുന്ന കോളേജുകളിലൊക്കെ ഏതെങ്കിലുമൊരു പരിപാടിയിൽ, അതെത്ര ചെറുതായാൽക്കൂടി, ക്ഷണിച്ചാൽ സാറെത്തുമായിരുന്നു. കണ്ണടച്ചും കൈകൾ ആകാശത്തിലേക്കുയർത്തിയും നീളൻ തലമുടിയാട്ടിയും കവിതകൾ ചൊല്ലി സാറെന്റെ കൺമുന്നിലുണ്ട്. ശബ്ദത്തിന്റെ ഉച്ചസ്ഥായിയിൽ അത് വിറയാർന്നൊരു ധ്യാനമാവുന്നു. കണ്ണടച്ച് മുന്നിലെ ആൾക്കൂട്ടത്തെ വിസ്മരിച്ച്, കവിതയുടെ ചിറകിൽ പറന്നു പറന്നുയരുന്ന അനുഭവം! വായ്ത്താരിയുടെ താളഭേദങ്ങളിൽ ലയിക്കുന്ന കേൾവിക്കൂട്ടം!! ഒക്കെ ഓർമയാണ്...

യാത്രപ്പാട്ടും, വീട്ടിലേക്കുള്ള വഴിയും ഞാനെത്രയോ തവണ പഠിപ്പിച്ചു! കല്ലടയാറ്റിന്റെ കരയിൽ നിന്നുള്ള കുട്ടികളോട് ഞാൻ കവിയുടെ സഞ്ചാരവീഥികളെ സൂചിപ്പിച്ചു. വീടുവിട്ടുപോകലും മടങ്ങിവരവും! അമ്മയില്ലാത്തവർക്കേതുവീടെന്ന വരികൾ അമ്മയില്ലാത്ത വീടിനെയോർമിപ്പിച്ച് എന്നെ വിഷമിപ്പിക്കുന്നു. വീടിന്റെ ഉമ്മറം വിട്ട്, മൺവഴി വിട്ട്, കടത്തുകടന്ന് കാനനത്തിന്റെ ഏതു കരയിലേക്കാണീ പഥികൻ നടന്നുപോയത്? കാമുകമനസ്സിന്റെ കരിനീലക്കണ്ണെന്ന് ഓർമപങ്കിടുന്നവരൊക്കെ പറഞ്ഞു കേൾക്കുന്നു. ആരായിരുന്നു ഇക്കവിയുടെ യഥാർഥ കാമുകി? കായിക്കരയിലെ കടലലകളിൽ മലയാളത്തിന്റെ കാവ്യപാരമ്പര്യത്തെ തിരഞ്ഞ്, തെരുതെരെപ്പൊഴിയുന്ന ഇലകളിൽ കവിതയുടെ പച്ചപ്പുകണ്ട്, കാടും മലയും കയറി നടന്ന ഒറ്റസന്യാസിക്ക് ഹൃദയം പകുത്തതാര്? കവിതയോ, പ്രകൃതിയോ, പ്രണയിനിയോ... എനിക്കറിയില്ല.

തിരുവനന്തപുരത്തെ ചലച്ചിത്രോത്സവത്തിരക്കുകളിൽ ചിലപ്പോഴൊക്കെ എന്റെ കൈപിടിച്ചു നടന്നപ്പോൾപോലും ഞാൻ കണ്ടത് എന്റെ ക്ലാസുമുറിയിൽ ചിന്താവിഷ്ടയായ സീതയ്ക്കൊപ്പം, വോൾ സോയിങ്കയെ പരിചയപ്പെടുത്തിയ ആ വിനയചന്ദ്രൻ സാറിനെയായിരുന്നല്ലോ...

ഒരു പെരുമഴയ്ക്കൊപ്പം മറഞ്ഞുപോയ സാറിന് ഓർമകളുടെ മൗനമുദ്ര! ■

■ വി. വിനയകുമാർ



# ഇന്ത്യയുടെ ഹൃദയമിടിപ്പ് തൊട്ടറിഞ്ഞ ലോക സഞ്ചാരി

**എസ്.കെ. പൊറ്റെക്കാട്ടിന്റെ നൂറാം ജന്മവാർഷികമാണ് 2013 മാർച്ച് 14. അക്ഷരങ്ങളിലൂടെ ലോകത്തെ മലയാളിയുടെ മനസ്സിലെത്തിച്ച സഞ്ചാരസാഹിത്യകുലപതി പൊറ്റെക്കാട്ടിന്റെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലൂടെയുള്ള സഞ്ചാരങ്ങളിലൂടെ രൂപപ്പെടുന്ന ഇന്ത്യ എന്ന വികാരത്തെയും സങ്കൽപത്തെയും കുറിച്ച്...**



ഇന്ത്യ സ്വതന്ത്രമായ ദിവസം, 1947 ഓഗസ്റ്റ് 15ന്, തലശ്ശേരിയിൽവച്ച് ആ വാർത്തയറിഞ്ഞപ്പോൾ കഥാകൃത്തും നോവലിസ്റ്റും കവിയും സഞ്ചാര സാഹിത്യകാരനുമായ എസ്.കെ. പൊറ്റെക്കാട്ടിന്റെ മനസ്സ് അലഞ്ഞുനടന്നത്, അദ്ദേഹം പലവട്ടം സഞ്ചരിച്ച ചില ഇന്ത്യൻപ്രദേശങ്ങളിലൂടെയാണ്. ഇന്ത്യയെന്ന സങ്കൽപം ഉദാത്തമായൊരു വികാരമായി മനസ്സിൽകൊണ്ടുനടന്ന എസ്.കെ. *ആഗസ്ത് പതിനഞ്ച്* എന്ന ലേഖനത്തിൽ എഴുതി: “ആകാശത്തിൽ വെടിക്കെട്ടുകൾ പൊട്ടിച്ചിതറി പ്രകാശം പരത്തുന്നു. ഘോഷയാത്രകൾ, ജെയ്‌വിളികൾ, പാതിരായ്ക്കു പെറ്റുവീണ സ്വാതന്ത്ര്യക്കുഞ്ഞിന്റെ കരച്ചിൽ... ദൽഹി റേഡിയോ പൊടിപൊടിക്കുന്നു. പക്ഷെ എന്തോ എന്റെ ശ്രദ്ധ ദൽഹിയിലേക്കല്ല തിരിഞ്ഞത്, പഞ്ചാബ് പ്രദേശങ്ങളും അതിർത്തിസംസ്ഥാനവും മറ്റുമാണ് എന്റെ മനസ്സിലേക്കിഴ

ഞ്ഞുവന്നത്. ഞാൻ ആ പ്രദേശങ്ങളിൽ സ്വതന്ത്രനായി സഞ്ചരിച്ച കാലങ്ങളിലേക്ക് എന്റെ ചിന്തകൾ പറന്നു. ആ സ്ഥലങ്ങളെല്ലാം, ഇതാ ഒരു പത്തുനിമിഷം മുമ്പുമുതൽക്ക് ഇന്ത്യയുടേതല്ലാതായിത്തീർന്നിരിക്കുന്നു. ഇന്ത്യയെ ക്രൂരമായി വലിച്ചുചീന്തിയ ശബ്ദമാണ്, ആ ഹുങ്കാരത്തിലൂടെ എന്റെ ചെവിയിലണഞ്ഞത്. സ്വതന്ത്രനായ ഒരു സഞ്ചാരി അതെങ്ങനെ സഹിക്കും? ലാഹോറും റാവൽപ്പിണ്ടിയും പെഷവാറും തക്ഷശിലയും ഇന്ന് ഒരു മറുനാട്ടിലെ നഗരങ്ങളാണെന്നു ഞാനെങ്ങനെ വിശ്വസിക്കും?"




എസ്.കെ.യുടെ മനസ്സിൽ എക്കാലവും ഇന്ത്യയെന്ന വികാരം നിറഞ്ഞുനിന്നിരുന്നു. ലോകത്തിന്റെ ഏതുകോണിലായാലും ഇന്ത്യയെയും കേരളത്തെയും ഓർക്കുന്ന ഒരു ഗൃഹാതുരത്വം മാത്രമല്ല, ഇന്ത്യയെന്ന ദേശീയത തന്നെയാണത്. (ബദരീപുരിയിൽനിന്ന് മൂന്നുമൈൽ അകലെയുള്ള അതിർത്തിഗ്രാമമായ) "മാനയുടെ കോണിലെ ഒരു പാറക്കെട്ടിൽ ഇരിക്കുകയാണ് ഞാൻ. അഞ്ചുകൊല്ലം മുമ്പ് ഇങ്ങനെയൊരു മധ്യാഹ്നത്തിൽ, കന്യാകുമാരിയിലെ വിവേകാനന്ദപ്പാറയിൽ ദക്ഷിണദിക്കിലേക്ക് കണ്ണയച്ചുകൊണ്ട് കുത്തിയിരുന്ന രംഗം ഞാനോർത്തു. അതു ഭാരതത്തിന്റെ ഏറ്റവും തെക്കേയറ്റം; അപ്പുറം മഹാസമുദ്രം. ഇപ്പോൾ ഞാനിരിക്കുന്നത് ഏറ്റവും വടക്കേ അറ്റത്ത്; അപ്പുറം ഹിമസാമ്രാജ്യം." (*ഹിമാലയ സാമ്രാജ്യത്തിൽ*, 1967)

"അടുത്തൊരു ജന്മമുണ്ടെങ്കിൽ ഒരു നാടോടിയായി മരിക്കുവോളം ലോകം മുഴുവൻ അലഞ്ഞുനടക്കാനാണു മോഹം" എന്നു പറഞ്ഞ എസ്.കെ. പൊറ്റെക്കാട്ട് ഒരു ശിശുവിന്റെ ജിജ്ഞാസയോടെ, മനുഷ്യനെ അവന്റെ സഹജവും സ്വാഭാവികവുമായ ചുറ്റുപാടുകളിൽ കണ്ടുമുട്ടാനുള്ള ആഗ്രഹത്തോടെ, ലോകമെങ്ങും സഞ്ചരിച്ചു; അവയെക്കുറിച്ച് ശില്പസൗകുമാര്യത്തോടെ, സൂക്ഷ്മനിരീക്ഷണങ്ങൾ മലയാളിക്കെത്തിച്ചു.

"പൊറ്റെക്കാട്ട് ഭൂഖണ്ഡങ്ങളുടെ നാനാരസപൂർണങ്ങളായ ചിത്രങ്ങൾ നമുക്കു വരച്ചുതന്നെങ്കിലും എനിക്ക് ഏറ്റവും ഹൃദ്യമായി തോന്നിയത് അദ്ദേഹം വരച്ചുതന്ന ആ ഭാരതദേശചിത്രങ്ങൾ തന്നെയാണ്." എന്ന് സുകുമാർ അഴീക്കോട് പറഞ്ഞിട്ടുണ്ട്


ഇന്ത്യൻ ഉപഭൂഖണ്ഡത്തിലൂടെയുള്ള സഞ്ചാരവിവരണങ്ങളായ *കാഷ്മീർ* (1948), *യാത്രാസ്മരണകൾ* (1949), *ഹിമാലയ സാമ്രാജ്യത്തിൽ* (1967), *നേപ്പാൾ യാത്ര* (1969); ആഫ്രിക്കൻ യാത്രാഗ്രന്ഥങ്ങളായ *കാപ്പിരികളുടെ നാട്ടിൽ* (1951), *സിംഹഭൂമി* (ഒന്നാംഭാഗം 1954, രണ്ടാം ഭാഗം 1958), *നൈൽ ഡയറി* (1954), *കയ്റോ കത്തുകൾ* (1974), *ക്ലിയോപാട്രയുടെ നാട്ടിൽ* (1977); യൂറോപ്യൻ യാത്രാവിവരണങ്ങളായ *ഇന്നത്തെ യൂറോപ്പ്* (1955), *പാതിരാസൂര്യന്റെ നാട്ടിൽ* (1956), *സോവിയറ്റ് ഡയറി* (1957), *ലണ്ടൻ നോട്ടുബുക്ക്* (1970), *ബൊഹീമ്യൻ ചിത്രങ്ങൾ* (1960); പൂർവേഷ്യൻ സഞ്ചാരവിവരണങ്ങളായ *മലയാനാടുകളിൽ* (1954), *ഇൻഡൊനേഷ്യൻ ഡയറി* (1955), *ബാലിദ്വീപ്* (1958), *ഗൾഫ് കുറിപ്പുകൾ* (അപൂർണം 1982) എന്നിവയാണ് എസ്.കെ. പൊറ്റെക്കാട്ടിന്റെ സഞ്ചാരസാഹിത്യഗ്രന്ഥങ്ങൾ. എസ്.കെ.യുടെ *പ്രേമശില്പി*, *സഞ്ചാരിയുടെ ഗീതങ്ങൾ* എന്നീ കവിതാസമാഹാരങ്ങളിലുമുള്ളത് സഞ്ചാരാനുഭവങ്ങളാണ്.

"പൊറ്റെക്കാട്ട് ഭൂഖണ്ഡങ്ങളുടെ നാനാരസപൂർണങ്ങളായ ചിത്രങ്ങൾ നമുക്കു വരച്ചുതന്നെങ്കിലും എനിക്ക് ഏറ്റവും ഹൃദ്യമായി തോന്നിയത് അദ്ദേഹം വരച്ചുതന്ന ആ ഭാരതദേശചിത്രങ്ങൾ തന്നെയാണ്." എന്ന് സുകുമാർ അഴീക്കോട് പറഞ്ഞിട്ടുണ്ട്. അദ്ദേഹം തുടരുന്നു: "ഹിമാലയം തൊട്ടു കന്യാകുമാരിവരെയുള്ള ഭിന്നദേശങ്ങളെ അദ്ദേഹം വർണിക്കുമ്പോൾ, ഓരോന്നിന്റെയും സംസ്കാരചിത്രങ്ങളുടെ പ്രകാശവിസ്മയമായ അന്തരീക്ഷത്തിലൂടെ അദ്ദേഹം നമ്മുടെ നോട്ടത്തെ നയിക്കുന്നു. തക്ഷശിലയെ വിവരിക്കുമ്പോൾ ശതാബ്ദങ്ങളുടെ ചിതാഭസ്മങ്ങളെ നോക്കിനോക്കിപ്പായുന്ന അദ്ദേഹത്തിന്റെ നേത്രങ്ങൾ ഒടുവിൽ ഉത്ക്കണ്ഠയോടെ ഉഴറിനോക്കുന്നത് ആ ഭാരതീയ വിശ്വവിദ്യാലയത്തിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ ആഗാമിയായ യുഗത്തെയാണ്. ഹിമാലയത്തിന്റെ ഉന്നതഗിരിസോപാനങ്ങൾക്കിടയിലെ ഒരു വിശ്രമത്താവളമായ ലക്ഷ്മൺഝൂല വർണിക്കുവാൻ തുടങ്ങുമ്പോൾ, ഒരു ചിരന്തനസംസ്കാരത്തിന്റെ വിനാശത്തിന്റെ ദുഃഖം മനസ്സിൽ ഒതുക്കിക്കൊണ്ട് എസ്.കെ. തുഞ്ചത്താചാര്യന്റെ ഒരു കൊച്ചീരടി മൂളുന്നു:

'ഇനിയുള്ള കാലം കലിയുഗമത്രേ
മുനിജനങ്ങളും മറഞ്ഞുപോമല്ലോ.'

ആഫ്രിക്കയിലെ വനാന്തരങ്ങളിലോ ആൽപ്സ് പർവതനിരകൾക്കു മുകളിലോ എവിടെയെത്തിയാലും അദ്ദേഹം ഭാരതത്തെയോ കേരളത്തെയോ കൂടുതൽ കണ്ടറിയുന്നു. ലോകത്തിൽ അദ്ദേഹത്തെ വളരെയേറെ ആകർഷിച്ച സ്ഥലം ഇറ്റലിക്കടുത്തുള്ള കാപ്രിദ്വീപാണത്രെ. പക്ഷേ, അദ്ദേഹം തുടർന്നുപറയും, കേരളം കഴിഞ്ഞാൽ മാത്രമേ കാപ്രി വരികയുള്ളൂ എന്ന്."

പൊറ്റെക്കാട്ടിന്റെ ഭാരതസഞ്ചാരം ഹൃദ്യവും വേറിട്ടതുമായ വഴികളിലൂടെ ഇന്ത്യയുടെ ഹൃദയമിടിപ്പുകളെ കണ്ടെത്താ



നുള്ള ശ്രമമായിരുന്നു. ഉദാത്തമായ മനുഷ്യസ്നേഹത്തോടെ പച്ചമനുഷ്യനെത്തേടി രാജ്യാന്തരങ്ങൾ താണ്ടിയ ആ ചിറകുള്ള പക്ഷിയെ ഭാരതസഞ്ചാരകൃതികളിലും ദർശിക്കാം.

## ഭാരതസഞ്ചാരകൃതികൾ

*കാഷ്മീർ (രാജവാഴ്ചയിൽ)* എന്ന ഗ്രന്ഥത്തിൽ ലാഹോറിൽനിന്ന് ശ്രീനഗറിലേക്ക്, ശ്രീനഗർ, സിന്ധ് താഴ്‌വാരം, ഗുൽമാർഗ്, പഹൽഗാം എന്നിങ്ങനെ അഞ്ചധ്യായങ്ങളിലായി കശ്മീരിന്റെ പ്രകൃതിയും ജീവിതത്തുടിപ്പുകളും അദ്ഭുതദൃശ്യങ്ങളും ആദ്യമായി (1948) മലയാളത്തിലവതരിപ്പിക്കുന്നു. 1949ൽ പ്രസിദ്ധപ്പെടുത്തിയ *യാത്രാസ്മരണകൾ (അഖണ്ഡഭാരതം)* 1940-47കാലത്ത് ഇന്ത്യയുടെ പല പ്രദേശങ്ങൾ സന്ദർശിച്ചതിന്റെയും യാത്രയ്ക്കിടയിലുണ്ടായ അപൂർവമായ അനുഭവങ്ങളുടെയും ഹൃദ്യമായ വിവരണമാണ്. ലാഹോറിലെ ഷാലിമർതോട്ടങ്ങൾ, തക്ഷശില, ലക്ഷ്മൺഝൂല, അയോധ്യ, ഉജ്ജയിൻ പട്ടണം, ജൂഹുവിലെ സന്ധ്യ, രക്തമണ്ഡപം, ദൽഹിയിലെ ചുവന്ന കോട്ട, കുത്തബ്മിനാർ, ആഗ്രാദുർഗം, ഫത്തേപ്പൂരി സിക്രി, അലഹബാദ്, കാശി (ബനാറസ്), സാരനാഥം, ശാന്തിനികേതനം, ഒറീസ്സയിലെ കാഴ്ചകൾ എന്നിങ്ങനെയുള്ള അധ്യായപ്പേരുകളിൽത്തന്നെ യാത്രാകേന്ദ്രങ്ങൾ വെളിവാകുന്നു. ദേശീയവീക്ഷണത്തോടെയും ദേശസ്നേഹത്തോടെയുമുള്ള അനുഭവാവിഷ്കാരങ്ങളാണ് ഇവയെല്ലാം. ഭാരതത്തിന്റെ സാംസ്കാരികസമ്പന്നതയ്ക്കുമുന്നിൽ അത്ഭുതംകൊള്ളുകയും ഭാരതത്തിന്റെ ജീവനാഡിയായ കർഷകന്റെ ദൈന്യതയിൽ വിഷമിക്കുകയും ചെയ്യുന്ന എസ്.കെ.യെ ഈ സഞ്ചാരലേഖനങ്ങളിലെല്ലാം കാണാം.

## ഹിമാലയ സാമ്രാജ്യത്തിൽ

പാർലമെന്റ് അംഗമായിരുന്ന കാലത്ത്, 1966ൽ, സുഹൃത്തുക്കളായ രണ്ട് എം.പി. മാർക്കൊപ്പം എസ്.കെ. പൊറ്റെക്കാട്ട് നടത്തിയ യാത്രയുടെ വിവരണമാണ് *ഹിമാലയസാമ്രാജ്യത്തിൽ* (1967). എസ്.കെ.യുടെ മറ്റു സഞ്ചാരകൃതികളിലെന്നപോലെ പ്രകൃതിയും മനുഷ്യരും ജനാധിപത്യവും ദേശീയതയും താരതമ്യവും ഭാഷയുമെല്ലാം ഇതിലും വിഷയമാകുന്നുണ്ട്. "ഭാരതഗ്രാമങ്ങളുടെ പ്രകൃതിയിൽനിന്ന് വളരെ വ്യത്യസ്തമായ ഒരു പ്രകൃതിയാണ് ഫാട്ടയിൽ ഞങ്ങളെ എതിരേറ്റത്. പാറക്കല്ലു പാവിയ ഇടുങ്ങിയ തെരുവിന്റെ ഇരുവശത്തും ഇരുണ്ടു വൃത്തികെട്ട പീടികവീടുകൾ പൊങ്ങിനിൽക്കുന്നു. കഴുകി വെടിപ്പാക്കുന്ന വേലയെല്ലാം ഇവർ പ്രകൃതിയിലെ മഴയ്ക്കും മണ്ണിനും വിട്ടുകൊടുത്തിരിക്കുകയാണെന്നു തോന്നുന്നു." എന്ന രീതിയിലുള്ള നർമവും കാരുണ്യവും കലർന്ന നിരീക്ഷണങ്ങളാൽ സമ്പന്നമാണ് ഈ ഗ്രന്ഥം. സഹയാത്രികനായ കോൺഗ്രസ്

ദേശീയവീക്ഷണത്തോടെയും ദേശസ്നേഹത്തോടെയുമുള്ള അനുഭവാവിഷ്കാരങ്ങളാണ് ഇവയെല്ലാം. ഭാരതത്തിന്റെ സാംസ്കാരികസമ്പന്നതയ്ക്കുമുന്നിൽ അത്ഭുതംകൊള്ളുകയും ഭാരതത്തിന്റെ ജീവനാഡിയായ കർഷകന്റെ ദൈന്യതയിൽ വിഷമിക്കുകയും ചെയ്യുന്ന എസ്.കെ.യെ ഈ സഞ്ചാരലേഖനങ്ങളിലെല്ലാം കാണാം.

എം.പി. കാശിനാഥ് ദൊരെയെക്കുറിച്ച് ഇങ്ങനെ: "ഈ വിദ്വാന് വേറൊരു ശീലം കൂടിയുണ്ട്; ഹിന്ദി വശമില്ലാത്തതുകൊണ്ട്, ഇംഗ്ലീഷറിഞ്ഞുകൂടാത്ത ഉത്തരേന്ത്യക്കാരോട്, തനിക്ക് സ്വല്പമെങ്കിലും അറിയാവുന്ന മറുനാടൻഭാഷയായ മലയാളം പറഞ്ഞുകളയും! (ദൽഹിയിൽ പുതുതായി വരുന്ന ചില മലയാളി നാടൻമാന്യന്മാർ ഹിന്ദിക്കാരോട് തമിഴ് പറഞ്ഞുപോകുന്ന തമാശ പലപ്പോഴും ഞാൻ കണ്ടിട്ടുണ്ട്.)"

1965 ജൂണിൽ നടത്തിയ യാത്രയാണ് എസ്.കെ.യുടെ *നേപ്പാൾ യാത്ര*യ്ക്ക് വിഷയം. ഒരു നാട്ടിൽപ്പോയാൽ അവിടെ കാണുന്നതും കേൾക്കുന്നതും മാത്രമല്ല, പുസ്തകങ്ങളിലൂടെ കിട്ടുന്ന വിവരങ്ങളും അറിയിക്കുക എന്നത് എസ്.കെ.യുടെ രീതിയാണ്. "പ്രാകൃതമായ സ്ഥലങ്ങളും കെട്ടിടങ്ങളും കാണാനാണ് പൊറ്റെക്കാട്ടിന് ഏറെയിഷ്ടം. ബദുയിനുകൾ (അറേബ്യൻ ഗോത്രവർഗം) താമസിക്കുന്ന സ്ഥലം സന്ദർശിക്കാൻ പൊറ്റെക്കാട്ട് ഒരു ദിവസം പുറപ്പെട്ടു. തലേന്നു രാത്രി ബദുവികളെക്കുറിച്ചുള്ള ഒരു പുസ്തകം അദ്ദേഹം വായിക്കുന്നത് ഞാൻ കണ്ടു. എന്തു സന്ദർശിക്കുന്നതിനു മുമ്പും പൊറ്റെക്കാട്ടിന് ഒരു ഹോംവർക്കുണ്ട്." എന്ന് എസ്.കെ.യുടെ യാത്രാവീക്ഷണത്തെ പുനത്തിൽ കുഞ്ഞബ്ദുള്ള അവതരിപ്പിച്ചിട്ടുണ്ട്. സൂക്ഷ്മമായ നിരീക്ഷണങ്ങളെയും യാത്രാവിശേഷങ്ങളെയുംകാൾ പുസ്തകങ്ങളിലൂടെ ലഭിച്ച ചരിത്രവിജ്ഞാനവും മറ്റും അവതരിപ്പിക്കുന്നതിനാണ് *നേപ്പാൾ യാത്ര*യിൽ എസ്.കെ. കൂടുതൽ ശ്രമിച്ചിരിക്കുന്നത്. എങ്കിലും 'പൊറ്റെക്കാട്ടിത്തം' തുടിച്ചുനിൽക്കുന്ന ധാരാളം നിരീക്ഷണങ്ങളും ഇതിൽ കാണാനാകും. ഒരുദാഹരണം: "അമേരിക്കയുടെ നേപ്പാൾ സൗഹാർദസഹായസംഘടനയുടെ ചിഹ്നം, കോർത്തുപിടിച്ച രണ്ടു ഹസ്തങ്ങളാണ്. അമേരിക്കൻഹസ്തവും നേപ്പാളിയുടെ ഹസ്തവും. അമേരിക്ക ഈ ചിഹ്നത്തിന് വലിയ പ്രാധാന്യം കല്പിച്ച് നേപ്പാളിൽ പ്രചരിപ്പിച്ചു. കുറച്ചുകഴിഞ്ഞപ്പോഴാണ് തങ്ങൾക്കു പറ്റിയ അമളി അവർക്കു മനസ്സിലായത്. മൂരിയിറച്ചി തിന്നുന്ന മ്ലേച്ഛന്റെ കൈ സനാതന ഹിന്ദുവിന്റെ കൈയിൽ തൊടുകയോ? നേപ്പാളികൾ അവജ്ഞയോടുകൂടിയാണ് അമേരിക്കയുടെ ഹസ്തദാനചിഹ്നത്തെ വീക്ഷിച്ചത്." ഹിമാലയപ്രദേശമായ നേപ്പാളിലേക്കുള്ള യാത്രയാണെങ്കിലും 'ഹിമാലയം' ഈ കൃതിയിൽ ഒട്ടും തന്നെയില്ല.

## ഉജ്ജയിനിയുടെ കാഴ്ചകൾ: ചില സംസ്കാരചിന്തകൾ

1940 ഓഗസ്റ്റിൽ ഉജ്ജയിനിയിലെത്തിയ എസ്.കെ. പൊറ്റെക്കാട്ട് നമുക്കു മുന്നിൽ അവതരിപ്പിക്കുന്നത് വ്യത്യസ്തമായൊരു ദൃശ്യമാണ്: "വിശ്വമഹാകവികളുടെയും വിക്രമചക്രവർത്തികളുടെയും വീരയോദ്ധാക്കളുടെയും വിലാസരംഗമായി, വിദ്യയുടെ കേന്ദ്രമായി, വിജ്ഞാനത്തിന്റെ വിസ്തൃതകേദാരമായി, ധർമ്മ(മത)പ്രചാരണത്തിന്റെ മർമ്മസ്ഥാനമായി, സമ്പത്തിന്റെ വിജയസ്തംഭമായി ഭാരതചരിത്രത്തിന്റെ പ്രകാശമാനമായൊരധ്യായം അവകാശപ്പെട്ട് നിലനിന്നിരുന്ന ആ പ്രാചീനനഗരത്തിൽ പദമൂന്നിയപ്പോൾ ആദ്യമായി എന്റെ ദൃഷ്ടിയിൽപ്പെട്ടത് തെരുവിൽ ചത്തുകിടക്കുന്ന ഒരു സാധുവിന്റെ ശവമാണ്. എനിക്കൊട്ടും അദ്ഭുതം തോന്നിയില്ല- ഞാൻ കയറിച്ചെല്ലുന്നത് ഒരു പുരാതനനഗരത്തിന്റെ ശ്മശാനവളപ്പിലേക്കാണല്ലോ." ഇതിനെക്കുറിച്ച് *സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ദീപശിഖ* എന്ന ലേഖനത്തിൽ (1983) പ്രൊഫ. സുകുമാർ അഴീക്കോട് എഴുതിയതിങ്ങനെയാണ്: "അന്നത്തെയും ഇന്നത്തെയും ഇന്ത്യയുടെ ദുഃഖകരമായ വ്യത്യാസത്തെ പൊറ്റെക്കാട്ട് ഏറ്റവും കലാനിപുണതയോടെ സൂചിപ്പിക്കുന്ന ഒരു വാക്യം ഉജ്ജയിൻപട്ടണത്തെക്കുറിച്ചുള്ള അധ്യായത്തിലുണ്ട്. ഉജ്ജയിനിയുടെ ചരിത്രമഹിമ സമ്പൂർണമായി ചിത്രീകരിക്കുന്ന ആ ദീർഘവാക്യം, എങ്ങനെ അദ്ദേഹം അവസാനിപ്പിക്കുന്നുവെന്നാണ് ശ്രദ്ധിക്കേണ്ടത്.... ഇവിടെ ഇതാ പഴയ ഭാരതത്തിന്റെ കനകസിംഹാസനത്തിന്മേൽ പുതിയ ഇന്ത്യയുടെ ജഡം വെറുങ്ങലിച്ചുകിടക്കുന്നു! കലാകാരനായ ഒരു കഥാകാരനേ ഇങ്ങനെ പരഭാഗഭംഗി കലർത്തി എഴുതാൻ കഴിയുകയുള്ളൂ."

ഭാരതത്തിന്റെ ആധ്യാത്മികവും സാംസ്കാരികവുമായ പാരമ്പര്യത്തെ യുക്തിപൂർവമായ കാഴ്ചപ്പാടോടെ മാത്രമേ എസ്.കെ. പൊറ്റെക്കാട്ട് എപ്പോഴും നോക്കിക്കണ്ടിട്ടുള്ളൂ. പാരമ്പര്യത്തിന്റെ പുറംമോടിയിലല്ല, ആന്തരികമായ ഉന്നതികളിലാണ് എസ്.കെ.യ്ക്ക് എപ്പോഴും താല്പര്യം. 1945 ഓഗസ്റ്റിൽ *അയോദ്ധ്യ* എന്ന ലേഖനത്തിൽ, ശ്രീരാമനും സീതയും വസിച്ചിരുന്നുവെന്നു കരുതപ്പെടുന്ന കെട്ടിടത്തെക്കു

റിച്ച് എസ്.കെ.പറയുന്നത്, "കനകഭവനം മനോഹരമായൊരു കെട്ടിടമാണ്. പക്ഷെ, അവിടെ അങ്ങനെയൊരെടുപ്പിന്റെ സാന്നിധ്യംതന്നെ നിരാശപ്പെടുത്തുന്നു... ഇതുപതാംനൂറ്റാണ്ടിലെ ഇഷ്ടിക ഒട്ടിച്ചേർന്ന ആ കെട്ടിടം നമ്മുടെ ആദരത്തെ അവഹേളിക്കുന്നു" എന്നാണ്. പലതവണ മാറ്റിപ്പണിതതിന്റെ ഫലമാണ് ഇന്നത്തെ കെട്ടിടം. തുടർന്ന് എസ്.കെ.യുടെ വാക്കുകൾ ശ്രദ്ധിക്കുക: "സഹസ്രാബ്ദങ്ങൾക്കപ്പുറമുണ്ടായിരുന്ന ശ്രീരാമന്റെ അരമനയ്ക്കുള്ള ഏറ്റവും മാന്യമായ സ്ഥാനം ഭാവനയിലാണ്. അതിന്റെ സൗന്ദര്യം തെളിയുന്നത് ശൂന്യതയിലാണ്. ആ കനകഭവനം, ഒരിഷ്ടിക പോലും ബാക്കിവയ്ക്കാതെ പൊളിച്ചു നീക്കി, ആ മൈതാനത്തിൽ ഇവിടെയായിരുന്നു രാമന്റെ രാജധാനി എന്നൊരു ബോർഡ് മാത്രം നിലനിർത്തിയാൽ, ആ സ്ഥലത്തിന്റെ പരിശുദ്ധിക്കു മാറ്റുകൂടുമായിരുന്നു." ഇന്ത്യൻ ആത്മീയതയിലൂന്നിയ ചിന്തയാണിത്. എന്നാൽ എസ്.കെ. ഇതെഴുതി അരനൂറ്റാണ്ടിനുശേഷവും നമ്മുടെ 'ആത്മീയവാദികൾ' രാമന്റെ പേരിൽ അന്യമത ആരാധനാലയങ്ങളുടെ കല്ലുകൾ പൊളിച്ചടുക്കുകയാണല്ലോ ചെയ്യുന്നതെന്നോർക്കുമ്പോൾ ഇഷ്ടികകളാൽ കൊട്ടിയടയ്ക്കപ്പെടുന്ന ഒരു സമ്പന്നപാരമ്പര്യത്തിന്റെ ഞരക്കം എവിടെയൊക്കെയോ ഉയർന്നുകേൾക്കുന്നു.

## ഗാന്ധിജിയുടെ സാന്നിധ്യം

ദേശാഭിമാനവും ദേശീയതയും പ്രകടിപ്പിക്കുന്നത് പലപ്പോഴും യാത്രയിൽനിന്നു ലഭിക്കുന്ന, ഗാന്ധിയെക്കുറിച്ചുള്ള അഭിപ്രായങ്ങളോ അനുഭവക്കുറിപ്പുകളോ കേട്ടുകേൾവികളോ വഴിയുമാവാമെന്നതിന് നിരവധി ഉദാഹരണങ്ങൾ മലയാളസഞ്ചാരസാഹിത്യത്തിലുണ്ട്. എസ്.കെ. പൊറ്റെക്കാട്ടിന്റെ *യാത്രാസ്മരണകൾ (അഖണ്ഡഭാരതം)* എന്ന യാത്രാലേഖനസമാഹാരത്തിലെ *ജൂഹുവിലെ സന്ധ്യ* എന്ന ലേഖനം ഗാന്ധിജിയെ നേരിട്ടുകാണുന്ന വികാരധന്യമായ സന്ധ്യയെക്കുറിച്ചുള്ള വിവരണമാണ്. 1944 മേയ് 14 ഞായർ. വൈകുന്നേരം 7.20. "പൂനയിലെ ആഗാഖാൻ കൊട്ടാരത്തിൽനിന്ന് പർണ്ണകുടീരത്തിലേക്കും, പിന്നെ അവിടെനിന്നു ജൂഹുവിലേക്കും നീങ്ങിയ ഗാന്ധിജിയെ ഒരു കണ്ണുകാണാൻ തിങ്ങിക്കൂടിയ ജനങ്ങളുടെ ഇടയിൽനിന്നു ഞാൻ തിക്കിത്തിരക്കി മുമ്പോട്ടുചെന്ന്, ആ പുണ്യവിഗ്രഹത്തെ കൺകുളുർക്കെ ഒന്നു നോക്കി." ആ സായാഹ്നത്തെ എസ്.കെ. പ്രതിഷ്ഠിക്കുന്നത് ഇങ്ങനെ: "ആ സായാഹ്നം എന്റെ ജീവിതത്തിലെ ഒരു പുണ്യവേളയായി ഞാൻ കരുതുന്നു. മഹാത്മജിയുടെ കാലത്താണ് ഞാൻ ജീവിക്കുന്നത്. ആ ഒരൊറ്റക്കാരണം കൊണ്ടുതന്നെ എന്റെ ജീവിതം സഫലമായി- ധന്യമായി."

ദേശീയതയെക്കുറിച്ചുള്ള അഭിമാനത്താൽ ത്രസിക്കുമ്പോഴും, സമബുദ്ധിയോടും വിമർശനദൃഷ്ടിയോടും ഗുണദോഷങ്ങൾ തിരിച്ചറിയാനും, 'നാനാത്വത്തിലെ ഏകത്വ'ത്തിലേക്കുള്ള വഴികൾ നിർദ്ദേശിക്കാനും എസ്.കെ. ശ്രമിച്ചിട്ടുണ്ട്. *സോവിയറ്റ് ഡയറി* (1957) യിൽ എസ്.കെ. പൊറ്റെക്കാട്ട് എഴുതി: "എന്റെ നാടും പുരോഗതിയിലേക്കു കുതിക്കുകയാണ്. അതിൽ ഞാൻ അഭിമാനം കൊള്ളുന്നു. എന്നാൽ ബംഗാളി, ഗുജറാത്തി, മറാത്തി, മലയാളി, തമിഴൻ ഇങ്ങനെയുള്ള പ്രാദേശികമനോഭാവം ഇന്ത്യയുടെ ദേശീയൈക്യത്തിനു മുറിവേല്പിക്കുന്നുണ്ട്. അതിന്റെ ഫലമായി ഇന്ത്യയിലെ, ഇതരപ്രദേശങ്ങളിലെ ജനങ്ങൾ, ഭൂപ്രകൃതി, കാലാവസ്ഥ, ഉല്പന്നങ്ങൾ, കലാവിശേഷങ്ങൾ ഇവയെക്കുറിച്ചു മനസ്സിലാക്കുവാൻ അഭ്യസ്തവിദ്യരായവർപോലും താല്പര്യം കാണിക്കുന്നില്ല. ഇന്ത്യയിലെ ഉത്തമമായതെല്ലാം തന്റെ സംസ്ഥാനത്തിലോ ജില്ലയിലോ ആണ് സ്ഥിതിചെയ്യുന്നതെന്ന ഒരു മിഥ്യാബോധമാണ് ഈ അപഹാസ്യമായ അജ്ഞതയെ വളർത്തിക്കൊണ്ടുവരുന്നത്. പ്രാദേശികബോധം പാടേ പിഴുതെറിഞ്ഞുകളയണമെന്ന അഭിപ്രായം എനിക്കില്ല. അത് ദേശീയൈക്യത്തിന് ദോഷം ചെയ്യരുതെന്നു മാത്രമേ പറയുന്നുള്ളു. ചണമില്ലുകളും 'ചൗരങ്കി'യും ടാഗോർകവിതകളും ബംഗാളികൾക്കുമാത്രം അവകാശപ്പെടാനുള്ളവയല്ല. ഇന്ത്യക്കാർക്കു മുഴുവനും സ്വന്തമെന്നഭിമാനിക്കാനുള്ളവയാണ്. അതുപോലെതന്നെ കുരുമുളകും കഥകളിയും 'കാലടി'യും കൃഷ്ണമേനോനും കേരളത്തിന്റെ മാത്രം കുത്തകയല്ല, ഇന്ത്യയുടേതാണ്."

> "ആ സായാഹ്നം എന്റെ ജീവിതത്തിലെ ഒരു പുണ്യവേളയായി ഞാൻ കരുതുന്നു. മഹാത്മജിയുടെ കാലത്താണ് ഞാൻ ജീവിക്കുന്നത്. ആ ഒരൊറ്റക്കാരണം കൊണ്ടുതന്നെ എന്റെ ജീവിതം സഫലമായി– ധന്യമായി."

## ജവാന്മാരും ദേശീയതയും

ജവാന്മാരെ ആരാധിക്കുന്നത്/ബഹുമാനിക്കുന്നത് ദേശീയൈക്യത്തെ ബലപ്പെടുത്തുന്ന ഘടകമായി എന്നും കരുതിപ്പോരുന്നു. ബദരീനാഥിനപ്പുറം ഇന്ത്യയുടെ അതിർത്തിഗ്രാമമായ മാനായിൽ കണ്ടുമുട്ടിയ യു.പി.ക്കാരനായ സൂര്യപ്രകാശ് എന്ന ഭടന്റെ അനുഭവകഥ കേട്ടശേഷം എസ്.കെ. പൊറ്റെക്കാട്ട് *ഹിമാലയസാമ്രാജ്യ*ത്തിൽ എഴുതി: "നമ്മുടെ രാജ്യത്തിന്റെ അതിർത്തികൾ കാത്തുരക്ഷിക്കുന്ന ഭടന്മാരുടെ സേവനവ്യഗ്രതയും സഹനശക്തിയും സ്ഥൈര്യവും ത്യാഗബുദ്ധിയും ഓർത്തു ഞാൻ അഭിമാനപുളകിതനായി. ഈ യാത്രയിൽ ഒരു പണ്ഡിതൻ എന്നോടുപറഞ്ഞ വാക്കുകൾ ഞാൻ ആവർത്തിക്കട്ടെ: 'മഞ്ഞുകാലം വരുമ്പോൾ ബദരീനാരായണമൂർത്തിപോലും അവിടെനിന്നു താഴെ നിലങ്ങളിലേക്ക് ഒഴിഞ്ഞുപോകുന്നു. അന്നും അപ്രദേശത്തു കാവൽനിൽക്കുന്ന നമ്മുടെ ജവാന്മാരെയല്ലേ, ദേവന്മാരെക്കാൾ കൂടുതൽ ആദരിക്കേണ്ടത്?" ഇതുതന്നെ മറ്റൊരു രൂപത്തിൽ ദേശീയതാവികാരമായി ഇതേ ഗ്രന്ഥത്തിൽത്തന്നെ പ്രകടിപ്പിക്കുന്നുണ്ട്. ഇന്ത്യാ-ചൈനായുദ്ധത്തെത്തുടർന്നുണ്ടായ അവസ്ഥയാണ് ചരിത്രപശ്ചാത്തലം. സ്ഥലം ബദരീപുരി-മാനാ. "ആയിരത്തോരു നൂറ്റാണ്ടുകൾക്കപ്പുറം, തിബത്തിൽനിന്നും ചീനയിൽനിന്നുമുണ്ടായേക്കാവുന്ന ബൗദ്ധാക്രമണങ്ങളിൽനിന്നു ഭാരതത്തെ രക്ഷിക്കാൻ ശങ്കരാചാര്യർ ഇവിടെ ഒരാധ്യാത്മിക കാവൽപോസ്റ്റ് പ്രതിഷ്ഠിച്ചു. ചരിത്രം ആവർത്തിക്കുകയാണ്. അതേ വർഗക്കാരുടെ രാഷ്ട്രീയാക്രമണത്തിനെതിരായി ഈ സ്ഥലത്തുതന്നെ നവീനഭാരതത്തിന് ഒരു കാവൽപോസ്റ്റ് പ്രതിഷ്ഠിക്കേണ്ടിവന്നു."

## ഗ്രാമീണലോകം

ഹിമാലയഗ്രാമങ്ങളുടെ യാചനാവസ്ഥയെക്കുറിച്ച് (മറ്റേത് ഇന്ത്യൻ വിദൂരദരിദ്രഗ്രാമങ്ങളുടെയും അവസ്ഥ ഏറെയൊന്നും വ്യത്യസ്തമല്ല) എസ്.കെ. പൊറ്റെക്കാട്ട് *ഹിമാലയസാമ്രാജ്യത്തിൽ* എഴുതി: "ഗർവ്വാളിന്റെ കാട്ടുമൂലകളിൽ കഴിയുന്ന ഈ കുട്ടികളെക്കുറിച്ച് ഞാൻ സഹതാപത്തോടെ ചിന്തിച്ചു. നല്ല നിറവും അഴകുമുള്ള ബാലികാബാലന്മാർ കീറിപ്പറിഞ്ഞ് അഴുക്കുനിറഞ്ഞ കുപ്പായവും ധരിച്ച് അലഞ്ഞുനടക്കുന്നു. വിദ്യാഭ്യാസം വേണമെന്നു വിചാരമില്ല; ഉണ്ടായാൽത്തന്നെ സ്കൂളുകൾ പത്തും പതിനഞ്ചും മൈൽ അകലെയായിരിക്കും. ദാരിദ്ര്യത്തിലും അജ്ഞതയിലുമാണ് ഈ ഭാരതീയസന്താനങ്ങൾ വളരുന്നത്. മുതിർന്നവരുടെയും സ്ഥിതി ഇതുതന്നെ. ഉപജീവനമാർഗം കൃഷിയൊന്നുമാത്രമാണ്. നിലങ്ങൾ മിക്കവാറും ഉണങ്ങിക്കിടക്കും. വെള്ളമില്ലാഞ്ഞിട്ടല്ല, ജലസേചനസൗകര്യം ഇല്ലാഞ്ഞിട്ട്. ഇവരുടെ വേറൊരു ശാപമാണ് അലസത. സർക്കാരോ മറ്റു വല്ലവരുമോ എന്തെങ്കിലും ചെയ്തുതരുമെന്ന വിചാരം ഇവരെ ഒരുതരം അഭയാർഥികളാക്കിയിരിക്കുന്നു. മാന്യരായ അപരിചിതരെ ആരെക്കണ്ടാലും ഇവർ പൈസ യാചിക്കും. കുട്ടികളും വൃദ്ധകളും മാത്രമല്ല, യുവതികൾ പോലും, നിറയെ വളകളണിഞ്ഞ കൈനീട്ടി, 'ബാബുജീ, പൈസ' എന്നു കെഞ്ചും."

കാശ്മീരിലെ കർഷകനെ *കാഷ്മീർ* എന്ന ഗ്രന്ഥത്തിൽ എസ്.കെ. അവതരിപ്പിച്ചതിങ്ങനെയാണ്: "...എന്നാൽ കാഷ്മീർ കർഷകൻ ഭാഗ്യവാനല്ല. പരദേശികൾ മാത്രമാണ് ആ പ്രകൃതിസൗന്ദര്യത്തെ ആസ്വദി

ക്കുന്നത്. കാഷ്മീർ കർഷകനു കിട്ടുന്നത് പ്രകൃതിയുടെ തണുത്ത പ്രഹരം മാത്രമാണ്. അവന്റെ വർഷത്തിന് ആറുമാസമേയുള്ളു. ആറുമാസം മഞ്ഞിനകത്ത്, മരത്തവളയെപ്പോലെ മയങ്ങുന്ന ജീവിതമാണ് അവന്റേത്. ശേഷിച്ച ആറുമാസത്തെ പ്രയത്നഫലത്തിൽ പകുതിയിലധികവും സർക്കാർ നികുതിയായി നീക്കിവയ്ക്കുകയും വേണം. അങ്ങനെ പ്രകൃതിയും രാജാവും ഒരുപോലെ പിഴിഞ്ഞെടുത്ത ആ ദരിദ്രപരിഷകളിൽ പ്രസാദമുള്ള ഒരു മുഖം കണ്ടെത്താൻ പ്രയാസമാണ്."

ലക്ഷ്മൺഝൂലയിൽനിന്ന് യാത്രയാകുമ്പോൾ (1940) എസ്.കെ. പൊറ്റെക്കാട്ട് (*യാത്രാസ്മരണകൾ-അഖണ്ഡഭാരതം*) ആ ഭൂമിയെക്കുറിച്ച് ചിന്തിക്കുന്നതിങ്ങനെ: "ആ ഋഷിഭൂമികളിലേക്ക് അവസാനമായി നോക്കിക്കൊണ്ട് ഞാൻ തനിയെ ചോദിച്ചു: 'ഈ വനസാമ്രാജ്യത്തിലെ ഋഷിസംസ്കാരം നശിക്കാതെ എന്നും നിലനിൽക്കുമോ?' നിലനിൽക്കുമെന്നു തന്നെയാണ് തോന്നുന്നത്. അവിടെ നശിക്കാനോ നശിപ്പിക്കാനോ വിശേഷിച്ച് ഒന്നുമില്ല. വൻനഗരങ്ങൾ മണ്ണപ്പങ്ങൾപോലെ നശിച്ചു മറഞ്ഞുപോയതും ബൃഹദ്സാമ്രാജ്യങ്ങൾ കൽപ്പലകയിലെ ചിത്രങ്ങൾ പോലെ തനിയെ മാഞ്ഞുപോയതും നാം കാണുന്നില്ലേ? തലച്ചോറിന്റെ രസതന്ത്രങ്ങൾകൊണ്ട്, ആകാശത്തിൽ വെടിക്കെട്ടുകൾ നടത്തി, അതിന്റെ ഒച്ചപ്പാടിലും നിറപ്പകിട്ടിലും ഭ്രമിച്ച്, ചെറുകിടാങ്ങളെപ്പോലെ ആഹ്ലാദം കൊള്ളുകയും തുള്ളിച്ചാടുകയും ചെയ്യുന്ന, പരിഷ്കൃതജനതയെ നോക്കി പുഞ്ചിരിതൂകുന്ന ഒരു പഴയ സത്യമാണ് ഇവിടെ കുടികൊള്ളുന്നത്."

## പൊറ്റെക്കാട്ടിന്റെ 'മറുനാടൻ'കേരളം

കേരളത്തിനു പുറത്തുള്ള ഏത് പ്രദേശത്തെക്കുറിച്ചുള്ള വിവരണമായാലും,




അവിടങ്ങളിൽ കേരളത്തിന്റെ സാമ്യതയോ വ്യത്യസ്തതയോ കാണുന്നതിനുള്ള -അഥവാ കേരളത്തെ കണ്ടെത്തുന്നതിനുള്ള- ശ്രമം മലയാളസഞ്ചാരസാഹിത്യകൃതികളിൽ കാണാം. പലപ്പോഴും ഇതൊരു ഗൃഹാതുരത്വം തന്നെയായി മാറുന്നുണ്ട്. സ്വയംവിമർശനത്തിനും സ്വയം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള മലയാളിസഞ്ചാരസാഹിത്യകാരന്റെ ശ്രമം കൂടി ഇവിടെക്കാണാം. ചിലപ്പോഴത് മറ്റുള്ളവരുടെ കുറ്റങ്ങളിലൂടെ സ്വന്തം മേന്മ കണ്ടെത്തലുമാവാം. മറ്റൊരു രീതിയിൽ ഇതിനെക്കുറിച്ച് *ബാലിദ്വീപിൽ* എസ്കെ. പൊറ്റെക്കാട്ട് എഴുതിയിട്ടുണ്ട്: "പല ലോകസഞ്ചാരികൾക്കും അനുഭവപ്പെടുന്ന ഒരു വസ്തുതയാണിത്. വിഭിന്ന ഭൂവിഭാഗങ്ങളിലെ -തമ്മിൽ ആയിരക്കണക്കിനു മൈലുകൾ അകന്നുകിടക്കുന്ന പ്രദേശങ്ങളിലെ- ചില സ്ഥലങ്ങൾക്കും കാഴ്ചകൾക്കും തമ്മിലുള്ള സാദൃശ്യം." മലയാളസഞ്ചാരസാഹിത്യകൃതികളിൽ പ്രകൃഷ്ടമെന്ന വിശേഷണത്തിനർഹമായ *ബാലിദ്വീപിൽ* എസ്.കെ. നാലായിരം മൈലുകൾക്കകലെ ഒരു കൊച്ചുകേരളത്തെ സംസ്കാരത്തിലും പ്രകൃതിയിലും ജനജീവിതത്തിലും കണ്ടെത്തുകയായിരുന്നു. *ബാലിദ്വീപിൽ* മാത്രമല്ല, പൊറ്റെക്കാട്ട് എവിടെയൊക്കെ സഞ്ചരിച്ചിട്ടുണ്ടോ, അവിടെയൊക്കെ കേരളത്തിന്റെ സാമ്യം കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്.

*ജുഹുവിലെ സന്ധ്യ* എന്ന യാത്രാലേഖനത്തിൽ എഴുതുന്നു: "കടൽക്കരയോടു തൊട്ട് തെല്ലൊന്നുയർന്ന വിശാലമായൊരു പറമ്പ്. അഞ്ചാറു തെങ്ങുകളും കരിഞ്ഞൊരു പനയും തലയുയർത്തി നിൽക്കുന്ന ആ പറമ്പ് മലയാളക്കരയിൽ നിന്നു പറിച്ചെടുത്തുവച്ചതാണെന്നു തോന്നും." മറ്റൊരു ഭൂമിശാസ്ത്രതാരതമ്യം *ഹിമാലയസാമ്രാജ്യത്തിൽ* ഉണ്ട്. "കോഴിക്കോട്ടെ വൈത്തിരിച്ചുരം റോഡിലൂടെ ബസ്സിൽ നാലായിരം അടി ഉയരത്തിലേക്ക് എട്ടുമൈൽ ദൂരം സഞ്ചരിക്കുമ്പോൾ അതൊരു സാഹസികയാത്രയായി പലർക്കും അനുഭവപ്പെടാറുണ്ടല്ലോ. എന്നാൽ ഹൃഷീകേശത്തിൽനിന്നു ബദരീനാഥത്തിലേക്കുള്ള ചേടക്ക് പാത, ഹൃഷീകേശത്തിലെ 1,120 അടി പൊക്കത്തിൽനിന്ന് പല മലകളെയും പറ്റിപ്പിടിച്ചും ചുറ്റിക്കേറിയും ഒടുവിൽ ബദരീനാഥത്തിന്റെ 10,244 അടി ഉയർച്ചയിലേക്ക് ഇഴഞ്ഞുമെത്തുന്ന, തുടർച്ചയായുള്ള 200 മൈൽ ചുരം റോഡാണ്. ഈ ഹിമാലയൻ പെരുമ്പാമ്പിനോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ നമ്മുടെ വൈത്തിരിച്ചുരം റോഡ് വെറുമൊരു ഞാഞ്ഞൂലാണ്." ഭൂപ്രകൃതിപോലെതന്നെ ആചാരങ്ങളും പൊറ്റെക്കാട്ടിന്റെ സാമ്യപ്പെടുത്തലിന് വിധേയമാകുന്നുണ്ട്. *ഹിമാലയസാമ്രാജ്യത്തിൽ* തന്നെയുള്ള ഒരു ദൃശ്യം: "ആർതിയുടെ സമയത്ത് തീർത്ഥാടകർ പന്തങ്ങളും തിരികളും കത്തിച്ച് ഇലക്കുമ്പിളിൽ കുത്തി ഗംഗയിൽ ഒഴുക്കുന്നത് ഹൃദയംഗമമായൊരു ദൃശ്യമാണ്. ശബരിമലയാത്രയിൽ അയ്യപ്പന്മാർ ത്രിവേണിയിൽ ഒഴുക്കുന്ന ലക്ഷദീപങ്ങളുടെ കാഴ്ച അനുസ്മരിച്ചുപോകും."

*നേപ്പാൾയാത്ര*യിൽ കാഠ്മണ്ഡുവിലുള്ള "പശുപതിനാഥക്ഷേത്രത്തിലെ ഭിത്തികളിൽ കാണുന്ന ലൈംഗികക്രീഡാചിത്രങ്ങളും ഗുരുവായൂരിനെ അനുസ്മരിപ്പിക്കുന്നു. ഇവിടെ ഭിത്തിസാഹിത്യം കൂടുതൽ വീര്യവും വൈചിത്ര്യവും വഹിക്കുന്നുണ്ടെന്നുമാത്രം." എന്ന് എസ്.കെ. പൊറ്റെക്കാട്ട് എഴുതിയിട്ടുണ്ട്. പശുപതിനാഥക്ഷേത്രത്തിൽനിന്നു പുറത്തിറങ്ങുമ്പോഴുള്ള കാഴ്ചയെക്കുറിച്ച്, "അവിടെ അങ്ങനെ പല തമാശകളും നോക്കി രസിച്ചുകൊണ്ടുനിൽക്കുമ്പോൾ ഗുരുവായൂർ നടയ്ക്കലെ അങ്ങാടിയിലെ ഒരു രംഗം എന്റെ മനസ്സിലേക്കിഴഞ്ഞുവന്നു" എന്നാണ് പൊറ്റെക്കാട്ടിന്റെ ഗൃഹാതുരത്വം. നരവംശപരമായ രസകരമായ ഒരു താരതമ്യംകൂടി പൊറ്റെക്കാട്ട് ഈ കൃതിയിൽ നടത്തുന്നുണ്ട്: "നേവാരികൾ പൊതുവെ ഭീരുക്കളായിരുന്നു. ബുദ്ധമതക്കാരായതുകൊണ്ടാണ് തങ്ങളെ ഗൂർഖകൾ സംഹരിപ്പാനൊരുങ്ങി വരുന്നതെന്നു കരുതി നേവാരികൾ, തങ്ങൾ ന്യാസദേവന്റെ സേനയിലെ ദക്ഷിണേന്ത്യൻ നായന്മാരുടെ സന്തതികളാണെന്നും നേവർ എന്നതു നായന്മാരുടെ തദ്ഭവമാണെന്നും, അക്കാരണത്താൽ തങ്ങൾ ഹിന്ദുക്കളാണെന്നും അവർ ന്യായവാദം പുറപ്പെടുവിച്ചതായി നേപ്പാൾ ചരിത്രത്തിൽ പ്രസ്താവിച്ചിട്ടുണ്ട് (9-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ നേപ്പാളിനെ ആക്രമിച്ച ഒരു ഹൈന്ദവരാജാവായിരുന്നു ന്യാസദേവൻ). നേവാരികളുടെ ആ നായർപാരമ്പര്യവാദം ശരിയാണോ, അല്ല, തത്ക്കാലം തടിതപ്പാൻ അവർ അങ്ങനെ തട്ടിവിട്ടതാണോ എന്നു നിശ്ചയമില്ല. ഇളകുളം കുഞ്ഞൻപിള്ളയെപ്പോലുള്ള ചരിത്രഗവേഷകന്മാരുടെ ചിന്തയ്ക്ക് ഞാനിക്കാര്യം വിട്ടുകൊടുക്കുന്നു. (ആസ്സാമിലെ നാഗന്മാരുടെ സന്തതികളാണ് കേരളത്തിലെ നായന്മാർ എന്നു ചില ചരിത്രഗവേഷകന്മാർ അഭിപ്രായപ്പെട്ടതും ഇവിടെ ഓർത്തുപോകുന്നു.)"

താൻ കണ്ട രാജ്യങ്ങളെക്കുറിച്ച് ഒരഭിമുഖത്തിൽ എസ്.കെ. പറഞ്ഞത് ഈ ലോകസഞ്ചാരിയുടെ യാത്രാദർശനം വ്യക്തമാക്കുന്നു. "പല രാജ്യങ്ങളും പല നിലയ്ക്കാണ് എന്നെ ആകർഷിച്ചിട്ടുള്ളത്. എന്നാൽ ഇന്നും എന്റെ ഹൃദയത്തിൽ മായാതെ കിടക്കുന്ന രാജ്യം ആഫ്രിക്കയാണ്. കാരണം, അവിടെയാണ്, അവിടെ മാത്രമാണ് യഥാർഥ മനുഷ്യൻ എന്ന അസംസ്കൃതജീവിയെ, പച്ച മനുഷ്യനെ ഞാൻ കണ്ടത്. പിന്നെ, പ്രകൃതിസൗന്ദര്യം കൊണ്ട് എന്നെ ആകർഷിച്ച രാജ്യം ഇന്നും 'സ്വീറ്റ്സെവന്റീനി'ൽ കഴിയുന്ന സ്വിറ്റ്സർലന്റാണ്. കൂട്ടത്തിൽ ഒരു സ്വകാര്യവും പറയട്ടെ, കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ നിത്യഹരിതഭൂമിയായ കേരളത്തെപ്പോലെ എന്റെ ഹൃദയംകവർന്ന ഒരു രാജ്യവും ഈ ലോകത്തിലില്ല." ■

പ്രൊഫ. ജി. ബാലചന്ദ്രൻ

**കയർ എന്ന ഇതിഹാസ നോവലിലൂടെ ആറു തലമുറയുടെ കഥ പറയുന്ന തകഴി കഴിഞ്ഞ 250 വർഷത്തെ കേരളീയ സാമൂഹിക ചരിത്രമാണ് ആഖ്യാനം ചെയ്യുന്നത്. 1912 ഏപ്രിൽ 17 ന് ജനിച്ച തകഴിയുടെ 101 ാം ജന്മവാർഷിക വേളയിൽ, മലയാള സാഹിത്യത്തിൽ കയർ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ഒരു വിലയിരുത്തൽ**

# തകഴിയുടെ കയർ : അരങ്ങും അണിയറയും



തകഴിയുടെ 'കയറി'നെ മലയാളത്തിന്റെ ചരിത്രപേടകം എന്നു വിശേഷിപ്പിക്കാം. കൊല്ലവർഷം 1111 ൽ  അമ്പലപ്പുഴ മുൻസിഫ് കോടതിയിൽ പി. പരമേശ്വരൻ പിള്ളയുടെ ജൂനിയറായി തകഴി പ്രാക്ടീസ് ചെയ്തകാലം മുതൽ ഒരു പതിവുണ്ടായിരുന്നു. നൂറോ നൂറ്റമ്പതോ വർഷം പഴക്കമുള്ള രേഖകളുടെ പിൻബലത്തിലുള്ള കേസുകൾ പലതും ഒരു കൗതുകത്തിനുവേണ്ടി അദ്ദേഹം വെറുതേ വായിക്കുമായിരുന്നു. പലതും വസ്തുവ്യവഹാരങ്ങളായിരുന്നു. ഇത്തരത്തിലുള്ള കേസുകൾ ഉണ്ടാകാനുള്ള കാരണമെന്തായിരിക്കുമെന്ന ചിന്തയാണ് കൂടുതൽ വായനയ്ക്ക് പ്രേരകമായത്. ആ കേസുകളിലെ കക്ഷികളും സാക്ഷികളും എന്നോ മരിച്ചുപോയവരായിരുന്നു എന്നതാണ് വിചിത്രമായ സത്യം.

മണ്ണു നഷ്ടപ്പെടാൻ വിസമ്മതിച്ചവരുടെ പോരാട്ടങ്ങളുടെ കഥയാണ് അതിലൂടെ ചുരുളഴിഞ്ഞത്. ആലപ്പുഴ താലൂക്കോഫീസിൽ കേസിനാസ്പദമായ രേഖകൾ പരതിയ തകഴി കണ്ടത് കുന്നുകൂടി കിടക്കുന്ന കേസുകളാണ്. പതിറ്റാണ്ടുകളായി കേസുനടത്തി മുടിഞ്ഞ മനുഷ്യരുടെ കണ്ണീരൊപ്പാൻ പോന്ന രേഖകളും അതിലുണ്ടായിരുന്നു. ഇരട്ടവാലൻ പുഴുവിന്റെയും പാറ്റകളുടെയുമിടയിൽ കുടുങ്ങിപ്പോയ ജീവിതങ്ങൾ തകഴിയോടു പലതും പറഞ്ഞു. ജന്മിത്തം അവസാനിച്ച് ഭൂവുടമകൾ രൂപംകൊണ്ടതിന്റെ കഥകളായിരുന്നു പലതും. അതാണ് കയറിനു പ്രേരകമായത്.  ജീവിതംപോലെ ഇഴപിരിഞ്ഞുപോകുന്ന കയർ. കയർ എന്നു പേരിട്ടതിന്റെ ഔചിത്യത്തെക്കുറിച്ച് തകഴി ഒരിക്കൽ ഇങ്ങനെ പറഞ്ഞു:

കയറുമായി ഇതിനൊരു ബന്ധവുമില്ല. ഞാനുദ്ദേശിച്ചതിത്രേയുള്ളു. രണ്ടറ്റവും പിരിച്ചുപിരിച്ചുകൊണ്ടുപോകാം. ആരംഭിച്ച ഘട്ടം മുതൽ പിന്നിലേക്കും അവസാനിച്ച ഘട്ടം മുതൽ മുന്നിലേക്കും വലിച്ചുകൊണ്ടുപോകാം. കയറിന്റെ ഒരു കഷ്ണം എടുത്തു കാണിക്കുന്നു എന്നു മാത്രം.

കയറിൽ പലപല തലമുറകൾ കടന്നുപോകുന്നുണ്ട്. മിഴിവുനേടിയവരും അല്ലാത്തവരുമായ കഥാപാത്രങ്ങൾ ഓരോ തലമുറയിലുമുണ്ട്. ആറുതലമുറയുടെ കഥ പറയുന്ന തകഴി കഴിഞ്ഞ ഇരുന്നൂറ്റമ്പതു വർഷത്തെ കേരളീയ സമൂഹചരിത്രമാണ് ഈ കൃതിയിൽ ഇഴപിരിച്ചു ചേർത്തിരിക്കുന്നത്. കയറിന്റെ ആഖ്യാനം കാലത്തിന്റെ അനന്തതയെ ധ്വനിപ്പിക്കുന്നതായി പറയപ്പെടുന്നു. ദേശവും മണ്ണും കൈമാറ്റം ചെയ്യപ്പെടുന്നതിനെ സംബന്ധിച്ച് തകഴി വികസിപ്പിച്ചെടുത്ത സാർവലൗകിക വീക്ഷണം ഇതിലുണ്ട്. മാറിയ സമൂഹത്തിന്റെ കഥ പറയാൻ തകഴിക്കു തുല്യമായി തകഴിമാത്രമേയുള്ളു എന്ന് കയർ തെളിയിക്കുന്നു. ഇരുപതാം നൂറ്റാണ്ടിൽ ജീവിച്ചുകൊണ്ട് അനാഥത്വവും ദുരിതവും സ്വാംശീകരിച്ചെടുക്കുകയാണ് തകഴി. മനുഷ്യനുമേൽ പ്രകൃതി നടപ്പാക്കുന്ന അലംഘനീയമായ നിയമങ്ങൾ കയറിലൂടെ തകഴി കാണിച്ചു തരുന്നു.

ജീവിതമെന്ന മഹാപ്രഹേളികയുടെ അർഥങ്ങളും അർഥമില്ലായ്മകളും രസപൂർണിമകളും ദുരന്തങ്ങളും  മനുഷ്യമനസ്സിന്റെ അനന്തമായ വ്യാകുലതകളും അതിലെ മലനിരകളും ചുഴികളും പ്രകൃതിയുടെ താളവും താളപ്പിഴകളുമെല്ലാം കയറിൽ അനാവൃതമാക്കുന്നു. തകഴി ഒരിക്കലും കഥ എഴുതുന്നില്ല, കഥ പറയുന്നേയുള്ളു.

കടന്നുപോയ ഒരു നൂറ്റാണ്ടിന്റെ വിങ്ങലും വേദനയുമായി, അന്തഃക്ഷോഭവും കൊടുങ്കാറ്റുമായി വരാനിരിക്കുന്ന

നൂറ്റാണ്ടിനെ നോക്കി ചെറുതായൊന്നു ചിരിച്ച്, മുറുക്കിത്തുപ്പി ശങ്കരമംഗലം തറവാടിന്റെ പൂമുഖത്ത് തകഴി എന്ന കഥയുടെ കാരണവർ കഥപറയാനിരിക്കവെ - തലമുറകൾ ആ കഥ കേൾക്കാൻ കാതോർക്കുന്നു.

തകഴിയുടെ ബൃഹത്തും മഹത്തുമായ കൃതി എന്നാണ് കയറിനെ വിശേഷിപ്പിക്കാറുള്ളത്. സമസ്ത മാനുഷിക പ്രശ്നങ്ങളുടെയും ഇഴകൾ കൂട്ടിപ്പിരിച്ചെടുത്ത ഐതിഹാസികമാനങ്ങളോടുകൂടിയ കൃതിയാണ് കയർ. സൂക്ഷ്മങ്ങളും സുശക്തങ്ങളുമായ ഭാവങ്ങളും അർഥപരമായ ധ്വനികളും ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിൽ വാമൊഴിയും വരമൊഴിയും കൂട്ടിപ്പിരിച്ചുണ്ടാക്കുന്ന കയറിന്റെ ബലം തന്നെയാണ് തകഴിയുടെ കയറിനുള്ളത്.

കയർ തകഴിയുടെ കഥാപാത്ര ഗ്യാലറികൂടിയാണ്. എല്ലാ ചിത്രകലാ സങ്കേതങ്ങളേയും അനുസ്മരിപ്പിക്കുന്ന രീതിയിൽ വരച്ചതെന്നു തോന്നും ഇതിലെ കഥാപാത്രങ്ങൾ. കൊച്ചുപിള്ളയ്ക്കും ഭാര്യയ്ക്കും മാത്രമല്ല അവരുടെ ചുറ്റും കറങ്ങിത്തിരിയുന്ന ജന്മിമാരുടെ പ്രേതങ്ങൾക്കും കയറിൽ നല്ല മിഴിവുകിട്ടിയിട്ടുണ്ട്. തകർന്നു വീഴുന്ന കുടുംബങ്ങളുടെ അവശിഷ്ടങ്ങളിൽ നിന്ന് നാം പിടിച്ചെടുക്കുന്ന ആളുകൾ അനവധിയാണ്. ശീലാന്തിപ്പിള്ളിൽ കല്യാണിയമ്മയേയും ചീരട്ടക്കൈമളേയും കോടാന്ത്രക്കുഞ്ഞമ്മയേയും പരുത്തിക്കാട്ട് ഔതയേയും... അങ്ങനെ നാനാജാതി മതസ്ഥർ. ആണുംപെണ്ണും കുഞ്ഞുങ്ങളും യുവാക്കളും മധ്യവയസ്കരും വൃദ്ധരും. ചിന്തകൊണ്ടും പ്രവൃത്തികൊണ്ടും വ്യത്യസ്തരായ അനേകം കഥാപാത്രങ്ങൾ ഒരു ഗ്രാമത്തിന്റെ ചരിത്രാവബോധത്തിൽ തെളിഞ്ഞു നിൽക്കുകയാണ്. കുട്ടനാടൻ മുദ്ര ചാർത്തിയ ഇവർക്ക് തകഴി വിശ്വപൗരത്വം നൽകിയിരിക്കുന്നു.

ഒരു സർഗമനസ്സ് എത്രയോ മനസ്സുകളായി വേർതിരിഞ്ഞ് അവർക്കുള്ള ഭാഗം അഭിനയിക്കുന്ന കാഴ്ചയാണിവിടെ കാണുന്നത്. കഥയെഴുതിയ ആളിനുവേണ്ടി കഥപറയുന്ന ആൾ പറയുന്ന സംഭവങ്ങളിൽ നിന്ന് പകർന്നാടി ചരിത്രത്തിന്റെ ചലനാത്മകത ഇവിടെ നാം അടുത്തറിയുന്നു. തങ്ങളെ സൃഷ്ടിച്ച് ഊരും പേരും നൽകി വളർത്തി, ഗ്രന്ഥത്താളുകളിൽനിന്ന് ജനമദ്ധ്യത്തിലേക്കിറക്കിക്കൊണ്ടുവന്ന് കഥയാടിച്ച കഥാകാരന്റെ മുന്നിൽ അവരെല്ലാം വന്ന് അവരവരുടെ സ്വതഃസിദ്ധരീതിയിൽ ഔപചാരികതയില്ലാതെ നന്ദി പറയുന്നു, കുശലം ചോദിക്കുന്നു, ചിരിക്കുന്നു, കരയുന്നു, മഹാകാലത്തിന്റെ പ്രവാഹതീരത്ത് ആവാഹിത രൂപങ്ങളെപ്പോലെ ആരാധനയർപ്പിക്കുന്നു.

നായരും നാട്ടിലെ നായന്മാർക്കൊക്കെ ഗുരുസ്ഥാനീയനും എവിടെയും പൂജ്യാസനമുള്ളവനുമായ പള്ളിച്ചാൻ നായരുടെ പ്രതാപം മറ്റു നായന്മാരുടെ അടുക്കളയുടെ കവാടസ്ഥാനത്ത് അവസാനിക്കുന്നു. താൻ തരംതാണ നായരാണെന്ന അറിവും തന്റെ അടുക്കള അന്യനായർ സ്ത്രീകൾക്ക് അയിത്തസ്ഥാനമാണെന്ന അറിവും താൻ തൊട്ടതോ തന്റെ വീട്ടിലെ സ്ത്രീകൾ പാകം ചെയ്തതോ ആയ ഭക്ഷണം മറ്റു നായന്മാർ കഴിക്കുന്നത് പാപമാണെന്ന അറിവും അവിടത്തെ കരയ്ക്കു ഗുരുനാഥനായ ശീലാന്തിപ്പിള്ള പരമു ആശാന്റെ വിജ്ഞാനത്തിന്റെ ഭാഗമാണ്. ഉയർന്ന നായർ കുടുംബത്തിലെ സ്ത്രീയുമായി രഹസ്യമല്ലാത്ത ബന്ധത്തിന് ശ്രമിക്കുന്ന താഴ്ന്ന ജാതിക്കാരനായ നായർ ഭ്രഷ്ടിനും സമുദായവിലക്കിനും പാത്രമാകുന്ന നീചനാണ്. അത്തരം വേഴ്ചയ്ക്കു വശപ്പെടുന്ന നായർ സ്ത്രീ ഭ്രഷ്ടയാവുന്നതോടൊപ്പം കുടുംബത്തിനും തീരാക്കളങ്കം ചേർക്കുന്ന കുലടയുമാണ്.

ഔപചാരികമായ സംബന്ധക്കാരനില്ലാതെ ഗർഭം ധരിച്ചാൽ, പുടവ കൊടുക്കാൻ ഒരു പരദേശിപ്പട്ടരെ കിട്ടാതെ വരികയും ചെയ്താൽ, അവൾ കുടുംബവിനാശകാരിണിയായ വേശ്യയാണ്. ഗർഭമേൽക്കൽ സ്ഥിരം തൊഴിലാക്കിയവനാണെങ്കിലും ഒരാൾ ബ്രാഹ്മണനാണെങ്കിൽ പൂജ്യനാണ്. അവിടെ വേലുച്ചോവനും ഇട്ടിച്ചോവനും കള്ളുപാടികൾ നടത്തുന്നു. ഔതമാരും പീലിമാരും അവർക്കു തോന്നുമ്പോൾ അവിടെ ചെല്ലുന്നു. കുഞ്ഞൻ നായന്മാർ സന്ധ്യകഴിഞ്ഞ് അവിടെ ചെന്നടിയുന്നു.

ചീരട്ടയിലേയും കോന്നോത്തേയും ജംഗമരായ ചേന്നപ്പുലയന്മാർ, പാടത്തിന്റെ വരമ്പുകളിലും പാടത്തിനതിരുചേർന്ന ചുടലപ്പറമ്പുകളിലും കൂര കെട്ടിക്കൂട്ടി പുലരുകയും, ചെനയ്ക്കുമ്പോൾ ചെനക്കടി മാറ്റിക്കൊടുക്കാൻ ശരീരശക്തിയുള്ള ഈ ചേന്നപ്പോത്തിന്റെ കൂടെ കിടമത്സരം കൂടാതെ ഊഴം പാർത്ത് കുഞ്ഞാളി, കൊച്ചിരി, ഉലകി എന്നിങ്ങനെയുള്ള എരുമപ്പെണ്ണാളുകൾ സുഖിച്ചു ജീവിക്കുകയും ചെയ്യുന്നു.

പേരിനു സംബന്ധക്കാരനില്ലാതെ അനന്തിരവൾ ഗർഭം മുഴുമിക്കുന്നതുകാണാൻ കെൽപ്പില്ലാതെ ജീവിത വിരക്തിവന്നു കാശിക്കുപോകുന്ന ശീലാന്തിപ്പിള്ളി പരമുപിള്ള ആശാൻ മാത്രമല്ല, ജാത്യാഭിമാനി. പള്ളിച്ചാൻ നായരായ ചൂതാരത്ത് ഇട്ടുണ്ണാന്റെ കൂട്ടിൽ ഗർഭം ധരിച്ച് അയാളോടൊത്തു സുഭിക്ഷമായി പൊറുക്കുന്ന അരയ്ക്കാട്ടു നാണിയെ തറവാടു വിലക്കിവിടുന്ന അരയ്ക്കാട്ട് കിട്ടുശ്ശാരുമാത്രമല്ല ജാത്യാഭിമാനി. അതുപോലെ അനന്തവും സങ്കീർണവുമായ ജാത്യാഭിമാനികളുടെയും കുടുംബാഭിമാനികളുടെയും ഒരു നീണ്ട നിരതന്നെ കയറിലുണ്ട്. ജാത്യാചാരം ലംഘിച്ചു മീനുണക്കുന്ന പണിക്കുപോയ വട്ടത്താനെ വീട്ടിൽ കയറ്റാതെ വിടുന്ന ചേന്നപ്പുലയൻ വരെ നീളുന്നു കയറിന്റെ ലോകത്തിലെ ജാത്യാഭിമാനികളുടെ നിര. ഇവിടെ അസദൃശമായ ഒരു സാമൂഹികചരിത്രമായി തകഴിയുടെ കയർ മാറുകയാണ്.

കുട്ടനാടിന്റെ ഇതിഹാസമായി ഇതിനെ വിശേഷിപ്പിക്കുന്നവർ ആ കൃതിയുടെ വിശ്വരൂപം ദർശിക്കാത്തവരാണ്. കേരളത്തിലെ ഗതകാലജാതിസമൂഹത്തിന്റെ അതിസൂക്ഷ്മവും സമഗ്രവുമായ സാമൂഹികചരിത്രം ജീവത്സ്വരൂപത്തിൽ സങ്കൽപിക്കാൻ മാത്രമല്ല, സമ്പൂർണമായ ജീവത്പ്രതീതിയോടെ അതു ചിത്രീകരിക്കാൻ കൂടി കഴിഞ്ഞ തകഴി, കേരള ചരിത്രത്തിന്റെയും മലയാള സാഹിത്യത്തിന്റെയും മുമ്പിൽ പുതിയൊരു ചക്രവാളമാണ് ഇതിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. (പി.കെ. ബാലകൃഷ്ണൻ, തകഴിയുടെ കയറിലേക്ക് ഒരു നടപ്പാത).

അവിടെ കരയ്ക്കുനാഥന്മാരായ കോടാന്ത്രയും കോന്നോത്തും ചീരട്ടയിലും എന്നു വേണ്ട ഏതു വീട്ടിലും വിളക്കെരിയണമെങ്കിൽ ചക്കുകാരൻ ഔതയുടെ വീട്ടിൽ ഏൽപ്പിച്ച പുന്നക്കായുടെ എണ്ണതന്നെ വേണം. രാവിലെ വീട്ടുമുറ്റത്തുകാണുന്ന ചൂട്ടുകറ്റകളെണ്ണി അവിടെ തറവാട്ടമ്മമാർ പെൺമക്കളുടെ ജീവിത സൗഭാഗ്യത്തിന്റെ നിജസ്ഥിതി തിട്ടപ്പെടുത്തുന്നു. മഹാപ്രതാപികളായ അവിടത്തെ തറവാട്ടുകാരണവന്മാർ താവഴികളിലേക്ക് ആളെണ്ണി പടുതി നിശ്ചയിച്ച് ചെലവിനു നെല്ലു കൊടുക്കുകയും ആണ്ടോടാണ്ട് വിത്തിനും കൃഷിച്ചെലവിനും നെല്ലുകടംകൊണ്ട് മൂലധനമില്ലാതെ കൃഷി നടത്തുകയും ചെയ്യുന്നു.

കടം കൊണ്ട മൂലധനത്തിൽ നിന്ന് മങ്കൊമ്പു സ്വാമിയെന്ന മഹാമൂർത്തി അവതാരം കൊള്ളുന്നു. പിന്നീട് പരുത്തിക്കാട്ട് ഔതമാരും വട്ടത്തറ പീലിമാരും മങ്കൊമ്പ് സ്വാമിയെന്ന മൂർത്തിയുടെ ഭൂതഗണങ്ങളായി അരങ്ങുവാഴുന്നു. ചിട്ടയായി നടക്കുന്ന കൃഷിയിൽ വിള വർധിക്കുകയും കൃഷിയിറക്കാതെ കിടന്ന കൃഷിഭൂമിയും അല്ലാതെ കിടന്ന തരിശുഭൂമികളും കൃഷിഭൂമിയായി മാറി നാടിന്റെ സമ്പദ്സ്ഥിതിയെ പുതിയ തലങ്ങളിലേക്ക് ഉദ്വഹിക്കുകയും ചെയ്യുന്നു. ഈ ഉദ്വഹന പ്രക്രിയയിൽ അവിടുത്തെ സമുദായക്രമം കടപുഴകി മറിയുകയും ചോർന്നൊലിക്കുന്ന എട്ടുകെട്ടുകളും പതിനാറു കെട്ടുകളും മൃതമായ ഗതകാല പ്രഭുത്വത്തിന്റെ ദ്രവിക്കുന്ന അസ്ഥിപഞ്ജരങ്ങളായി മാറുകയും ചെയ്യുന്നു.

ശീലാന്തിപ്പിള്ളിയിലെ കേശവൻപിള്ള കാശിക്കു പോകുന്നിടത്തവസാനിക്കുന്ന കയറിന്റെ ഒന്നാം ഭാഗം സൗഭാഗ്യങ്ങളെല്ലാം തികഞ്ഞ ഒരു പുരാവൃത്താഖ്യായികയാണ്. മലയാളഭാഷയിലെ ഏക പുരാവൃത്താഖ്യായികയായ ഈ കൃതിയോടു കിടനിൽക്കാവുന്ന ഭാഷാനോവലുകളുടെ എണ്ണം ഒരു കൈപ്പത്തിയിലെ വിരലുകളുടെ എണ്ണത്തിൽ കവിയുകയില്ലെന്നാണെന്റെ വിശ്വാസം എന്ന പി.കെ. ബാലകൃഷ്ണന്റെ പ്രസ്താവം ശ്രദ്ധേയമാണ്. ■

{]hmkhoYnbnse
hnPbNcnX§Ä

3

# ഒമാനിലേക്ക് സ്നേഹത്തിന്റെ സേതുബന്ധനം

**കേരളത്തിൽ നിന്ന് ഗൾഫ് നാടുകളിലേക്ക് സ്നേഹവിശ്വാസങ്ങളുടെ സേതുബന്ധനം തീർത്ത ഡോ. ഗൾഫാർ മുഹമ്മദലിയുടെ വിജയഗാഥ**



തൃശൂർ വലപ്പാട് പോളിടെക്നിക്കിൽ നിന്ന് സിവിൽ എൻജിനീയറിംഗിൽ ഡിപ്ലോമ കരസ്ഥമാക്കിയ ശേഷം ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനത്തെ സംഘർഷനിർഭരമായ അതിർത്തികളിൽ സൈനിക സേവനം അനുഷ്ഠിച്ച ഒരു ഫ്ളാഷ് ബാക്കുണ്ട് ഗൾഫാർ എന്ന ഒറ്റവാക്കിൽ ഇന്ന് പരക്കെ അറിയപ്പെടുന്ന ഡോ. പി. മുഹമ്മദലിയുടെ ജീവിതത്തിന്. സംഭവബഹുലമായ ഈ ജീവിതം ഇന്നു കാണുന്ന സൗഭാഗ്യങ്ങളുടെ സുവർണതീരം പുണർന്നതിനു പിന്നിൽ ഒരു വേള, പട്ടാളജീവിതം സംഭാവന ചെയ്ത ചിട്ടയും കരുത്തും പാരുഷ്യവുമെല്ലാം ഇടകലർന്നിട്ടുണ്ടാകണം. സൈനികന്റെ കുപ്പായമഴിച്ചു വെച്ച് 1970- ൽ ഒരു സാധാരണ ഭാഗ്യാന്വേഷിയായി ദുബായിലേക്കും അവിടെ നിന്ന് സുൽത്താനേറ്റ് ഓഫ് ഒമാനിലേക്കും യാത്ര തിരിച്ചു, സാഹസികനായ മുഹമ്മദലി. സ്വാഭാവികമായും പ്രവാസം ഏറെ ക്ലേശങ്ങളും പിന്നാലെ സമൃദ്ധിയും സമ്മാനിച്ചു. അന്ന് രണ്ടും കൽപിച്ച് ഗൾഫിലേക്ക് ജോലി തേടിപ്പോയില്ലായിരുന്നുവെങ്കിൽ ഇന്ന് ലോകം അറിയപ്പെടുന്ന ഗൾഫാർ മുഹമ്മദലിയുണ്ടാകുമായിരുന്നില്ല.



ഡോ. പി. മുഹമ്മദലി

തൃശൂർ തളിക്കുളം സ്വദേശി ചന്ദനപ്പറമ്പിൽ സെയ്ത് മുഹമ്മദിന്റെ ഈ മകൻ ഇന്നിപ്പോൾ ഒമാനിലേയും മറ്റു ഗൾഫ് നാടുകളിലേയും ഏറ്റവും പ്രശസ്തമായ ഗൾഫാർ എൻജിനീയറിംഗ് ആന്റ് കൺസ്ട്രക്ഷൻ കമ്പനിയുടെ മേധാവിയാണ്. ഗൾഫാർ എന്നത് സ്വന്തം ഇനീഷ്യൽ പോലെയായി ഡോ. പി. മുഹമ്മദലിയ്ക്ക്.

ഒമാനിൽ കാൽകുത്തിയതിന്റെ രണ്ടാം വർഷമാണ് (1972) വിരലിലെണ്ണാവുന്ന ജോലിക്കാരുമായി മുഹമ്മദലി തന്റെ നിർമാണക്കമ്പനി ആരംഭിച്ചത്. എണ്ണ പര്യവേക്ഷണം, ഖന

നം, അഴുക്കുചാൽ പദ്ധതി, പാലങ്ങൾ, റോഡ് തുടങ്ങിയ മേഖലകളിൽ പങ്കാളിയായി, സുൽത്താനേറ്റ് ഓഫ് ഒമാന്റെ സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ടാണ് ഗൾഫാർ പ്രവർത്തന പഥത്തിൽ മുന്നേറിയത്. ഒരു ഇന്ത്യക്കാരന് വിദേശരാജ്യത്ത് കിട്ടാവുന്ന ഏറ്റവും വലിയ അംഗീകാരമാണ് ഒമാന്റെ അടിസ്ഥാന വികസനത്തിന് ഗൾഫാറിന്റെ സേവനം പ്രയോജനപ്പെടുത്തിയെ



ഡോ. ഗൾഫാർ മുഹമ്മദലി പ്രവാസി ഭാരതീയ പുരസ്കാരം ഏറ്റുവാങ്ങുന്നു

ന്നത്. സിവിൽ, മെക്കാനിക്കൽ, പൊതുജനാരോഗ്യം, ഇൻസ്ട്രുമെന്റേഷൻ, കോട്ടിംഗ് എന്നീ നിരവധി വിഭാഗങ്ങൾ ഗൾഫാറിനുണ്ട്. ജ്വല്ലറിയുൾപ്പെടെ വേറെയും നിരവധി വാണിജ്യ സമുച്ചയങ്ങൾ. ഒമാനിൽ മാത്രമല്ല, ഖത്തറിലും അബുദാബിയിലും മികവ് തെളിയിച്ച ഗൾഫാറിന് യെമനിലും ബ്രൂണെയിലും ശാഖകളുണ്ട്.

ഡോ. ഷെയ്ഖ് സാലിം സയ്യിദ് അൽ ഫത്താഹ് അൽ അറൈമിയുമായി സഹകരിച്ചാണ് ഒമാനിലെ സംരംഭങ്ങൾക്ക് മുഹമ്മദലി തുടക്കം കുറിച്ചത്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഒമാനിലെ ഏറ്റവും വലിയ കമ്പനിയായി ഗൾഫാറിനെ വളർത്തുന്നതിൽ മുഹമ്മദലിയുടെ നേതൃപാടവത്തോടൊപ്പം സ്വദേശികളുടേയും വിദേശികളുടേയും കഠിനമായ അർപ്പണബോധവും അധ്വാനശീലവുമാണുള്ളത്. ഒമാന്റെ തലസ്ഥാനമായ മസ്കറ്റിലും സൊഹാറിലും തദ്ദേശീയരായ യുവാക്കളെ ഹെവി എക്വിപ്മെന്റ് വ്യവസായത്തിലും മറ്റും പരിശീലിപ്പിക്കുന്നതിനായി ഗൾഫാർ മുൻകൈയെടുത്ത് ട്രെയിനിംഗ് സെന്ററുകളും സ്ഥാപിച്ചു. ഇന്ത്യയിലേക്കും തന്റെ വ്യവസായ സാമ്രാജ്യം വ്യാപിപ്പിച്ചു, മുഹമ്മദലി. ഏതാണ്ട് രണ്ടര പതിറ്റാണ്ടു മുമ്പാണ് എം.ഫാർ കൺസ്ട്രക്ഷൻസ് എന്ന പേരിൽ ബാംഗ്ലൂർ, ചെന്നൈ, കൊൽക്കത്ത എന്നിവിടങ്ങളിൽ എം.ഫാർ കമ്പനികൾ ആരംഭിച്ചത്. റോഡ്, പാലം, എണ്ണവാതകം, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, ഇൻസ്ട്രുമെന്റേഷൻ രംഗങ്ങളിൽ വൻ കുതിച്ചുചാട്ടമാണ് ഗൾഫാറും എം.ഫാറും നടത്തിയത്.

എം.ഫാർ ഹോട്ടൽസിന്റെ മുൻകൈയോടെ കൊച്ചിയിലെ മെറിഡിയൻ ഹോട്ടൽ, ഇന്റർനാഷനൽ കൺവെൻഷൻ സെന്റർ എന്നിവ കേരളത്തിന്റെ ഹോട്ടൽ- ടൂറിസ ഭൂപടത്തിൽ വൻ പ്രാധാന്യത്തോടെ തിളങ്ങി നിൽക്കുന്നു. ഗൾഫാറിന്റെ ബിസിനസ് ലോകത്തിലെ വിജയധ്വജം പോലെയാണ് ലെ മെറിഡിയൻ കൺവെൻഷൻ സെന്റർ. ഇൻഡോ-ജർമൻ സഹകരണത്തോടെ കാർബൺ ലിമിറ്റഡ് കമ്പനി, കൊച്ചിൻ സർഫാക്ടന്റ്സ്, കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവള കമ്പനി (സിയാൽ), ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ് ( ഇൻകെൽ) എന്നിവയൊക്കെ ഗൾഫാർ മുഹമ്മദലി കൂടി നേതൃത്വം വഹിച്ച കമ്പനികളോ സ്ഥാപനങ്ങളോ ആണ്. ഇൻകെലിന്റെ സ്ഥാപക ഡയറക്ടർ കൂടിയാണ് അദ്ദേഹം.

ഗൾഫിലും ഇന്ത്യയിലും മറ്റ് വിവിധ രാജ്യങ്ങളിലുമായി ഗൾഫാർ-എം.ഫാർ സ്ഥാപനങ്ങളിൽ മുപ്പതിനായിരത്തിലധികം പേർ ജോലി ചെയ്യുന്നുണ്ട്.

പ്രവാസി ഭാരതീയ പുരസ്കാരവും ബിസിനസിൽ ഡോക്ടറേറ്റും കരസ്ഥമാക്കിയ ഗൾഫാർ മുഹമ്മദലി, ഏറ്റെടുക്കുന്ന ജോലികളിലെല്ലാം ഉയർന്ന ഗുണമേന്മയും തികഞ്ഞ വിശ്വാസ്യതയും നിലനിർത്താൻ പ്രതിജ്ഞാബദ്ധനാണ്. അത് തന്നെയാണ് തന്റെ വിജയരഹസ്യമെന്നും അദ്ദേഹം വിശ്വസിക്കുന്നു.

അവസരം കിട്ടിയാൽ ആത്മാർഥതയും കഠിനാധ്വാനവും കൊണ്ട് ഏത് അംഗീകാരവും കൈപ്പിടിയിലൊതുക്കാമെന്ന് ഡോ. മുഹമ്മദലി തെളിയിച്ചു. പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം ഗൾഫാറിനു തുണയായത് ഈ വിശ്വാസമാണ്. കേരളത്തിലെ മിടുക്കരായ വിദ്യാർഥികൾക്ക് വേണ്ടി ഏർപ്പെടുത്തിയ പി.എം. ഫൗണ്ടേഷൻ സ്കോളർഷിപ്പ് ആയിരക്കണക്കിനാളുകൾക്കാണ് ഓരോ അധ്യയന വർഷത്തിലും അനുഗ്രഹമാകുന്നത്.

1996 ൽ ബ്രിട്ടീഷ് സേഫ്റ്റി കൗൺസിലിന്റെ 'ബഹുമതി വാൾ' ഡോ. മുഹമ്മദലിയെത്തേടിയെത്തിയത് അമ്പത് ലക്ഷം പ്രവൃത്തി മണിക്കൂറിൽ ഒരു മണിക്കൂർ പോലും അപകടം മൂലം നഷ്ടപ്പെടുത്താത്തതിനായിരുന്നു. ലോക മലയാളി കൗൺസിൽ മിഡിൽ ഈസ്റ്റ്- ആഫ്രിക്കൻ മേഖലയുടേയും ഒമാൻ എൻ.ആർ.ഐ എക്കണോമിക് ഫോറത്തിന്റേയും ചെയർമാൻ കൂടിയായ ഗൾഫാർ



മുൻ മുഖ്യമന്ത്രി ഇ.കെ. നായനാരൊടൊപ്പം

മുഹമ്മദലി എം.ഇ.എസിന്റേയും സാരഥികളിലൊരാളാണ്. ഭാര്യയും മൂന്നു പെൺമക്കളും മകനുമടങ്ങുന്നതാണ് കേരളത്തിൽ നിന്ന് ഗൾഫ് നാടുകളിലേക്ക് സ്നേഹവിശ്വാസങ്ങളുടെ സേതുബന്ധനം തീർത്ത ഡോ. ഗൾഫാർ മുഹമ്മദലിയുടെ കുടുംബം. ■

മുരളി കുട്ടമ്പുഴ

# നാലുദിക്ക് ദൈവത്തിന് ചാമിയൂട്ട്



**ഒരുമയും പാരമ്പര്യ വിശ്വാസവും ഊട്ടിയുറപ്പിക്കുന്ന ഗോത്രാനുഷ്ഠാനങ്ങളിൽ ഒന്നാണ് കുട്ടമ്പുഴയിലെ ചാമിയൂട്ട് ആചാരം. അന്യം നിന്നുപോകുന്ന കാഴ്ചകളിലൊന്നായി മാറാതിരിക്കാൻ സമൂഹത്തിന്റെ പിന്തുണ ഏറെ ആവശ്യമായ ഒരു ഗോത്രോത്സവം...**

മുമ്പേ പോയവർക്കും നാലു ദിക്കുവാഴും മലദൈവങ്ങൾക്കും വഴിപാടുകളർപ്പിച്ച് ഒരു വർഷത്തെ സുഖജീവിതത്തിനും അല്ലലകറ്റി കിട്ടാനും കാടിന്റെ മക്കൾ ചാമിയൂട്ടിനായി ഒത്തുചേരുകയായി. അന്യം നിന്നുപോകുന്ന കാഴ്ചകളിലൊന്നാണ് വനത്തിനകത്തെ ആദിവാസികളുടെ ചാമിയൂട്ട്. മരംകോച്ചുന്ന മകരത്തണുപ്പിലാണ് മലദൈവങ്ങൾക്കുള്ള ഈ വർഷാന്ത്യ ഉത്സവം അരങ്ങേറുന്നത്.

കൊട്ടും കുരവയും ആർപ്പുവിളികളും കാടകം നിറച്ച് ആദിവാസികളുടെ ചാമിയൂട്ടിന് തിരിതെളിയുമ്പോൾ പാരമ്പര്യ സംസ്കാരത്തിന്റെ ഏറ്റെടുപ്പിന് പുതിയ തലമുറ താത്പര്യം കാണിക്കുന്നില്ലെന്നതാണ് വസ്തുത. പ്രാകൃതജീവിതം നയിച്ച് കാടിനെ കാവായി കണ്ടുവന്നിരുന്ന ആദിവാസികളുടെ ജീവിതരീതികളിലും മനോഭാവങ്ങളിലും അടുത്തകാലത്തുണ്ടായിട്ടുള്ള മാറ്റം ഇത്തരം അനുഷ്ഠാനങ്ങളെ അകറ്റിനിർത്തുന്നതിനു കാരണമായിട്ടുണ്ടാകാം.

അനുവർത്തിച്ചുപോരുന്ന സംസ്കാരത്തിന് ഊടും പാവുമേകാൻ ഇനി കുടികളിൽ പഴയ തലമുറയില്ല. വീട്ടുകാര്യവും തിരക്കുകളും മാറ്റിവെച്ച് വർഷത്തിലൊരിക്കൽ എല്ലാവരും ഒത്തുകൂടി ഒരിലയിൽ ഭക്ഷിച്ച് ഒരുമ ഊട്ടിയുറപ്പിച്ച് പിരിയുന്നത് മറ്റെങ്ങും കാണാനാകാത്ത ഒരു രീതിയാണ്. എറണാകുളം ജില്ലയിലെ കിഴക്കൻ പ്രദേശമായ കുട്ടമ്പുഴ പഞ്ചായത്തിൽ പതിനാലോളം ആദിവാസി കുടികളുണ്ട്. ജീവിതരീതികൊണ്ടും വസ്ത്രധാരണം കൊണ്ടും സംസ്കാരം കൊണ്ടും വേറിട്ടുനിൽക്കുന്ന ഇവർക്കിടയിൽ അന്യംനിന്നുപോകുന്ന ഒട്ടേറെ ആചാരാനുഷ്ഠാനങ്ങളുമുണ്ട്.

വാരിയം, തലവച്ചുപാറ, കുഞ്ചിപ്പാറ, കണ്ടൻപാറ കുടികളിലാണ് ചാമിയൂട്ട് വർണാഭമായി നടന്നുവരുന്നത്. മരംകോച്ചുന്ന തണുപ്പിൽ തികച്ചും വനാന്തരീക്ഷത്തിലാണ് ചാമിയൂട്ട് അരങ്ങേറുന്നത്. ഏഴു ദിവസത്തോളം നീണ്ടുനിൽക്കുന്ന ചാമിയൂട്ടിന് മറ്റു കുടികളിൽ നിന്നും അന്യനാടുകളിൽ നിന്നുപോലും ആളുകളെത്തിച്ചേരുന്നു. താത്കാലികമായി കെട്ടിയുണ്ടാക്കുന്ന ക്ഷേത്രത്തറയിലാണ് ഉത്സവം നടക്കുന്നത്.

തലവച്ചുപാറയിൽ പ്രത്യേകമൊരുക്കിയ ചാമിത്തറയിൽ പൂജാരി പൊന്നുസ്വാമി ദീപം തെളിക്കുന്നതോടെ ചടങ്ങുകൾക്കു തുടക്കമാകും. വേറിട്ട

ആചാരത്തിന്റെ നേർക്കാഴ്ചകളിലേക്ക് മനസ്സിനേയും കണ്ണുകളേയും നടത്തുമ്പോൾ മലമക്കളുടെ തനതു മഹോത്സവം പഠനവിധേയമാക്കാൻ ഗവേഷണ വിദ്യാർഥികളും തലേന്നേ കുടിയിലെത്തി സ്ഥാനംപിടിച്ചിരിക്കും. നാലു ദിക്കുവാഴും മലദൈവങ്ങൾക്ക് ഭക്തിനിർഭരമായി ആണിപൂജ, കോഴികുരുതി, തപ്പാം കൊട്ട്, കോമാളി നൃത്തം, മാട്ടു പൊങ്കൽ എന്നിവ അർപ്പിക്കുന്നു.

വനവിഭവ ശേഖരത്തിനിടയിൽ അപകടമുണ്ടാകാതിരിക്കാൻ പ്രത്യേക പൂജകൾ ഈ തറയിൽ നടക്കും. ചാമിയൂട്ടെന്നാൽ ഒരു മിച്ചുകൂടി, ഒരുമിച്ചുണ്ട്, ഒരു സംസ്കാരത്തിന്റെ ഊട്ടിയുറപ്പിക്കൽ കൂടിയാണ്. പുഴയിറമ്പിൽ ചോറുണ്ടാക്കി തൂശനിലയിൽ മീൻകറിയോടും, ആയ തെങ്ങിന്റെ കള്ളിനോടുമൊപ്പം കാരണവന്മാർക്കു നിവേദിച്ചിട്ടേ മറ്റ് പ്രധാന ചടങ്ങുകൾ ആരംഭിക്കൂ. അടിസ്ഥാന സൗകര്യങ്ങൾ കടന്നെത്താത്ത കാടകത്ത് തനതുരീതിയിൽ വിറകു കത്തിച്ച് ആഴിതീർത്തും തീപ്പന്തമുണ്ടാക്കിയുമാണ് ഇവർ ചാമിയൂട്ടിന് നിറമേറ്റുന്നത്.

അന്യ കുടികളിൽ നിന്നെത്തിക്കുന്ന പൂവൻ കോഴികളുടെ രക്തം ചാമിത്തറയിൽ വീഴ്ത്തുന്ന കോഴിപൂജയാണിവരുടെ ഇഷ്ട വഴിപാട്. കാടുമായിണങ്ങുന്ന കലാരൂപങ്ങളാണിവിടെ ഒരുക്കുന്നത്. ആഴ്ചവട്ടം നൊയമ്പുനോറ്റ സ്ത്രീകളും പുരുഷന്മാരുമാണ് ചടങ്ങുകളിൽ പങ്കെടുക്കുക. സ്ത്രീകൾ ഇരുട്ടിനു മറവിൽ നിന്നും മഞ്ഞൾവെള്ളം നിറച്ച കുടവുമായി തുള്ളിയെത്തി പുരുഷന്മാരുടെ ദേഹത്തൊഴിക്കുന്നു. ഇത് പരസ്പരം നടക്കുമ്പോൾ പൂജാരി തീക്കനലിൽ ചുട്ടെടുത്ത പൂവൻകോഴിയുടെ കരൾ എടുത്ത് ഭക്ഷിക്കുന്നു. മഞ്ഞളഭിഷേകത്തിൽ പങ്കെടുക്കുന്നത് പുണ്യമായിട്ടാണ് ഇവർ കരുതുന്നത്.

### ഒരുമയുടെ ഭക്ഷണം

ചാമിയൂട്ടിലേക്കായി നാട്ടുകാർ വിവിധയിനം ഭക്ഷ്യവസ്തുക്കളും മറ്റും ചാമിത്തറയിലെത്തിക്കും. ഇവയുടെ കണക്കെടുക്കാനും ബാക്കിവരാതെ ചെലവഴിക്കാനും പ്രത്യേകം ആളെ നിശ്ചയിച്ചിട്ടുണ്ടാകും. പിതൃക്കൾക്കുവേണ്ടി ആണിപൂജയുണ്ട്. തീക്കനലിൽ നാല് ആണികൾ ചുട്ടെടുത്ത് നാലു ദിക്കും കാക്കും മലദൈവങ്ങൾക്ക് സമർപ്പിക്കും. അരിയും പച്ചക്കറികളും ഒരു പാത്രത്തിലിട്ട് പാകംചെയ്ത് തൂശനിലയിൽ വിളമ്പി ഒരുമിച്ചു കഴിക്കുമ്പോൾ കോമാളികൾ പരമ്പരാഗത വേഷംകെട്ടി നൃത്തം ചെയ്യും.

പശുക്കളെ നോമ്പെടുപ്പിച്ച് പുലരുന്നതിനുമുമ്പേ കുളിപ്പിച്ച് ആദ്യം കറക്കുന്ന പാൽ ചാമിത്തറയിലെത്തി നിവേദിപ്പിച്ച് പാൽ പശുവിനുതന്നെ നൽകുന്നു. വളർത്തു മൃഗങ്ങൾക്ക് ദോഷമുണ്ടാകാതിരിക്കാൻ മാട്ടുപൊങ്കൽ മുറതെറ്റാതെ ഇവർ നടത്തിവരുന്നു. പശുക്കളെ അണിയിച്ചൊരുക്കി ചാമിത്തറയ്ക്കുമുന്നിലെത്തിക്കുമ്പോൾ ഈശ്വരസാന്നിധ്യം തിരിച്ചറിയുന്ന പഴമക്കാർ പശുവിനെ തൊട്ടുവന്ദിക്കാറുമുണ്ട്. ഏഴുനാൾ നീണ്ടുനിൽക്കുന്ന ചാമിയൂട്ടിലേക്ക് വിദേശികൾവരെ കാഴ്ചക്കാരായെത്തും. കരകന്യത്തവും തപ്പാംകൊട്ടും മകുടിയൂത്തും നടത്താൻ പെൺവേഷം കെട്ടിയവർക്കൊപ്പം പ്രഗത്ഭരായ കലാകാരന്മാരും കലാകാരികളുമുണ്ടാകും.









ചാമിയൂട്ടിന്റെ വിവിധ ദൃശ്യങ്ങൾ

ആദിവാസികൾ നിർമിച്ച ഈറ്റ, മുള, വേരുകൾ എന്നിവയിൽ തീർത്ത മനോഹരങ്ങളായ കരകൗശലവസ്തുക്കൾ ഉത്സവത്തിൽ വാങ്ങാൻ കിട്ടും. ഉത്സവത്തിനു കൊടിയേറി രണ്ടുനാൾ കഴിഞ്ഞേ കുടിക്കാർ കാടിറക്കം തുടങ്ങൂ. ചാമിയൂട്ട് ഉത്സവം നിലനിർത്തിക്കൊണ്ടുപോകാൻ ആദിവാസികൾ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുമ്പോൾ കാഴ്ചവട്ടത്തുനിന്നും മറയാനൊരുങ്ങുന്ന ഈ വനോത്സവത്തെ നിലനിർത്തേണ്ടത് സർക്കാരിന്റെ കടമകൂടിയാണ്. ■

വി. ശരത് കുമാർ

# മിഴാവ്
## അനന്യ വാദ്യവിശേഷം

മിഴാവ് തികച്ചും ഒരു കേരളീയ വാദ്യമാണ്. അണ്ഡാകൃതിയിലുള്ള വലിയ കുടത്തിന്റെ മുഖം തോൽ പൊതിഞ്ഞുകെട്ടി, മിഴാവണ എന്ന മരക്കൂടിനകത്തുവെച്ച് വായിക്കുന്ന ഒന്നാണ് മിഴവ് എന്നു പറയാമെങ്കിലും തന്ത്രവിധിപ്രകാരമുള്ള ഉപനയനാദി ഷോഡശകർമങ്ങളോടെയാണ് മിഴാവ് മിഴാവാകുന്നത്. കൂത്തും കൂടിയാട്ടവും നടന്നിരുന്ന കൂത്തമ്പലങ്ങളിൽ നിശ്ചിത സ്ഥലത്ത് ഉറപ്പിച്ചിരുന്ന മിഴാവണകളിൽ ആദ്യകാലത്ത് മണ്ണുകൊണ്ടുള്ള മിഴാവുകൾ മാത്രമാണുണ്ടായിരുന്നത്. പിൽക്കാലത്ത് യാത്രചെയ്യുമ്പോൾ ഒപ്പം കൊണ്ടുപോകേണ്ടിവന്നതുകൊണ്ടുതന്നെ ചെമ്പുകൊണ്ടുള്ള ഭാരംകുറഞ്ഞ മിഴാവുണ്ടാക്കി തുടങ്ങി.

സംസ്കൃത നാടകത്തിന്റെ കേരളീയ ആവിഷ്കാരമായ, യുനെസ്കോ ലോകപൈതൃക കലയായി അംഗീകരിച്ച കൂടിയാട്ടത്തിന്റെയും പുരാണ കഥാകഥന കലയായ കൂത്തിന്റെയും പക്കവാദ്യമാണ് മിഴാവ്. അഭിനയിക്കുന്ന വേഷത്തിന്റെ പിന്നിലാണ് മിഴാവു വാദ്യക്കാരന്റെ സ്ഥാനം. കൂടിയാട്ടത്തിൽ രണ്ടു മിഴാവു വാദകരുണ്ടായിരിക്കും. ഒരാൾ അടിസ്ഥാന താളം നൽകി കൂടിയാട്ടത്തെ ജീവസ്സുറ്റതാക്കുമ്പോൾ മറ്റേ മിഴാവുകാരൻ, ശ്ലോകം ചൊല്ലി അഭിനയിക്കുന്നതിനു മിഴിവേകുന്നു. ചാക്യാർ കൂത്തുപറയുമ്പോഴും ഇടവേളകളിൽ മിഴാവുകാരൻ താളം നൽകുന്നു.



അമ്പലവാസി വിഭാഗത്തിൽപ്പെട്ട ചാക്യാർ-നമ്പ്യാർ വിഭാഗക്കാരാണ് മുൻകാലങ്ങളിൽ കൂത്തും കൂടിയാട്ടവും അവതരിപ്പിച്ചിരുന്നത്. ചരിത്രവും ധാരാളം ഐതിഹ്യങ്ങളുമുള്ള വാദ്യമാണ് മിഴാവ്. നൃത്തദേവതയായ ശിവൻ നൃത്തം ചെയ്യുമ്പോൾ നന്ദികേശ്വരൻ ഭാണ്ഡവാദ്യമായ മിഴാവു വായിച്ചിരുന്നു എന്ന ഐതീഹ്യം പ്രശസ്തമാണ്. കണ്ണൂർ തളിപ്പറമ്പിനടുത്തുള്ള മിഴാക്കുന്നിൽ മിഴാവ് സ്വയംഭൂവായി പ്രത്യക്ഷപ്പെട്ടു എന്ന് മറ്റൊരൈതിഹ്യം. ഈ നന്ദികേശന്റെ പാരമ്പര്യം അവകാശപ്പെടുന്ന നമ്പ്യാർ വിഭാഗമാണ് മുൻകാലങ്ങളിൽ മിഴാവു വായിച്ചിരുന്നത്. കേരള കലാമണ്ഡലത്തിൽ കൂടിയാട്ട പഠനം ആരംഭിച്ചതോടുകൂടി മിഴാവഭ്യാസവും പഠനവിഷയമായി. ജാതിമതഭേദമന്യേ അഭിരുചിയുള്ളവർക്കൊക്കെ മിഴാവുപഠനം ലഭ്യവുമായി.

പാണിവാദിതിലകൻ പി.കെ. നാരായണൻ നമ്പ്യാരാണ് കലാമണ്ഡലത്തിലെ മിഴാവുപഠനത്തിന് തുടക്കമിട്ടത്. ഇന്നത്തെ മികവുറ്റ മിഴാവുകലാകാരന്മാരൊക്കെത്തന്നെ നമ്പ്യാരാശാന്റെ ശിക്ഷണത്തിൽ മിഴാവഭ്യസനം സിദ്ധിച്ചവരാണ്. മൂന്നു തരത്തിലുള്ള രീതികളാണ് ഇന്ന് ഈ രംഗത്തു പ്രധാനമായും കാണാൻ സാധിക്കുന്നത്. കൂടിയാട്ടത്തിനും കൂത്തിനും മുൻപെല്ലാം മിഴാവു വായിച്ചിരുന്നതെങ്ങനെയോ അതേ രീതിയിൽ തന്നെ കടുകിട വ്യതിചലിക്കാതെ മിഴാവു പ്രയോഗം നടത്തുകയാണ് ഒരു കൂട്ടർ. മിഴാവിന്റെ പ്രയോഗത്തിന് കൂടുതൽ പ്രാധാന്യം നൽകി വാദനത്തിൽ മികവ് തെളിയിക്കുന്നു മറ്റൊരു കൂട്ടർ. ഇതിനൊരുദാഹരണമാണ് നമ്പ്യാരാശാനും കലാമണ്ഡലം ഈശ്വരനുണ്ണിയും തയാറാക്കിയ മിഴാവു തായമ്പക. എന്നാൽ ഈ അവതരണങ്ങളോടൊപ്പം തന്നെ മിഴാവിന്റെ സാധ്യതകളെ പരമാവധി പഠിച്ച് ലോകജനതയ്ക്ക് പരിചയപ്പെടുത്തിക്കൊടുക്കുവാനുള്ള ശ്രമം നടത്തുകയാണ് ചാത്തക്കുടം കൃഷ്ണൻ നമ്പ്യാർ മിഴാവുകളരി ഡയറക്ടറും മിഴാവധ്യാപകനുമായ വി.കെ.കെ. ഹരിഹരനും അദ്ദേഹത്തിന്റെ ശിഷ്യരും.

വി.കെ.കെ. ഹരിഹരന്റെ പരീക്ഷണങ്ങൾ മിഴാവിന്റെ അനന്തസാധ്യതകളെയാണ് തുറന്നു കാണിക്കുന്നത്. കൂടിയാട്ടത്തിനും കൂത്തിനും മാത്രം ഉപയോഗിച്ചിരുന്ന മിഴാവിനെ മറ്റു കലാരൂപങ്ങൾക്ക് പക്കവാദ്യമാക്കി പരീക്ഷിച്ചു വിജയിച്ചു അദ്ദേഹം. കേരളീയ ആയോധനകലയായ കളരിപ്പയറ്റിലും ചുവടുകൾക്കൊത്ത് മിഴാവിൽ പ്രയോഗം നടത്തി. വിദേശ നൃത്ത-നാടക സംഘങ്ങൾക്കൊപ്പം പ്രവർത്തിച്ച് മിഴാവിന്റെ പ്രയോഗവൈവിധ്യം ലോകത്തെ അറിയിച്ചു. പഞ്ചമുഖ മിഴാവിന്റെ കണ്ടെത്തലും പുനർനിർമാണവും പ്രയോഗവും മിഴാവിന്റെ സാധ്യതകൾ കൂട്ടി. മിഴാവു പ്രധാന കഥാപാത്രമാക്കി അദ്ദേഹം രൂപകൽപ്പന ചെയ്ത 'ഗണപതി' ലോകം അംഗീകരിച്ച വാദ്യവിശേഷമാണ്. 'ജഡായു'വാണ് അടുത്ത അവതരണം. ■

# കയർ കേരള 2013: സുവർണ്ണനാരിനു രാജ്യാന്തര തിളക്കം

ആലപ്പുഴയിൽ നടന്ന കയറിന്റെയും പ്രകൃതിദത്തനാരുകളുടെയും അന്താരാഷ്ട്രമേളയായ 'കയർ കേരള 2013' ദൈവത്തിന്റെ സ്വന്തം നാട്ടിലെ സുവർണ്ണനാരിന് രാജ്യാന്തര തിളക്കമേകി. ഫെബ്രുവരി ഒന്നു മുതൽ ആറുവരെ ഇ.എം.എസ്. സ്റ്റേഡിയത്തിൽ നടന്ന മൂന്നാമതു മേള 200 കോടി രൂപയുടെ അധിക വ്യാപാര ഇടപാടുകൾക്ക് അവസരമൊരുക്കി.

ഫെബ്രുവരി ഒന്നിന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മേള ഉദ്ഘാടനം ചെയ്തു. കയർ മേഖലയ്ക്ക് സംസ്ഥാനസർക്കാർ മുന്തിയ പരിഗണനയാണു നൽകുന്നതെന്നും കഴിഞ്ഞ ബജറ്റിൽ പദ്ധതി വിഹിതമായി 104 കോടി രൂപയും പെൻഷൻ ഇനത്തിൽ 39 കോടി രൂപയും അനുവദിച്ചെന്നും അടുത്ത ബജറ്റിൽ തുക വർധിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. റവന്യൂ-കയർ മന്ത്രി അടൂർ പ്രകാശ് അധ്യക്ഷത വഹിച്ചു. കേന്ദ്ര വ്യോമയാന സഹമന്ത്രി കെ.സി. വേണുഗോപാൽ ദേശീയപവലിയനും ടൂറിസം മന്ത്രി എ.പി. അനിൽ കുമാർ തീം പവലിയനും ഉദ്ഘാടനം ചെയ്തു. എം.എൽ.എ.മാരായ പി.സി. വിഷ്ണുനാഥ്, പി. തിലോത്തമൻ എന്നിവർ മുഖ്യപ്രഭാഷണം നടത്തി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. യു. പ്രതിഭാ ഹരി, കയർ സെക്രട്ടറി റാണി ജോർജ്, ജില്ലാ കളക്ടർ പി. വേണുഗോപാൽ, നഗരസഭാധ്യക്ഷ മേഴ്സി ഡയാന മാസിഡോ, കയർ ബോർഡ് ചെയർമാൻ പ്രൊഫ. ജി. ബാലചന്ദ്രൻ, മുൻ എംഎൽ.എമാരായ എ.എ. ഷുക്കൂർ, ഡി. സുഗതൻ, മുൻ എം.പി. ടി.ജെ. ആഞ്ചലോസ്, കയർ വികസന ഡയറക്ടർ ഡോ. കെ. മദനൻ, കയർ കോർപ്പറേഷൻ ചെയർമാൻ കെ. ആർ. രാജേന്ദ്രപ്രസാദ്, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ എ.കെ. രാജൻ, എൻ.സി.ആർ. എം.ഐ. ഡയറക്ടർ കെ.ആർ. അനിൽ, നഗരസഭാംഗങ്ങളായ സുനിൽ ജോർജ്, തോമസ് ജോസഫ്, കയർ ബോർഡ് വൈസ് ചെയർമാൻ അനിൽ മാധവൻ തുടങ്ങിയവർ പങ്കെടുത്തു.

രാജ്യാന്തര പവലിയനിൽ നാല് സൊസൈറ്റികളുടേതുൾപ്പെടെ 82 സ്റ്റാളുകളും ദേശീയ പവലിയനിൽ 125 സ്റ്റാളുകളുമുണ്ടായിരുന്നു.

കയർ മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട്, ഉൽപന്ന വൈവിധ്യവത്ക്കരണത്തിനും സാങ്കേതികവൈദഗ്ധ്യം വർധിപ്പിക്കുന്നതിനും സഹായകമായി വിവിധ വിഷയങ്ങളിൽ നാലു ദിവസമായി നടന്ന അന്താരാഷ്ട്ര-ദേശീയ സെമിനാറുകൾ കേന്ദ്ര വ്യോമയാനസഹമന്ത്രി കെ.സി. വേണുഗോപാൽ, കേന്ദ്ര തൊഴിൽ സഹമന്ത്രി കൊടിക്കുന്നിൽ സുരേഷ്, സാംസ്കാരിക-ഗ്രാമവികസന മന്ത്രി കെ.സി. ജോസഫ്, റവന്യൂ-കയർ മന്ത്രി അടൂർ പ്രകാശ്, സർക്കാർ ചീഫ് വിപ്പ് പി.സി. ജോർജ്, ആസൂത്രണ ബോർഡ് അംഗം സി.പി. ജോൺ, കയർബോർഡ് മുൻ ചെയർമാൻ വി.എസ്. വിജയരാഘവൻ എന്നിവർ ഉദ്ഘാടനം ചെയ്തു. വിദഗ്ധർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

മേളയോടനുബന്ധിച്ചു നടന്ന ബയർ-സെല്ലർ സംഗമം ധനമന്ത്രി കെ.എം. മാണി ഉദ്ഘാടനം ചെയ്തു. യു.കെ, യു.എസ്., എത്യോപ്യ, കെനിയ, നൈജീരിയ, ടാൻസാനിയ, സിംബാബ്‌വേ, ബ്രസീൽ, കൊളംബിയ, മെക്സിക്കോ, പനാമ, വെനിസ്വേല തുടങ്ങി 70 രാജ്യങ്ങളിൽ നിന്നായി 165 പേരും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 250 കയർ വ്യാപാരികളും സംഗമത്തിൽ പങ്കെടുത്തു.

കേരള കയർ കോർപ്പറേഷന് ബ്രസീലിൽ നിന്ന് 1.76 കോടി രൂപയുടെ ഓർഡറാണ് ഇത്തവണ ലഭിച്ചത്. കുത്തിയതോട് മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സൊസൈറ്റിക്ക് യു.കെയിലേക്ക് ഒരു കണ്ടെയ്നർ ഉത്പന്നങ്ങൾ കയറ്റിയയയ്ക്കാനുള്ള ഓർഡർ ലഭിച്ചു. അനവധി ഓർഡറുകൾ വിദേശത്തുനിന്ന് മേളയിലൂടെ ലഭ്യമായി. പൊതുമേഖലാ സ്ഥാപനങ്ങളുടെ കയറ്റുമതി വരുമാനം ഒരു വർഷം കൊണ്ട് 78 ലക്ഷത്തിൽ നിന്ന് 4.5 കോടിയായി ഉയർന്നു.

തൊഴിൽമേഖലയിലെ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിന് റവന്യൂ-കയർ മന്ത്രി അടൂർ പ്രകാശ് തൊഴിലാളികളുമായി നേരിട്ട് ആശയവിനിമയം നടത്തി പരാതികൾ കേട്ടു.



**കയർ കേരള 2013 മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി അടൂർ പ്രകാശ് സമീപം.**

ഫെബ്രുവരി ആറിന് കേന്ദ്ര പ്രവാസികാര്യ മന്ത്രി വയലാർ രവി സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. കയറ്റുപായയും ചവിട്ടിയും മാത്രമല്ല കയറുത്പന്നങ്ങളെന്നും വ്യത്യസ്തവും ഉപയോഗപ്രദവുമായ അനവധി കയറുത്പന്നങ്ങൾക്ക് വിപണിയിൽ സാധ്യതയുണ്ടെന്നും തെളിയിക്കാൻ മേളയിലൂടെ സാധിച്ചതായി അദ്ദേഹം പറഞ്ഞു. കയർ സഹകരണസംഘങ്ങൾക്ക് പ്രവർത്തനമൂലധനത്തിനായി 5.12 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവിറക്കിയതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച മന്ത്രി അടൂർ പ്രകാശ് ചൂണ്ടിക്കാട്ടി. കയർ കേരളയേയും കേരളത്തിലെ കയറിനേയും വിദേശരാജ്യങ്ങളിൽ ഒരു ബ്രാൻഡാക്കി മാറ്റാൻ മൂന്നു വർഷം കൊണ്ടു സാധിച്ചതായി മന്ത്രി പറഞ്ഞു. മുൻ കയർ മന്ത്രി കെ.ആർ. ഗൗരിയമ്മ മുഖ്യപ്രഭാഷണം നടത്തി.

മുനിസിപ്പൽ ചെയർപേഴ്സൺ മേഴ്സി ഡയാന മാസിഡോ, കയർ കോർപ്പറേഷൻ ചെയർമാൻ കെ.ആർ. രാജേന്ദ്രപ്രസാദ്, കയർഫെഡ് പ്രസിഡന്റ് എസ്.എൽ. സജികുമാർ, ഫോംമാറ്റിംഗ്സ് ചെയർമാൻ വേണുഗോപാലൻനായർ, കയർ സെക്രട്ടറി റാണി ജോർജ്, എൻ.സി.ആർ.എം.ഐ ഡയറക്ടർ ഡോ.കെ.ആർ. അനിൽ, കയർ ഡവലപ്മെന്റ് ഡയറക്ടർ ഡോ. കെ. മദനൻ എന്നിവർ പങ്കെടുത്തു.

കയർ കേരള 2013 മുൻകാലങ്ങളേക്കാൾ മികച്ച പ്രതികരണമാണുണ്ടാക്കിയത്. കയർ ഉത്പന്നങ്ങളിൽ എങ്ങനെ മൂല്യവർധനവ് സാധ്യമാക്കാമെന്നും പുതിയ ഇനം ഉൽപന്നങ്ങൾ എങ്ങനെ അവതരിപ്പിക്കാമെന്ന് ഉൾക്കാഴ്ച നൽകുന്ന അനവധി ഉത്പന്നങ്ങൾ മേളയിൽ പ്രദർശിപ്പിച്ചു. കയർമേഖലയിൽ ദീർഘകാലമായി പ്രവർത്തിക്കുന്ന ചെറുകിടസംഘങ്ങൾക്കും ചെറുകിട കയർ വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്കും കയർ കേരള വഴി വൻതോതിലുള്ള അവസരങ്ങൾ ലഭിച്ചു.

***എ. അരുൺ കുമാർ***

*അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ*

# ഇശലും ഖിസയുമൊഴുകിയ രാവുകളിലൊന്നിൽ മോയിൻകുട്ടി വൈദ്യർ സ്മാരകം അക്കാദമിയായി




**മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക മാപ്പിളകലാ അക്കാദമി ഉദ്ഘാടനം സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് നിർവഹിക്കുന്നു. മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, മഞ്ഞളാംകുഴി അലി തുടങ്ങിയവർ സമീപം**

ഇശലും ബദറും ഖിസയും പടപ്പാട്ടുമായി ഏഴു രാവുകൾക്കുശേഷം മോയിൻകുട്ടി വൈദ്യർ മഹോത്സവ സമാപന സമ്മേളനത്തിൽ വൈദ്യർ സ്മാരകം മാപ്പിളകലാ അക്കാദമിയായി സാംസ്കാരികമന്ത്രി കെ.സി. ജോസഫ് പ്രഖ്യാപിച്ചു. സാംസ്കാരിക വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കൊണ്ടോട്ടി മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക സമിതിയാണ് ഫെബ്രുവരി നാലു മുതൽ 11 വരെ വൈദ്യർ മഹോത്സവം സംഘടിപ്പിച്ചത്. വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. സ്മാരക കമ്മിറ്റി ചെയർമാൻ സി.പി. സൈതലവി അധ്യക്ഷനായി എ.ഡി. എം.പി. മുരളീധരൻ റിപ്പോർട്ട് അവതരിപ്പിച്ചു. എ.കെ. അബ്ദു റഹിമാൻ, ആസാദ് വണ്ടൂർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ വി.പി. സുലഭ, കെ.എ. ജബ്ബാർ എന്നിവർ സംസാരിച്ചു. ഗാനരചയിതാവായ റഫീഖ് അഹമ്മദ് മുഖ്യാതിഥിയായിരുന്നു. മാപ്പിള കവി ചെലവൂർ കെ.സി. അബൂബക്കറിനെ സാംസ്കാരിക മന്ത്രി ആദരിച്ചു. പ്ലാൻ ഫണ്ടിലും നോൺപ്ലാൻ ഫണ്ടിലും അക്കാദമിക്കായി ബജറ്റിൽ തുക വകയിരുത്താൻ ശ്രമിക്കുമെന്നും മന്ത്രി പറഞ്ഞു. അറബി മലയാളത്തിന് പ്രാമുഖ്യം നൽകി മികച്ച ഗവേഷണ സൗകര്യങ്ങൾ അക്കാദമിയിൽ ഒരുക്കണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

മഹോത്സവത്തിന് തുടക്കംകുറിച്ച് ഫെബ്രുവരി നാലിന് നടന്ന ചലച്ചിത്രോത്സവത്തിൽ മലയാളത്തിലെ ആദ്യ വർണ ചിത്രം *കണ്ടംബെച്ച കോട്ടും* ഇറാൻ സിനിമയായ *ചിൽഡ്രൻ ഓഫ് ഹെവനും* പ്രദർശിപ്പിച്ചു. മോയിൻകുട്ടിവൈദ്യരുടെ ബദറും ഉഹ്ദും പടപ്പാട്ടുകളും പാടിപ്പറഞ്ഞ് പരിചിതമാക്കിയവർക്ക് അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ലെന്ന് രണ്ടാം ദിവസം നടന്ന ഖിസപ്പാട്ടുകാരുടെ സംഗമം അഭിപ്രായപ്പെട്ടു. ഖിസപ്പാട്ട് പാടിപ്പറയൽ സ്കൂൾ കലോത്സവ മത്സരയിനമായി ഉൾപ്പെടുത്തണമന്നും ആവശ്യമുയർന്നു. കവിയുടെ അനശ്വര പ്രണയകാവ്യമായ ബദറുൽമുനീർ ഹുസ്നുൽ ജമാലിനെ ആസ്പദമാക്കിയുള്ള സംസ്ഥാനതല ചിത്രരചനാ മത്സരത്തിൽ നൂറോളം പേർ കവിയുടെ സാങ്കല്പിക ലോകത്തിന് വർണം ചാലിച്ചു. അറബി മലയാള സാഹിത്യത്തിലെ ആദ്യത്തെ പ്രണയകാവ്യത്തിന് പുനർജനി നൽകാൻ വിവിധ പ്രായത്തിലുള്ളവർ പങ്കെടുത്തു. നാലാം ദിവസം നടന്ന മാപ്പിളപ്പാട്ട് രചന-ആലാപന മത്സരങ്ങളിൽ 250 പേർ പങ്കെടുത്തു.

സ്മാരകത്തിലെ വിദ്യാർഥികൾ അവതരിപ്പിച്ച ഇശൽ വിരുന്ന് ഹൃദ്യമായി. വേൾഡ് റൈറ്റേഴ്സ് ഫോറത്തിന്റെ സഹകരണത്തോടെ അപൂർവതരം പേനകളുടെ പ്രദർശനവും മേളയുടെ ഭാഗമായി ഒരുക്കിയിരുന്നു. റഫി ഫൗണ്ടേഷൻ ബാംഗ്ലൂർ റഫിയുടെ ഗാനങ്ങൾ പുനരാവിഷ്കരിച്ചു. ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ പ്രദർശനവും വിൽപ്പനയും കൂടാതെ ജില്ലയിലെ വിവിധ വികസന പ്രവർത്തനങ്ങളുൾപ്പെടുത്തി ഫോട്ടോ പ്രദർശനവും ഒരുക്കിയിരുന്നു. 40 ശതമാനം വിലക്കിഴിവിലാണ് പുസ്തകങ്ങൾ നൽകിയത്. മാതൃഭൂമി ബുക്സും റാസ്ബെറിയും അദർബുക്സും മേളയിലുണ്ടായിരുന്നു.

മലയാളഭാഷാ പഠനത്തിന്റെയും ആധുനിക വിദ്യാഭ്യാസത്തിന്റെയും പ്രാധാന്യം കേരള മുസ്ലിംകളെ ബോധ്യപ്പെടുത്തി നവോത്ഥാനത്തിന് വഴിയൊരുക്കിയ രാജശിൽപിയാണ് സനാഉല്ല മക്തി തങ്ങളെന്ന് കേന്ദ്ര വിദേശകാര്യസഹമന്ത്രി ഇ. അഹമ്മദ് പറഞ്ഞു. മക്തി തങ്ങളുടെ നൂറാം ചരമവാർഷികത്തോടനുബന്ധിച്ച് നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മോയിൻകുട്ടിവൈദ്യരുടെ കാവ്യപ്രപഞ്ചം സെമിനാറിൽ എം.പി. അബ്ദുസമദ് സമദാനി എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. പഴയകാല സിനിമകളിലേയും നാടകങ്ങളിലേയും മാപ്പിളപ്പാട്ടുകളുടെ അവതരണം 'പെട്ടിപ്പാട്ട്' മന്ത്രി മഞ്ഞളാംകുഴി അലി ഉദ്ഘാടനം ചെയ്തു.

സമാപനദിവസം സൂഫിസം കേരളത്തിൽ വിഷയത്തിൽ നടന്ന ചർച്ചയിൽ കാലിക്കറ്റ് സർവകലാശാല ചരിത്രവിഭാഗം മുൻ മേധാവി ഡോ. വി. കുഞ്ഞാലി മുഖ്യപ്രഭാഷണം നടത്തി. മുൻ എം.പി. ടി.കെ. ഹംസ ഉദ്ഘാടനം ചെയ്തു. മലയാളം സർവകലാശാലാ വൈസ് ചാൻസലർ കെ. ജയകുമാർ മലയാളഭാഷയുടെ മാപ്പിള ശീലുകൾ സെമിനാറിൽ വൈദ്യർ സ്മാരക പ്രഭാഷണം നടത്തി. മാപ്പിള ആഖ്യാനങ്ങൾ സെമിനാർ ജില്ലാ പൊലീസ് സൂപ്രണ്ട് കെ. സേതുരാമൻ ഉദ്ഘാടം ചെയ്തു. മലയാള ഭാഷയിൽ എഴുതിയാൽ മാപ്പിളപ്പാട്ടിന് സങ്ക

**മാപ്പിളകലാ അക്കാദമിയായി പ്രഖ്യാപിച്ച മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് ഈ ബജറ്റ് പ്രസംഗത്തിൽ 50 ലക്ഷം രൂപ വാർഷിക ഗ്രാന്റായി അനുവദിച്ചു**

# 'കളിയാശാന്' ഇത് സാഫല്യ നിമിഷം

കളിവിളക്കിനുമുന്നിൽ അർജുനനും നളനും ഹംസവും ദമയന്തിയുമായെല്ലാം നിറഞ്ഞാടിയ കലാമണ്ഡലം ഗോപിയാശാൻ, പക്ഷേ വേദിയിലൊരിടത്ത് ആസ്വാദകനായി ഇരുന്നപ്പോഴും, ആ മുഖത്ത് മിന്നിമാഞ്ഞത് നവരസങ്ങളുടെ പകർന്നാട്ടം... നളചരിതം ആട്ടക്കഥയ്ക്കു വിശദമായ രീതിയിൽ കളരിപാഠം തയാറാക്കിയശേഷം അതിന്റെ അവതരണം വേദിയിലിരുന്ന് ആസ്വദിക്കുകയായിരുന്നു 'കളിയാശാൻ'.

കഴിഞ്ഞ മൂന്നുമാസത്തിലധികമായി ചെറുതുരുത്തി കേരള കലാമണ്ഡലത്തിലെ ബിരുദാനന്തരബിരുദവിഭാഗം പ്രവർത്തിക്കുന്ന നിള കാമ്പസിലെ പട്ടിക്കാംതൊടി കളരിയിലായിരുന്നു കലാമണ്ഡലം ഗോപിയാശാൻ തന്റെ മാനസനളനെ കളിവിളക്കിനുമുന്നിലെത്തിച്ചത്. എം.എ. വിദ്യാർഥികളായ ചിനോഷ് ബാലൻ, ബാജിയോ, വിപിൻ, സൂരജ് എന്നിവരാണു രംഗത്തു നളചരിതം ചൊല്ലിയാടിയത്. കലാമണ്ഡലം കൽപ്പിത സർവകലാശാലയിലെ എമരിറ്റസ് പ്രഫസറായി ചുമതലയേറ്റശേഷമുള്ള തന്റെ പ്രഥമദൗത്യം സാർഥകമായതിന്റെ ചാരിതാർഥ്യത്തിലായിരുന്നു കലാമണ്ഡലം ഗോപിയാശാൻ. നളചരിതം ഒന്നാം ദിവസത്തെ ദമയന്തി-ഹംസം രംഗം കഴിയുന്നതുവരെയുള്ള ഭാഗത്തിന്റെ രംഗാവതരണമാണ് ഡിസംബർ 13,14 തിയതികളിലായി നിള കാമ്പസിൽ നടന്നത്.



**സമാദരം.... നളചരിതം ഒന്നാം ദിവസത്തിന്റെ ചൊല്ലിയാട്ടം കാണാൻ കലാമണ്ഡലം കൽപിത സർവകലാശാലയിലെ പട്ടിക്കാംതൊടി കളരിയിലെത്തിയ കലാമണ്ഡലം കൃഷ്ണൻകുട്ടി വാര്യരെ പത്മശ്രീ കലാമണ്ഡലം ഗോപിയാശാൻ പൊന്നാടയണിയിക്കുന്നു.**

ദീർഘകാലത്തെ കലാസപര്യയിലൂടെ അരങ്ങിൽ അനശ്വരമാക്കിത്തീർത്ത നളൻ, ഹംസം, ദമയന്തി തുടങ്ങിയ കഥാപാത്രങ്ങളുടെ മനസിന്റെ ആഴങ്ങളിലേക്കു പുതുതലമുറയെ കൈപിടിച്ചുകൊണ്ടുപോവുകയെന്ന മഹത്കർമ്മമാണ് ആശാൻ തന്റെ പുതു ദൗത്യത്തിലൂടെ നിർവഹിച്ചത്.

ശിഷ്യരുടെ രംഗാവതരണത്തിനു സാക്ഷ്യംവഹിക്കാൻ ഗോപിയാശാന്റെ പ്രഥമഗുരുനാഥന്മാരിലൊരാളായ കലാമണ്ഡലം കൃഷ്ണൻകുട്ടി വാര്യരുമെത്തിയിരുന്നു. അതിനാൽതന്നെ രംഗാവതരണവേദി ഗുരുശിഷ്യ സംഗമമെന്ന പകർന്നാട്ടത്തിനായും ചായക്കൂട്ടുകളണിഞ്ഞു.

ആദ്യദിവസത്തെ ചടങ്ങിൽ കലാമണ്ഡലം സ്ഥാപകൻ മഹാകവി വള്ളത്തോളിന്റെ പുത്രി വാസന്തി മേനോൻ, കലാമണ്ഡലം രജിസ്ട്രാർ ഡോ. കെ.കെ. സുന്ദരേശൻ, കാമ്പസ് ഡയറക്ടർ കലാമണ്ഡലം എം.പി.എസ്. നമ്പൂതിരി, കോ-ഓർഡിനേറ്റർ ഡോ. സി. അച്യുതനുണ്ണി, പ്രിൻസിപ്പൽ കലാമണ്ഡലം ഉണ്ണികൃഷ്ണൻ, കലാമണ്ഡലം രാമച്ചാക്യർ, വിവിധ വകുപ്പുമേധാവികൾ, പി.ജി. ഗവേഷണ വിഭാഗം വിദ്യാർഥികൾ എന്നിവരടങ്ങിയ വലിയൊരു നിരതന്നെയുണ്ടായിരുന്നു.



**നളചരിതം ഒന്നാംദിവസം രംഗാവതരണത്തിൽ അരങ്ങിൽ നളനും ഹംസവും**

**പി.കെ. രൺജിത്ത**

*ഇൻഫർമേഷൻ അസിസ്റ്റന്റ്, തൃശൂർ*

രഭാഷയിൽ എഴുതുന്നതിനേക്കാൾ പ്രചാരം ലഭിക്കുമെന്ന് മാപ്പിളപ്പാട്ട് കവിയരങ്ങ് ഉദ്ഘാടനം ചെയ്ത മന്ത്രി ആര്യാടൻ മുഹമ്മദ് പറഞ്ഞു. എല്ലാ മാപ്പിളപ്പാട്ടുകളിലും മതേതര സ്വഭാവമുണ്ടെന്ന് മന്ത്രി പറഞ്ഞു. അഖിലകേരള മാപ്പിളപ്പാട്ട് അന്താക്ഷരി മത്സരത്തോടെയായിരുന്നു വൈദ്യർ മഹോത്സവത്തിന് സമാപനം. മാപ്പിളപ്പാട്ടിലെ പ്രധാന കാവ്യങ്ങൾ, കവികൾ, സംഗീതജ്ഞർ എന്നീ മേഖലയിലുള്ളവരെക്കുറിച്ചുള്ള തിരിച്ചറിവാണ് മത്സരം നൽകിയത്. മോയിൻകുട്ടി വൈദ്യർ മാപ്പിളപ്പാട്ട് എഴുത്തുകാരൻ മാത്രമായിരുന്നില്ല വർത്തമാനകാല തീക്ഷ്ണതകളെ സൃഷ്ടികളിലൂടെ ആവിഷ്കരിക്കുകയും ഒരു പ്രദേശത്തിന്റെ വിവിധ സംസ്കൃതികൾ കൂട്ടിയിണക്കി അസ്തിത്വമുണ്ടാക്കുകയും ചെയ്ത വ്യക്തിയാണെന്നും സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് എം.പി. വീരേന്ദ്രകുമാർ പറഞ്ഞു. കെ. മുഹമ്മദുണ്ണിഹാജി എം.എൽ.എ. സംസാരിച്ചു.

***വി.പി. സുലഭ***

*ഇൻഫർമേഷൻ ഓഫീസർ,*

*മലപ്പുറം*

# അയൂബിന് താങ്ങായി മുഖ്യമന്ത്രിയുടെ ധനസഹായം

നട്ടെല്ലിന് ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന അയൂബിന് താങ്ങായി മുഖ്യമന്ത്രിയുടെ ധനസഹായമെത്തി. ഓട്ടോ ഡ്രൈവറായിരുന്ന പത്തനാപുരം താലൂക്കിൽ തിങ്കൾക്കരിക്കം വില്ലേജിലെ ബിസ്മി മൻസിലിൽ എച്ച്. അയൂബിനാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ ലഭിച്ചത്. ഇതുപയോഗിച്ചു വാങ്ങിയ മുച്ചക്ര മോട്ടോർ വാഹനവും ബാക്കി തുകയും സാമൂഹിക ക്ഷേമ വകുപ്പ് കളക്ട്രേറ്റിൽ സംഘടിപ്പിച്ച ചടങ്ങിൽ ജില്ലാ കളക്ടർ പി. ജി. തോമസ്, അയൂബിന് നൽകി.

2011 ഡിസംബറിൽ മരത്തിൽ നിന്നും വീണ് സാരമായി പരിക്കേറ്റ അയൂബിന് രണ്ടു ശസ്ത്രക്രിയകൾ നടത്തിയെങ്കിലും ആരോഗ്യസ്ഥിതി മെച്ചപ്പെട്ടില്ല. ഭാര്യ റീജയോടും മകൻ അജ്മലിനോടുമൊപ്പം മൂന്നു സെന്റ് സ്ഥലത്തെ ചെറിയ വീട്ടിലാണ് ഇദ്ദേഹം താമസിക്കുന്നത്.

ജോലിചെയ്ത് കുടുംബം പുലർത്താൻ കഴിയാതെവന്ന സാഹചര്യത്തിൽ സുതാര്യകേരളം പരിപാടി വഴി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് അപേക്ഷ നൽകി. ലോട്ടറിക്കച്ചവടം നടത്തി ജീവിക്കാൻ ഒരു വാഹനവും ചികിത്സാ സഹായവും അനുവദിക്കണമെന്ന് അഭ്യർഥിച്ചു. രേഖകൾ പരിശോധിച്ച മുഖ്യമന്ത്രി അടിയന്തര നടപടികൾ സ്വീകരിക്കുകയായിരുന്നു. ഇതുകൂടാതെ ഐ.എ.വൈ. പദ്ധതിയിലുൾപ്പെടുത്തി അയൂബിന് ഒരു വീടു പണിതു നൽകുന്നതിനുള്ള നടപടിക്രമങ്ങളും തുടങ്ങി.

**രശ്മി ആർ.എസ്.**

*ഇൻഫർമേഷൻ ഓഫീസ്, കൊല്ലം*




**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ലഭിച്ച മുച്ചക്രവാഹനവും ധനസഹായവും ജില്ലാ കളക്ടറിൽ നിന്നും അയൂബ് ഏറ്റുവാങ്ങുന്നു**

# മോഹിനിയാട്ടത്തിന്റെ പരിപോഷണത്തിനു മോഹിനി നൃത്യതി

മോഹിനിയാട്ടത്തിന്റെ പരിപോഷണത്തിനായി മോഹിനി നൃത്യതി എന്ന പേരിൽ സംഗീത നാടക അക്കാദമി സംഘടിപ്പിച്ച മോഹിനിയാട്ട മഹോത്സവം നൃത്തപ്രേമികളുടെ മനം കവർന്നു.

കേരളത്തിനു പുറമേ ചെന്നൈ, ഭുവനേശ്വർ, ബംഗാൾ എന്നിവിടങ്ങളിലും വിദേശത്ത് സിംഗപ്പൂർ, കോലാലംപൂർ എന്നിവിടങ്ങളിലുമാണ് മോഹിനി നൃത്യതി സംഘടിപ്പിച്ചത്. കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശൂർ, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ സംഘടിപ്പിച്ച പരിപാടിയിൽ നിരവധി പേർ പങ്കെടുത്തു. കലയുടെയും സംസ്കാരത്തിന്റെയും തലയെടുപ്പാർന്ന ശക്തൻ തമ്പുരാന്റെ രാജാങ്കണത്തിൽ കഴിഞ്ഞ ഡിസംബർ ഏഴിന് കലാമണ്ഡലം സത്യഭാമ നൂപുരധ്വനിയുടെ സമ്മോഹന സമ്മേളനത്തിനു തിരിതെളിച്ചു. തുടർന്ന് മൂന്നുദിവസങ്ങളിലായി നടന്ന പരിപാടിയിൽ പ്രശസ്തരായ പല്ലവി കൃഷ്ണ, നന്ദിതാപ്രഭു, സുധാ പീതാംബരൻ, സാന്ദ്രാ പിഷാരടി, പാർവതി ശ്രീവല്ലഭൻ, ഐശ്വര്യ വാരിയർ, ഉഷ, സുരേഷ് ബാലാജി എന്നിവർ തങ്ങളുടെ പ്രതിഭ തെളിയിച്ചു. അഭിജ്ഞാന ശാകുന്തളത്തിലെ ശകുന്തളയായി ഐശ്വര്യ വാരിയർ രംഗപ്രവേശനം ചെയ്തത് വേറിട്ട കാഴ്ചയായി. മറ്റു നൃത്തവേദികളിൽനിന്നു മോഹിനിയാട്ടം അന്യം നിന്നുപോവുന്ന അവസ്ഥ പരിഗണിച്ചാണ് മോഹിനി നൃത്യതി രൂപമെടുത്തത്. വരും വർഷങ്ങളിൽ ഇത്തരം വേദികൾ വിപുലപ്പെടുത്തി സംഘടിപ്പിക്കുമെന്നും സംഗീത നാടക അക്കാദമി സെക്രട്ടറി ഡോ. പി.വി. കൃഷ്ണൻ നായർ പറഞ്ഞു.

**ആർ.ബി. സ്മൃതി**

*(ഇൻഫർമേഷൻ അസിസ്റ്റന്റ്, ചാവക്കാട്)*



**സംഗീത നാടക അക്കാദമി സംഘടിപ്പിച്ച മോഹിനി നൃത്യതി പരിശീലന പരിപാടിയിൽ നിന്ന്.**

■ സതീഷ് പൂവത്തൂർ

വാർത്തയിൽ

# മത്സ്യത്തൊഴിലാളികൾക്ക് തണൽ പദ്ധതി

മത്സ്യത്തൊഴിലാളികൾക്കു വേണ്ടി സർക്കാർ നടപ്പാക്കുന്ന സൗജന്യ ധനസഹായ പദ്ധതിയായ തണലിന്റെ സംസ്ഥാനതല ഉദ്ഘാടനം ഫെബ്രുവരി 22 ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കൊല്ലത്ത് നിർവഹിച്ചു.

ഫിഷറീസ്-തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമായി 30 കോടി രൂപയുടെ അധിക ധനസഹായം വിതരണം ചെയ്യും. കേന്ദ്ര സർക്കാരിന്റെ പൂർണ സാമ്പത്തിക സഹായത്തോടെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ് പദ്ധതി നടപ്പാക്കുക.

ബയോമെട്രിക് തിരിച്ചറിയൽ കാർഡിന് എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും 1,350 രൂപ നിരക്കിൽ ധനസഹായം ലഭിക്കും. സർക്കാരിന്റെ ഈ ധനസഹായം മത്സ്യത്തൊഴിലാളികളുടെ കൈകളിൽ സുരക്ഷിതമായി എത്തുന്നുവെന്ന് ഉറപ്പുവരുത്തുവാൻ പദ്ധതി പ്രകാരമുള്ള തുക ബാങ്ക് അക്കൗണ്ടിലൂടെ മാത്രമാണ് വിതരണം ചെയ്യുക.



തണൽ പദ്ധതിയുടെ ഉദ്ഘാടനം കൊല്ലത്ത് മുഖ്യമന്ത്രി നിർവഹിക്കുന്നു

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് പ്രത്യേക കമ്മിഷനെ നിയോഗിച്ചിട്ടുണ്ടെന്നും ഭാവിയിൽ കൂടുതൽ വീടുകളും ആനുകൂല്യങ്ങളും നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. തൊഴിൽ മന്ത്രി ഷിബു ബേബി ജോൺ അധ്യക്ഷത വഹിച്ച യോഗത്തിൽ ഫിഷറീസ് മന്ത്രി കെ. ബാബു, എം.എൽ.എമാരായ പി.കെ. ഗുരുദാസൻ, എ.എ. അസീസ്, എം.എ. ബേബി, മത്സ്യഫെഡ് ചെയർമാൻ ദിനകരൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എസ്. ജയമോഹൻ, ജില്ലാ കളക്ടർ പി.ജി. തോമസ് എന്നിവർ സന്നിഹിതരായി.

# സഞ്ചരിക്കുന്ന ജ്യോതിസ് കേന്ദ്രങ്ങൾ

സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ സംരംഭമായ സഞ്ചരിക്കുന്ന ജ്യോതിസ് കേന്ദ്രങ്ങളുടെ ഉദ്ഘാടനവും ഫ്ളാഗ് ഓഫും ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ ഫെബ്രുവരി 18 ന് സെക്രട്ടറിയേറ്റിൽ നിർവഹിച്ചു.




സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ സംരംഭമായ സഞ്ചരിക്കുന്ന ജ്യോതിസ് കേന്ദ്രങ്ങളുടെ ഫ്ളാഗ് ഓഫ് ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ സെക്രട്ടേറിയറ്റ് സൗത്ത് ബ്ലോക്കിൽ നിർവഹിക്കുന്നു

ജ്യോതിസ് കേന്ദ്രങ്ങളുടെ സേവനം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ എയ്ഡ്സിനെപ്പറ്റി ജനങ്ങൾക്ക് അവബോധം നൽകുക, എച്ച്.ഐ.വി. അണുബാധയുള്ള ഗർഭിണികളെ കണ്ടെത്തുക, രോഗം ബാധിക്കാൻ സാധ്യത കൂടിയ ജനവിഭാഗങ്ങളെ കൗൺസിലിങ്ങിലൂടെയും പരിശോധനയിലൂടെയും കണ്ടെത്തുകയും തുടർചികിത്സയ്ക്കായുള്ള ചികിത്സാകേന്ദ്രങ്ങളിൽ എത്തിക്കുകയും ചെയ്യുക എന്നിവയാണ് ഈ കേന്ദ്രങ്ങളുടെ ലക്ഷ്യങ്ങൾ.

ജ്യോതിസ് കേന്ദ്രങ്ങളിലെ സേവനം സൗജന്യമായിരിക്കും. പരിശോധനാ ഫലം അതീവ രഹസ്യമായി സൂക്ഷിക്കുന്നതാണ്. ചടങ്ങിൽ സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. കെ. ഷൈലജ, അസിസ്റ്റന്റ് പ്രോജക്ട് ഡയറക്ടർ ഡോ. കെ.എം. സിറാബുദ്ദീൻ, ജോയിന്റ് ഡയറക്ടർ ഡോ. ജയശ്രീ തുടങ്ങിയവർ സംബന്ധിച്ചു.

# സുഗതകുമാരിക്ക് ആദരം

മലയാള കവിതയിൽ സ്നേഹകാരുണ്യങ്ങളുടെയും മാനുഷികതയുടെയും ഹരിതാവബോധത്തിന്റെയും നിറനിലാവായി പടർന്ന സുഗതകുമാരിക്ക് പുരസ്കാര ലബ്ധിയിൽ കേരളത്തിന്റെ ആദരം. സാഹിത്യരംഗത്തെ പ്രമുഖ പുരസ്കാരങ്ങളിലൊന്നായ സരസ്വതി സമ്മാൻ ലഭിച്ചത് സുഗതകുമാരിക്കാണ്. ഈ നേട്ടത്തിൽ കേരള ജനതയുടെയും സർക്കാരിന്റെയും ആഹ്ലാദവും ആദരവും പങ്കിട്ട് നിയമസഭാ ചേംബറിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും സാംസ്കാരിക മന്ത്രി കെ.സി. ജോസഫും പ്രിയ എഴുത്തുകാരിക്ക് പൂച്ചെണ്ടുകൾ നൽകി. സി. പി. മുഹമ്മദ്, ബെന്നി ബഹനാൻ, പി.സി. വിഷ്ണുനാഥ് എന്നീ നിയമസഭാ സാമാജികരും പങ്കെടുത്തു. വിദ്യാഭ്യാസമന്ത്രി പി. കെ. അബ്ദു റബ്ബ് വീട്ടിലെത്തി സുഗതകുമാരിക്ക് ആശംസകൾ അറിയിച്ചു. കെ. കെ. ബിർള ഫൗണ്ടേഷൻ ഏർപ്പെടുത്തിയ 10 ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവുമടങ്ങുന്ന സരസ്വതി സമ്മാൻ 2006 ൽ പ്രസിദ്ധീകരിച്ച *മണലെഴുത്ത്* എന്ന കാവ്യസമാഹാരത്തിനാണ് ലഭിച്ചത്. 2009 ൽ കേരള സർക്കാരിന്റെ പരമോന്നത സാഹിത്യബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരവും സുഗതകുമാരിക്ക് ലഭിച്ചിരുന്നു.



**സരസ്വതി സമ്മാൻ ലഭിച്ച കവയിത്രി സുഗതകുമാരിയെ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും സാംസ്കാരിക മന്ത്രി കെ.സി. ജോസഫും അനുമോദിക്കുന്നു. കവി ഒ.എൻ.വി. കുറുപ്പ് സമീപം**

# പൃഥ്വിരാജ് മികച്ച നടൻ; റീമ കല്ലിങ്കൽ നടി



**പൃഥ്വിരാജ്**



**റീമ കല്ലിങ്കൽ**

**2012** ലെ സംസ്ഥാന ചലച്ചിത്ര അവാർഡ് പ്രഖ്യാപിച്ചു. കമൽ സംവിധാനം ചെയ്ത *സെല്ലുലോയ്ഡ്* ഏഴു പുരസ്കാരങ്ങൾ കരസ്ഥമാക്കി. മികച്ച ചിത്രം, നടൻ, കലാസംവിധാനം, വസ്ത്രാലങ്കാരം, ഗായകർക്കുള്ള പ്രത്യേക ജൂറി പരാമർശം എന്നിവ നേടിയ *സെല്ലുലോയ്ഡ്* പുരസ്കാര പട്ടികയിൽ പ്രഥമ സ്ഥാനം അലങ്കരിച്ചപ്പോൾ *അയാളും ഞാനും തമ്മിൽ* സംവിധാനം ചെയ്ത ലാൽ ജോസാണ് മികച്ച സംവിധായക പ്രതിഭ.

*സെല്ലുലോയ്ഡ്, അയാളും ഞാനും തമ്മിൽ* എന്നീ ചിത്രങ്ങളിലെ അഭിനയത്തിന് പൃഥ്വിരാജ് മികച്ച നടൻ എന്ന അംഗീകാരം നേടിയപ്പോൾ *നിദ്ര, 22 ഫീമെയിൽ കോട്ടയം* എന്നീ സിനിമകളിലെ അഭിനയ ചാരുത കൊണ്ട് മികച്ച നടി എന്ന അംഗീകാരം റീമ കല്ലിങ്കലും കരസ്ഥമാക്കി. മധുപാൽ സംവിധാനം ചെയ്ത ഒഴിമുറിയാണ് മികച്ച രണ്ടാമത്തെ ചിത്രം. *കളിയച്ഛൻ* എന്ന സിനിമയിലെ അഭിനയത്തിന് മനോജ് കെ. ജയൻ രണ്ടാമത്തെ നടനായി. *ഷട്ടറിലെ* അഭിനയത്തിന് സജിത മഠത്തിൽ സഹനടിക്കുള്ള പുരസ്കാരത്തിന് അർഹയായി. *അയാളും ഞാനും തമ്മിൽ* എന്ന ചിത്രത്തിലൂടെ ഏറ്റവും നല്ല ഹാസ്യനടനുള്ള പുരസ്കാരം സലിം കുമാറും നേടി.

തിരക്കഥാകൃത്ത് - അഞ്ജലി മേനോൻ (*മഞ്ചാടിക്കുരു*), ഛായാഗ്രാഹകൻ - മധു നീലകണ്ഠൻ (*അന്നയും റസൂലും*), കഥാകൃത്ത് - മനോജ് കാന (*ചായില്യം*), ഗാനരചന - റഫീക് അഹമ്മദ് (*മഴകൊണ്ടു മാത്രം.. സ്പിരിറ്റ്*), സംഗീത സംവിധായകൻ - എം. ജയചന്ദ്രൻ (*സെല്ലുലോയ്ഡ്*), പിന്നണി ഗായകൻ - വിജയ് യേശുദാസ് (*സ്പിരിറ്റ്, ഗ്രാന്റ് മാസ്റ്റർ*), ഗായിക - സിത്താര (*സെല്ലുലോയ്ഡ്*), ചിത്രസംയോജകൻ - ബി. അജിത് കുമാർ (*അന്നയും റസൂലും*), കലാ സംവിധായകൻ - സുരേഷ് കൊല്ലം (*സെല്ലുലോയ്ഡ്*), ശബ്ദലേഖകൻ - എം.ആർ. രാജാകൃഷ്ണൻ (*മഞ്ചാടിക്കുരു*), മേക്കപ് മാൻ - എം.ജി. റോഷൻ (*മായാമോഹിനി*), വസ്ത്രാലങ്കാരം - എസ്.ബി. സതീഷ് (*ഒഴിമുറി, സെല്ലുലോയ്ഡ്*), ഡബ്ബിങ് ആർട്ടിസ്റ്റ് - വിമ്മി മറിയം ജോർജ് (*നിദ്ര*യിലെ അശ്വതി എന്ന കഥാപാത്രം), ബാലതാരങ്ങൾ - മാസ്റ്റർ മിനോൺ (*101 ചോദ്യങ്ങൾ*), വൈജയന്തി (*മഞ്ചാടിക്കുരു*). *അയാളും ഞാനും തമ്മിലാണ്* ഏറ്റവും ജനപ്രീതിയാർജിച്ച ചിത്രം. *കളിയച്ഛൻ* സംവിധാനം ചെയ്ത ഫറൂഖ് അബ്ദുൽ റഹ്മാനാണ് മികച്ച നവാഗത സംവിധായകൻ. *പപ്പിലിപ്പിയോ ബുദ്ധ*യുടെ സംവിധായകൻ ജയൻ ചെറിയാന് പ്രത്യേക ജൂറി അവാർഡും ലഭിച്ചു.

മികച്ച സിനിമാ ഗ്രന്ഥം - സനിമയുടെ നേട്ടങ്ങൾ (കെ. ഗോപിനാഥ്), സിനിമാ ലേഖനം - നിറങ്ങളുടെ സൗന്ദര്യ രാഷ്ട്രീയത്തിൽ (ഡോ. അജി കെ. രാരായണൻ, കെ. ഷെറി ജേക്കബ്). വെള്ളിത്തിരയിൽ എന്ന സിനിമാ ലേഖനം എഴുതിയ കിരൺ രവീന്ദ്രന് പ്രത്യേക ജൂറി പരാമർശവും ലഭിച്ചു.

മന്ത്രി കെ.ബി. ഗണേഷ്കുമാറും ജൂറി ചെയർമാൻ ഐ.വി. ശശിയും ഫെബ്രുവരി 22 ന് വാർത്താ സമ്മേളനത്തിലാണ് അവാർഡ് വിവരങ്ങൾ പ്രഖ്യാപിച്ചത്. അവാർഡ് പ്രഖ്യാപന ചടങ്ങിൽ ജൂറി അംഗങ്ങളായ സിബി മലയിൽ, വിപിൻ മോഹൻ, ജയശ്രീ കിഷോർ, എസ്. സുരേഖ, ആർ. സോമശേഖരൻ, രമേശ് വിക്രമൻ, രചനാ വിഭാഗം ജൂറി അംഗങ്ങളായ രാധാലക്ഷ്മി, സജിത് ശ്രീധരൻ, മെമ്പർ സെക്രട്ടറി കെ. മനോജ് കുമാർ എന്നിവർ സന്നിഹിതരായിരുന്നു.

# എഴുമറ്റൂരിന് ഭാഷാ പുരസ്കാരം



മഹാത്മാഗാന്ധി സ്ഥാപിച്ച വാർധ രാഷ്ട്രഭാഷാ പ്രചാർ സമിതിയുടെ ഭാഷാ പുരസ്കാരം ഡോ. എഴുമറ്റൂർ രാജരാജ വർമയ്ക്കു ലഭിച്ചു. ഭാഷയുടെ വളർച്ചയ്ക്ക് സ്തുത്യർഹ സേവനം നൽകിയവർക്കുള്ള പുരസ്കാരത്തിന്, മലയാളം വിഭാഗത്തിലാണ് എഴുമറ്റൂർ അർഹനായത്. ഡൽഹിയിൽ മാർച്ച് 16 ന് ചേരുന്ന അമൃത മഹോത്സവത്തിൽ പുരസ്കാരം നൽകും. 22 ഭാഷകളിൽ നിന്ന് ഓരോ വ്യക്തിക്കാണ് അവാർഡ്. കേരള സർക്കാരിന്റെ മുൻ ഭാഷാ വിദഗ്ധനായ എഴുമറ്റൂർ അറുപതോളം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള സർക്കാർ 2005 ൽ എഴുമറ്റൂരിന്റെ നേതൃത്വത്തിൽ ഡൽഹിയിൽ ആരംഭിച്ച മലയാള ഭാഷാപഠനകേന്ദ്രം ലിംക ബുക്ക് ഓഫ് റിക്കാർഡ്സിൽ ഇടം നേടി.

# പി. എസ്. എൽ. വിയുടെ 22-ാം ദൗത്യവും വിജയകരം

ഇന്തോ-ഫ്രഞ്ച് ഉപഗ്രഹം സരൾ ഉൾപ്പെടെ ഏഴ് ഉപഗ്രഹങ്ങൾ പി.എസ്.എൽ.വി. സി-20 ഭ്രമണപഥത്തിലെത്തിച്ച് ചരിത്രം കുറിച്ചു. ഇന്ത്യയുടെ അഭിമാന ഉപഗ്രഹവിക്ഷേപണ വാഹനമായ പി.എസ്.എൽ.വിയുടെ തുടർച്ചയായ 22 ാം ദൗത്യ വിജയമാണിത്.

ഫെബ്രുവരി 25 ന് വൈകിട്ട് 6.01 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നുമായിരുന്നു വിക്ഷേപണം. ഐ.എസ്.ആർ.ഒയുടെ 101-ാം വിക്ഷേപണ ദൗത്യം കാണാൻ രാഷ്ട്രപതി പ്രണബ് മുഖർജി ഉൾപ്പെടെയുള്ളവർ സന്നിഹിതരായി.

വിക്ഷേപിച്ച് 18 ാം മിനിട്ടിൽ ആദ്യ ഉപഗ്രഹമായ സരൾ ഭ്രമണപഥത്തിലെത്തി. 22 മിനിട്ടിനുള്ളിൽ മറ്റ് ഉപഗ്രഹങ്ങളും ലക്ഷ്യം കണ്ടു. ഉപഗ്രഹ വിക്ഷേപണരംഗത്ത് ഇന്ത്യയുടെ മുന്നേറ്റം അരക്കിട്ടുറപ്പിക്കുന്നതായിരുന്നു പി.എസ്.എൽ.വിയുടെ ഈ വിജയക്കുതിപ്പ്.

# കടൽകൊള്ളക്കാർ വിട്ടയച്ച മലയാളികൾ നാട്ടിലെത്തി

സൊമാലിയൻ കടൽകൊള്ളക്കാർ വിട്ടയച്ച അഞ്ചു മലയാളികളെ തിരുവനന്തപുരം വിമാനത്താവളത്തിൽ നോർക്ക മന്ത്രി കെ.സി. ജോസഫ് സ്വീകരിച്ചു. ഇവരുടെ കുടുംബാംഗങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ചിരുന്ന ഒരു ലക്ഷം രൂപവീതമുള്ള ധനസഹായം വിമാനത്താവളത്തിൽ മന്ത്രി കൈമാറി. 2012 മാർച്ച് അഞ്ചിനാണ് എം.ടി. റോയൽ ഗ്രേസ് എന്ന യു.എ.ഇ. ഉടമസ്ഥതയിലുള്ള ഓയിൽ ടാങ്കറിലെ ജോലിക്കാരായിരുന്ന ഇവരെ കടൽകൊള്ളക്കാർ ബന്ദികളാക്കിയത്. കേന്ദ്രസർക്കാരിൽ സംസ്ഥാന സർക്കാർ നോർക്ക വകുപ്പുമുഖേന നിരന്തരം സമ്മർദം ചെലുത്തിയതിന്റെ ഫലമായിട്ടാണ് ഇവരുടെ മോചനം സാധ്യമായത്. കൊല്ലം സ്വദേശി മനീഷ് മോഹൻ, തൃശൂർ സ്വദേശികളായ ഡിവിൻ ഡേവിഡ്, സ്റ്റാൻലി വിൻസന്റ്, പാലക്കാട് സ്വദേശി മിഥുൻ, തിരുവനന്തപുരം സ്വദേശി അർജുൻ എന്നിവരാണ് നാട്ടിലെത്തിയത്. ഡെപ്യൂട്ടി സ്പീക്കർ എൻ. ശക്തൻ, മുൻ മന്ത്രി മുല്ലക്കര രത്നാകരൻ, തോമസ് ഉണ്ണ്യാടൻ എം.എൽ.എ., നോർക്ക സെക്രട്ടറി റാണി ജോർജ്, നോർക്ക-റൂട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നോയൽ തോമസ്, നോർക്ക വകുപ്പ് അഡിഷണൽ സെക്രട്ടറി ആർ.എസ്. കണ്ണൻ തുടങ്ങിയവർ വിമാനത്താവളത്തിൽ സന്നിഹിതരായിരുന്നു



# സാംസ്കാരികമന്ത്രിയും ആരോഗ്യമന്ത്രിയും ഉദയഭാനുവിനെ സന്ദർശിച്ചു

അസുഖബാധിതനായി സ്വകാര്യ ആശുപത്രിയിൽ കഴിയുന്ന പ്രശസ്ത പിന്നണിഗായകൻ കെ.പി. ഉദയഭാനുവിനെ സാംസ്കാരികമന്ത്രി കെ.സി. ജോസഫും ആരോഗ്യമന്ത്രി വി.എസ്. ശിവകുമാറും സന്ദർശിച്ചു. തീവ്രപരിചരണ വിഭാഗത്തിൽ കഴിയുന്ന അദ്ദേഹത്തെ സന്ദർശിച്ച മന്ത്രിമാർ ഡോക്ടർമാരോട് ആരോഗ്യവിവരം ചർച്ച ചെയ്തു. സർക്കാരിന്റെ ധനസഹായമായ ഒരു ലക്ഷം രൂപയുടെ ചെക്ക് സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് ഉദയഭാനുവിന്റെ മകന് കൈമാറി.



**കെ.പി. ഉദയഭാനുവിന് ചികിത്സക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ച ഒരു ലക്ഷം രൂപയുടെ ചെക്ക് സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് കോസ്മോ ആശുപത്രിയിലെത്തി മകന് നൽകുന്നു. ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ സമീപം**

പെൺജീവിതം

■ സോണി വാസു

# ലേഡീസ് കംപാർട്ട്മെന്റ്



ജേർണലിസം പഠിക്കണമെന്നത് എന്നോ മനസ്സിൽ നാമ്പിട്ട വലിയ ആഗ്രഹമായിരുന്നു. അതുകൊണ്ട് ഡിഗ്രി കഴിഞ്ഞ് ജേർണലിസം കോഴ്സുള്ള സ്ഥാപനങ്ങളിലൊക്കെ അപേക്ഷകൾ അയച്ച് കാത്തിരുന്നു. ഒടുവിൽ തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ നിന്നാണ് വിളി വന്നത്. ആ ഫോൺ കോൾ എന്നെ വല്ലാതെ ആഹ്ലാദിപ്പിച്ചു. ഒപ്പം മനസ്സിൽ വലിയൊരാശങ്കയും. കുന്നംകുളത്തെ കീഴൂർ എന്ന ചെറിയ ഗ്രാമത്തിൽ ജനിച്ചുവളർന്ന ഞാൻ തൃശൂർ നഗരം പോലും വിരലിലെണ്ണാവുന്ന തവണയേ കണ്ടിട്ടുള്ളു. ശക്തൻ സ്റ്റാൻഡും തൃശൂർ റൗണ്ടും എനിക്ക് അപരിചിതമായിരുന്നുവെന്നതാണ് സത്യം. അങ്ങനെയുള്ള എന്റെ ജീവിതം ഇനി തിക്കും തിരക്കും നിറഞ്ഞ ഭരണസിരാകേന്ദ്ര നഗരത്തിലാണല്ലോ എന്ന ചിന്ത തെല്ലൊന്നുമല്ല എന്നെ അലട്ടിയത്.

എന്റെ ആദ്യ ട്രെയിൻ യാത്രയിൽ അമ്മയും അനിയനും കൂടെയുണ്ടായിരുന്നതിനാൽ എനിക്കൊട്ടും പേടിതോന്നിയില്ല. അനിഷ്ട സംഭവങ്ങളൊന്നുംതന്നെയില്ലാതെ ഞങ്ങൾ ഗുരുവായൂരിൽ നിന്നും തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിലെത്തി...

പക്ഷെ പിന്നീടുള്ള എന്റെ ഓരോ യാത്രകളും ദുരിതപൂർണമായിരുന്നു. ട്രെയിൻ യാത്ര പരിചയമല്ല എന്നതായിരുന്നു പ്രധാന കാരണം. ഏതു ടിക്കറ്റെടുത്താലാണ്, ഏതു കംപാർട്ടുമെന്റിൽ കയറാനാകുക എന്നൊന്നും എനിക്കറിയില്ലായിരുന്നു. സ്ത്രീകൾക്കു മാത്രമായി ഒരു കംപാർട്ടുമെന്റുണ്ടെന്ന കാര്യം പിന്നീടാണ് ഞാൻ അറിയുന്നത്. അങ്ങനെ ആദ്യമായി ഞാൻ ഒറ്റയ്ക്ക് യാത്രചെയ്യാൻ പോകുന്നു എന്നു പറയാമോ? ആദ്യമായി ട്രെയിൻയാത്ര ചെയ്യുന്നു എന്നു പറയണം. കാരണം എത്ര ചെറിയ യാത്രയായാലും, എങ്ങനെയുള്ള യാത്രയായാലും എല്ലാം യാത്രകൾ തന്നെയാണ്. അങ്ങനെയെങ്കിൽ ഒരുപാട് യാത്രകൾ ഒറ്റയ്ക്ക് ചെയ്തിട്ടുണ്ട്. എന്നാൽ ട്രെയിൻ യാത്ര അന്നത്തേത് ഒറ്റയ്ക്കുള്ള ആദ്യയാത്രതന്നെയായിരുന്നു.

തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലെ കൗണ്ടറിൽ 'ഒരു തൃശൂർ' എന്നു പറഞ്ഞ് 100 രൂപ കൊടുത്തു. ടിക്കറ്റും ബാക്കി പൈസയും തന്നു. എവിടെ കയറണമെന്നോ ഏത് സീറ്റാണ് എന്റേതെന്നോ ഒന്നും എനിക്കറിയില്ലായിരുന്നു. ആദ്യം കയറിയത് സ്ലീപ്പർ ക്ലാസിലായിരുന്നുവെന്ന് ഇന്നെനിക്കറിയാം. കാരണം ജനറൽ ടിക്കറ്റെടുത്ത് സ്ലീപ്പർ ക്ലാസ്സിൽ കയറിയ ഞാൻ ടി.ടി.ആർ വന്ന് ടിക്കറ്റ് ചോദിച്ചപ്പോൾ വളരെ കൂളായി ടിക്കറ്റെടുത്ത് കാണിച്ചു. അയാളുടെ രൂക്ഷമായ നോട്ടം കണ്ടപ്പോഴേ എനിക്ക് സംശയമായി എന്റെ സീറ്റ് മാറിപ്പോയിട്ടുണ്ടാകുമെന്ന കാര്യം. അടുത്ത സ്റ്റേഷൻ എത്തുമ്പോൾ ലാസ്റ്റ് കംപാർട്ടുമെന്റിൽ പോയി കയറിക്കോണം എന്നു പറഞ്ഞ് അയാൾ പോയി. ഞാൻ അനുസരണയോടെ തലയാട്ടി. ഓരോ ടിക്കറ്റിനും ഓരോ കംപാർട്ടുമെന്റുകളാണുള്ളതെന്ന് അന്നാണ് എനിക്ക് മനസ്സിലായത്...

അടുത്ത സ്റ്റേഷനെത്തി ഞാൻ ഓടിപ്പോയി ലാസ്റ്റ് കംപാർട്ടുമെന്റിൽ കയറി. ഭൂരിപക്ഷം പുരുഷന്മാർ... പേരിനു മാത്രം ഒന്നോ രണ്ടോ സ്ത്രീകൾ... ഞാൻ അതിൽ ഒരു സ്ത്രീയുടെ അടുത്തിരുന്നു. അവർ അടുത്ത സ്റ്റേഷൻ എത്തിയപ്പോൾ ഇറങ്ങിപ്പോയി... പിന്നീടങ്ങോട്ട് ഞാൻ ഇരുന്നത് മുള്ളിന്മേലായിരുന്നു. വളരെ വിശാലമായി പത്രം വായിക്കുന്ന ഒരാൾ വലതു ഭാഗത്ത്, കൈ കെട്ടിവെച്ച് ഉറങ്ങുന്നപോലിരിക്കുന്ന ഒരാൾ മറുവശത്ത്. എനിക്ക് എവിടെയും തിരിയാൻ കഴിയാത്ത അവസ്ഥ... ഒന്നു നിവർന്നിരിക്കാൻപോലും കഴിയാതെ ഞാൻ പ്രയാസപ്പെട്ടു. എനിക്ക് നാവുയർത്തി ഒന്നു പ്രതികരിക്കണമെന്നുണ്ടായിരുന്നു... എന്നാൽ അതിനൊന്നും കഴിയാതെ എല്ലാം സഹിച്ച് ഞാൻ മണിക്കൂറുകളോളം യാത്ര ചെയ്തു തൃശൂരെത്തി.

ഇങ്ങനെയാണ് യാത്രയെങ്കിൽ പഠനം പൂർത്തിയാക്കണോയെന്നു പോലും ഞാൻ ശങ്കിച്ചുപോയി. എല്ലാ പുരുഷന്മാരും അന്നു ഞാൻ യാത്രചെയ്യുമ്പോൾ എന്റെ അടുത്തിരുന്നവരെ പോലെയല്ലല്ലോ... അങ്ങനെയിരിക്കെയാണ് സ്ത്രീകൾക്കു മാത്രമായി കംപാർട്ടുമെന്റ് ഉണ്ടെന്നകാര്യം എന്റെ സുഹൃത്തുവഴി അറിയുന്നത്. പിന്നീടുള്ള എന്റെ യാത്രകൾ സമാധാനം നിറഞ്ഞതാക്കിയത് ഈ 'ലേഡീസ് കംപാർട്ടുമെന്റാ'യിരുന്നു. എത്ര വലിയതിരക്കായാലും സ്ത്രീകളുടെ അടുത്താണല്ലോ എന്ന ബോധവും, സ്പർശനമെങ്കിൽ അതൊരു സ്ത്രീയുടേതാണല്ലോ എന്ന സമാധാനവും എനിക്കുണ്ടായി.

പിന്നീട് സൗമ്യയുടെയും ജ്യോതിയുടെയും ജീവിതത്തിൽ നിന്നും ആര്യയുടെ പ്രതികരണത്തിൽ നിന്നും എന്നിലെ സ്ത്രീയെ ശക്തിപ്പെടുത്താൻ എനിക്ക് സാധിച്ചു. ആദ്യ യാത്രയിലെ അനുഭവം ഇന്ന് എനിക്കുണ്ടായാൽ 'മര്യാദയ്ക്ക് ഇരിക്കടോ' എന്ന് ധൈര്യത്തോടെ തിരിച്ചു പറയുവാനുള്ള കഴിവുണ്ട്. ആ ധൈര്യം ഉണ്ടാക്കിത്തന്നത് ഈ തിരക്കുള്ള നഗരജീവിതവും അവിടുത്തെ യാത്രകൾ തന്ന ജീവിതാനുഭവങ്ങളുമാണ്. ■

ഡോ. എ. രാജഗോപാൽ കമ്മത്ത്

# ഉൽക്കാപതനം



1908 ൽ റഷ്യയുടെ വടക്കേയറ്റത്ത്, സൈബീരിയയിൽ, 100 മീറ്റർ വലിപ്പമുള്ള ഉൽക്ക പതിച്ച് 2000 ചതുരശ്ര കിലോമീറ്റർ പ്രദേശത്തെ 80 ദശലക്ഷം വൃക്ഷങ്ങൾ നശിച്ചിരുന്നു. ഇതിന്റെ പതനം മൂലമുള്ള ആഘാതം റിക്ടർ സ്കെയിലിൽ അഞ്ചു വ്യാപ്തം വരുന്ന ഭൂകമ്പത്തിനു തുല്യമായിരുന്നു. ഓരോ നൂറു വർഷം കൂടുമ്പോഴും ഇത്തരത്തിലുള്ള സംഭവങ്ങൾ ഭൂമിയിലുണ്ടാകുന്നു എന്ന ശാസ്ത്രജ്ഞരുടെ അനുമാനത്തെ ശരിവെച്ച്, കഴിഞ്ഞ ഫെബ്രുവരി 15 ന് റഷ്യയിലെ യുറാൽ പ്രദേശത്തെ ചെല്യാബിൻസ്കിൽ വലിയൊരു ഉൽക്ക അന്തരീക്ഷത്തിൽത്തന്നെ പൊട്ടിച്ചിതറി ആയിരത്തോളം പേർക്ക് പരുക്കുപറ്റുകയും അനേകം നാശനഷ്ടങ്ങളുണ്ടാക്കുകയും ചെയ്തു. ജപ്പാനിൽ പ്രയോഗിച്ച അണുബോംബുകളുടെ 20 മടങ്ങ് ശക്തമായ സ്ഫോടനമാണുണ്ടായത്. ഈ ആഘാതമേതാണ്ട് പൂർണമായും അന്തരീക്ഷം ആഗിരണം ചെയ്തതുമൂലം അധികം നാശനഷ്ടങ്ങളുണ്ടായില്ല. 10000 ടൺ വലിപ്പമുള്ള ഈ വസ്തു അന്തരീക്ഷത്തിൽ കത്തിയമർന്ന് വലിപ്പം കുറയുകയാണ് ചെയ്തത്. ഈ കത്തലിൽ നിന്നുള്ള താപം ആ പ്രദേശത്തുള്ളവർക്ക് അനുഭവപ്പെട്ടു. സൂര്യനേക്കാൾ തീവ്രമായി ഇതു ജ്വലിച്ചെന്ന് തദ്ദേശവാസികൾ പറയുന്നു. അന്തരീക്ഷത്തിലേക്കുകടക്കുന്ന വേളയിൽ ഇതിന്റെ വലിപ്പം ഇരുപതു മീറ്ററാകുകയും ഭാരം ഏതാണ്ടു പത്തു ടണ്ണാകുകയും ചെയ്തു. ഉൽക്കയുടെ പൊട്ടിച്ചിതറൽ മൂലം റിക്ടർ സ്കെയിലിൽ മൂന്നു രേഖപ്പെടുത്തിയ ആഘാതമുണ്ടായി. റഷ്യൻ ജ്യോഗ്രഫിക്കൽ സൊസൈറ്റിയുടെ പഠനവിവരമനുസരിച്ച് മൂന്നു വ്യത്യസ്ത പൊട്ടിത്തെറികളാണുണ്ടായത്. ഏതാണ്ട് 30–70 കിലോമീറ്റർ മുകളിൽവെച്ച് 500 കിലോടോൺ ടി.എൻ.ടി പൊട്ടിയാലുണ്ടാകുന്ന ആദ്യത്തെ സ്ഫോടനമുണ്ടായി. പിന്നീട് ചെറുതും. ഉൽക്ക കത്തിയമർന്ന വേളയിൽ ചെറുശകലങ്ങൾ ആ പ്രദേശത്താകെ വർഷണം ചെയ്യപ്പെട്ടു. 1908 ന് ശേഷം ഭൗമാന്തരീക്ഷത്തിലേക്കു കടക്കുന്ന ഏറ്റവും വലിയ വസ്തുവാണ് ഈ ഉൽക്ക. ഇതേ ദിവസം തന്നെ 2012 ഡി.എ എന്ന ഛിന്നഗ്രഹം ഭൂമിയുടെ 27700 കിലോമീറ്റർ ദൂരത്തുകൂടി കടന്നുപോയി. ഈ പ്രതിഭാസത്തെക്കുറിച്ച് നേരത്തേതന്നെ ഗവേഷകർക്കറിയാമായിരുന്നു. ഈ ഛിന്നഗ്രഹവും റഷ്യയിൽ പതിച്ച ഉൽക്കയും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നാണ് അനുമാനം. ചൊവ്വാഗ്രഹത്തിന്റെയും വ്യാഴഗ്രഹത്തിന്റെയും ഇടയിൽ ലക്ഷക്കണക്കിന് ശിലാഖണ്ഡങ്ങളുണ്ട്. ഇവയിൽ ചിലത് ഭൂമിയുടെ ഭ്രമണപഥത്തിൽ എത്തി ചിലത് അന്തരീക്ഷത്തിൽ പതിച്ച് കത്തിയമരുന്നു. വലിപ്പമുള്ള വസ്തുക്കൾ പതിക്കുമ്പോൾ അനേകം നാശനഷ്ടങ്ങളുണ്ടാകുന്നു. ആറരക്കോടി വർഷം മുൻപ് അന്ന് ഭൂമിയിൽ ആധിപത്യം സ്ഥാപിച്ചിരുന്ന ദിനോസറുകളുടെ വംശനാശം സംഭവിച്ചത് അമേരിക്കയിലെ അരിസോണയിലുണ്ടായ ഛിന്നഗ്രഹപതനം മൂലമാണ്. ഇത്തരം സംഭവങ്ങളിൽ നിന്നും ഭൂമി പൂർണമായും മുക്തമല്ല. ഇടയ്ക്കിടെ ഭൂമിയുടെ അടുത്തുകൂടി കടന്നു പോകുന്ന വാൽനക്ഷത്രങ്ങളും ഭീഷണി ഉയർത്തുന്നു. 1994 ൽ ഷൂമാക്കർ ലെവി എന്ന വാൽനക്ഷത്രം വ്യാഴഗ്രഹത്തിൽ പതിച്ചത് ആശങ്കയോടെയാണ് ശാസ്ത്രലോകം വീക്ഷിച്ചത്. അപ്രതീക്ഷിതമായി ഭൂമിയിൽ പതിക്കുന്ന റഷ്യൻ ഉൽക്കയെപ്പോലുള്ളവ ഭീഷണിയുയർത്തുന്നു. ഇത്തരത്തിലുള്ള വസ്തുക്കളെ ബഹിരാകാശത്തുവെച്ചുതന്നെ തകർത്തുകളയാനുള്ള പദ്ധതി വിവിധ സ്പേസ് ഏജൻസികൾ രൂപീകരിച്ചുവരുന്നു. മിസൈലുകൾ തൊടുത്ത് ഇവയെ അകലത്തു വെച്ചുതന്നെ ഛിന്നഭിന്നമാക്കാനുള്ള ശ്രമവും നടന്നുവരുന്നു.

# എയ്റോസോൾ

കഴിഞ്ഞ ഒരു ദശകത്തിൽ ആഗോളതാപനിലയിൽ പ്രതീക്ഷിച്ചത്രയും അളവിലുള്ള വർധന ഉണ്ടാകാതിരിക്കാൻ കാരണം ഐസ്ലാൻഡിലും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും ഇടയ്ക്കിടെയുണ്ടായ അഗ്നിപർവതസ്ഫോടനങ്ങളിൽ നിന്നും അന്തരീക്ഷത്തിലേക്ക് പരന്ന ധൂളീശകലങ്ങളാണെന്ന് (എയ്റോസോളുകൾ) ഗവേഷകർ അനുമാനിക്കുന്നു. പ്രകൃത്യായുള്ള മറ്റു കാരണങ്ങൾ മൂലവും മനുഷ്യന്റെ ചെയ്തികൾ മൂലവും ഈ ധൂളീശകലങ്ങൾ അന്തരീക്ഷത്തിലെത്തുന്നുണ്ട്. അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്ന ധൂളീശകലങ്ങൾ സൂര്യനിൽ നിന്നുള്ള വികിരണത്തെ ആഗിരണം ചെയ്ത് സ്പേസിലേക്ക് പ്രകീർണനം ചെയ്യുന്നു. അന്തരീക്ഷത്തിൽ സബ്മൈക്രോൺ വലിപ്പം മാത്രമുള്ള സൾഫേറ്റ് എയ്റോസോളുകൾക്കു പിന്നിൽ മനുഷ്യനിർമിതമായ കാരണങ്ങളാണ്. സൾഫേറ്റുകളും മറ്റ് എയ്റോസോളുകളും ആഗോള താപനത്തെയും ഹരിതഗൃഹപ്രഭാവത്തെയും കുറയ്ക്കുന്നു. ആഗോളമങ്ങലാണ് മറ്റൊരു ഫലം. കൽക്കരി, പെട്രോളിയം ഉത്പന്നങ്ങൾ, പ്രകൃതിവാതകം എന്നിവയിലെ സൾഫർ അശുദ്ധികളാണ് എയ്റോസോളുകളുടെ പ്രധാന സ്രോതസ്സ്. 1815 ൽ മൗണ്ട് ടാംബേസാറ എന്ന അഗ്നിപർവതസ്ഫോടനത്തിന്റെ ഫലമായി 1816 ൽ വേനൽക്കാലം ഉണ്ടായില്ല. 1883 ലെ ക്രാക്കത്തോവ അഗ്നിപർവത സ്ഫോടനവും ശീതനത്തിന് കാരണമായിട്ടുണ്ട്. 1991 ൽ മൗണ്ട് പിനാറ്റുബോ അഗ്നിപർവതത്തിൽ നിന്നും



■ ഡോ. ബീന വേണുഗോപാൽ



ശാസ്ത്രം

# തേനും തേനീച്ചയും

തേനീച്ചക്കൂട്ടിൽ നിന്നു ലഭിക്കുന്നതും പൂക്കളിൽ നിന്നും ലഭിക്കുന്നതും തേൻ തന്നെ. എന്നാൽ ഈ രണ്ടു തേനുകളും തമ്മിൽ വ്യത്യാസമുണ്ട്. പൂക്കളിൽ നിന്നും ശേഖരിക്കുന്ന മധുരസമായ തേൻ അഥവാ നെക്ടർ (nector) തേനീച്ച രൂപപ്പെടുത്തുന്നതാണ് തേൻ (Honey). ഇവിട സസ്യതേൻ തേനീച്ചയ്ക്ക് ഒരു അസംസ്കൃതവസ്തുവാണ്. ഇതര മധുരപാനീയങ്ങളും തേനുത്പാദനത്തിലേക്ക് അസംസ്കൃതവസ്തുവായി ഉപയോഗിക്കാറുണ്ട്. തേനീച്ചയുടെ ശരീരത്തിലെ ഹണി സാക്ൽ ആണ് പൂക്കളിൽ നിന്നും തേൻ ശേഖരിക്കുന്നത്. ഇപ്രകാരം ശേഖരിക്കപ്പെടുന്ന തേൻ തേനിച്ചക്കൂട്ടിലെ റാളുകളിൽ നിറയ്ക്കുന്നു.

സസ്യതേനിൽ 50–90 ശതമാനം ജലാംശം, 10–50 ശതമാനം പഞ്ചസാര (സൂക്രോസ്), 1–4 ശതമാനം മിനറലുകൾ, വർണകങ്ങൾ, ജീവകങ്ങൾ എന്നിവ കാണപ്പെടുന്നു. ഈ അധിക ജലാംശത്തെ തേനീച്ചകൾ ബാഷ്പീകരിച്ച് 14–19 ശതമാനമാക്കി മാറ്റുന്നു. തേൻ തുമ്പികൾ ചിറകടിച്ച് കാറ്റുണ്ടാക്കുന്നു. ആ കാറ്റിലാണ് അധിക ഈർപ്പം ബാഷ്പീകരിക്കപ്പെടുന്നത്. ഒരു മിനിട്ടിൽ 26,400 പ്രാവശ്യമാണ് ചിറകടി. ഈ തേനിലേക്ക് തേൻ തുമ്പി ഒരുതരം എൻസൈം ചേർക്കുന്നു. എൻസൈം തേനിലുള്ള സൂക്രോസിനെ ലിവ് ലോസ്, ഡക്സ്ട്രോസ് എന്നീ തന്മാത്രകളാക്കിമാറ്റുന്നു. അവ ആറ് കാർബണുകളുള്ള പഞ്ചസാരകളാണ്. സൂക്രോസ് പന്ത്രണ്ട് കാർബണുകളുള്ള പഞ്ചസാര തന്മാത്രയാണ്. പഞ്ചസാര തന്മാത്രകളിൽ ഏറ്റവും മധുരമുള്ളത് ലിവ്‌ലോസിനാണ്. അതിനാലാണ് തുമ്പിയുടെ തേനിന് സസ്യതേനിനേക്കാൾ മധുരം കൂടുതൽ. നൂറ് ലിറ്റർ തേനിൽ ജീവകം ബി ഒന്ന് – ആറ് മില്ലിഗ്രാം, ബി രണ്ട് – 60 മില്ലിഗ്രാം, നിക്കോട്ടിനിക് ആസിഡ് – 22 മില്ലിഗ്രാം, ജീവകം സി – അഞ്ച് മില്ലിഗ്രാം എന്നിവ അടങ്ങിയിരിക്കുന്നു. തേൻ ഔഷധവും പാനീയവും ആഹാരവുമാണ്. ■



പുറപ്പെട്ട സൾഫേറ്റുകൾ സ്ട്രാറ്റോസ്ഫിയറിലെത്തി അനേകം മാസങ്ങൾക്ക് ശീതനമുണ്ടാക്കി. വ്യത്യസ്ത സ്രോതസ്സുകളിൽ നിന്നാണ് അന്തരീക്ഷത്തിലെ കണങ്ങൾ എത്തുന്നത്. ഭൗമോപരിതലത്തിൽ നിന്നും കാറ്റുമൂലം പറന്നു പൊങ്ങുന്ന ധൂളി, കാട്ടുതീ എന്നിവ മൂലവും ഇതുണ്ടാകുന്നു. അന്തരീക്ഷത്തിൽത്തന്നെ ഉത്ഭവിക്കുന്ന കണങ്ങളുണ്ട്. വ്യവസായമേഖലയ്ക്കുസമീപം മേഘങ്ങളുടെ അഭാവത്തിലും അന്തരീക്ഷം മങ്ങിയതായി കാണപ്പെടും. വ്യവസായവത്കരണം സൾഫേറ്റുകളുടെ വർധനയ്ക്കൊരു കാരണമാണ്. മനുഷ്യന്റെ ചെയ്തികൾ മൂലമുണ്ടാകുന്ന എയ്റോസോളുകൾ സൾഫർ ഡയോക്സൈഡിൽ രാസപ്രവർത്തനം മൂലമുണ്ടാകുന്ന സൾഫേറ്റുകളാണ്. കൽക്കരി, എണ്ണ എന്നിവ ഉപയോഗിക്കുന്ന ഇടങ്ങൾ, വൈദ്യുതി നിലയങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഇത് കൂടുതലായി ഉണ്ടാകുന്നു. സൾഫർ ഡയോക്സൈഡാണ് അമ്ലമഴയ്ക്ക് കാരണമാകുന്നത്. ഇതുമൂലം വനനശീകരണം, മത്സ്യസമ്പത്തിന്റെ നാശം എന്നിവയുണ്ടാകും. പ്രത്യേകിച്ച് തടാകങ്ങളെ ഗുരുതരമായി ഇതു ബാധിക്കും. വ്യവസായമേഖലകൾക്കു സമീപത്തുള്ള തടാകങ്ങൾ ഇപ്രകാരം മലിനമാണ്. സ്ട്രോറ്റോസ്ഫിയറിൽ സൾഫേറ്റുകൾ എത്തിച്ച് ആഗോളതാപനത്തെ ചെറുക്കാം എന്നൊരു ആശയമുണ്ട്. അതുപോലെ മഹാസമുദ്രങ്ങളിൽ അയൺ വിതറി പ്ലാങ്ക്ടണുകളുടെ സംഖ്യ വർധിപ്പിച്ചാൽ അവയിൽ നിന്നുള്ള സൾഫർ അന്തരീക്ഷത്തിൽ കലർന്ന് ആഗോളതാപനത്തിന്റെ വർധന തടയാനാകും എന്നും കരുതപ്പെടുന്നു. കാലങ്ങൾക്കു മുൻപ് മഹാ അഗ്നിപർവതങ്ങൾ അന്തരീക്ഷത്തിലേക്ക് വാതകങ്ങളും ധൂളീശകലങ്ങളും ധാരാളമായി എത്തിച്ച് സൂര്യപ്രകാശം ഭൗമോപരിതലത്തിലെത്താതെ, ഹിമംനിറഞ്ഞ അവസ്ഥകൾക്കുവരെ കാരണമായിട്ടുണ്ട്. ഇപ്പോൾ പൊതുവെ സുഖകരമായ അന്തരീക്ഷമാണ് ഭൂമിയിലുള്ളത്. വനനശീകരണം ഒഴിവാക്കി അന്തരീക്ഷത്തിലേക്ക് മാലിന്യങ്ങൾ കടത്തിവിടാതെ, ലോലവും ജീവദായകവുമായ അന്തരീക്ഷത്തെ ധൂർത്തടിക്കാതെ നോക്കിയാൽ വളരെക്കാലം മാനവരാശിക്ക് സസുഖം കഴിയാനാകും. ■



എസ്. പി.

## വയോജനങ്ങളെ പരിപാലിക്കാൻ യന്ത്രമനുഷ്യനെത്തുന്നു

വാർധക്യകാലത്ത് മക്കളുടെയും മറ്റ് ബന്ധുജനങ്ങളുടെയും സാന്നിധ്യവും സഹായവുമില്ലാതെ ഉഴലുന്ന അശരണരായ വൃദ്ധജനങ്ങളുടെ സംരക്ഷകനും ശുശ്രൂഷകനുമായി യന്ത്രമനുഷ്യനെത്തുന്നു.



ലണ്ടനിലെ സാൻഫോർഡ് സർവകലാശാലയിലെ ഗവേഷകരാണ് ശുശ്രൂഷകനായ യന്ത്രമനുഷ്യനെ വികസിപ്പിച്ചെടുത്തത്. കെയർ ബോട്ട് പി.എസ്. 65 എന്ന് നാമകരണം ചെയ്തിരിക്കുന്ന യന്ത്രമനുഷ്യൻ യഥാസമയം മരുന്നുകൾ എടുത്തു കൊടുക്കുകയും വ്യായാമങ്ങൾ, യോഗ എന്നിവ പരിശീലിപ്പിക്കുകയും ആവശ്യമെന്നു തോന്നിയാൽ ചില്ലറ തമാശകൾ പറഞ്ഞ് വയോജനങ്ങളെ സന്തോഷിപ്പിക്കുകയും ചെയ്യും.

ഓരോരുത്തരുടെയും മുഖഭാവങ്ങൾ മനസ്സിലാക്കി ആവശ്യങ്ങൾ നിർവഹിക്കാനും ഓർമക്കുറവുള്ള രോഗികളിൽ സംഭാഷണ തെറാപ്പിയും വസ്തുക്കൾ ഓർമപ്പെടുത്താനുള്ള പ്രോഗ്രാമുകളും സജ്ജമാക്കിയ യന്ത്രമനുഷ്യനാണ് രംഗത്തെത്തുന്നത്. ഒരാൾ പൊക്കമുള്ള റോബോയ്ക്ക് പാചകകാര്യമുൾപ്പെടെ വിഭവസമൃദ്ധമായ ആഹാരം യഥായോഗ്യം വിളമ്പാനുള്ള കൈമിടുക്കും ഒന്നു വേറെതന്നെയാണ്.

വൃദ്ധജനങ്ങളെ സംരക്ഷിക്കുകയെന്ന പ്രശ്നം നേരിടുന്ന ഈ കാലഘട്ടത്തിൽ ഇത്തരമൊരു സംരംഭം വിജയം കാണുമെന്നാണ് ഗവേഷകരുടെ വിലയിരുത്തൽ.

## കുട്ടികളിലെ എച്ച്.ഐ.വി. ബാധ പൂർണമായും ഇല്ലാതാക്കാം



എയ്ഡ്സിന് കാരണമാകുന്ന എച്ച്.ഐ.വി. വൈറസ് ബാധിതയായി 2010 ജൂലൈയിൽ മിസിസിപ്പിയിൽ ജനിച്ച പെൺകുട്ടി ചികിത്സയിലൂടെ രോഗമുക്തി നേടി.

അമ്മയിൽ നിന്നും രോഗം പകർന്നുകിട്ടിയ കുഞ്ഞിന് എച്ച്.ഐ.വി. ചികിത്സയ്ക്ക് നിലവിൽ ഉപയോഗിക്കുന്ന പല മരുന്നുകളുടെ മിശ്രിതമാണ് നൽകിയത്. മിസിസിപ്പി മെഡിക്കൽ സെന്ററിൽ ശിശുക്കളിലെ എച്ച്.ഐ.വി. ചികിത്സാവിദഗ്ധയായ ഡോ. ഹന്നാഗേയുടെ നേതൃത്വത്തിലായിരുന്നു 18 മാസം നീണ്ട ചികിത്സ. ചികിത്സയ്ക്കുശേഷം നടന്ന പരിശോധനകളിലൊന്നും രോഗാണുവിന്റെ സാന്നിധ്യം ശിശുവിന്റെ ശരീരത്തിൽ കണ്ടെത്താനായില്ല.

ആരംഭത്തിൽ തന്നെ കണ്ടെത്തിയാൽ കുട്ടികളിലെ എച്ച്.ഐ.വി. ബാധ പൂർണമായും ഇല്ലാതാക്കാനാകുമെന്നതിനു തെളിവാണ് ഇതെന്ന് ബാൾട്ടിമോറിലെ ജോൺ ഹോപ്കിൻസ് സർവകലാശാലയിലെ വൈറോളജിസ്റ്റായ ഡോ. ഡെബോപെർസോങ് അഭിപ്രായപ്പെട്ടു. എച്ച്.ഐ.വി. ചികിത്സയ്ക്ക് പ്രതീക്ഷ നൽകുന്ന നേട്ടമാണിതെന്ന് യു.എസ്സിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് അലർജി ആൻഡ് ഇൻഫെക്ഷ്യസ് ഡിസീസ് ഡയറക്ടർ ആന്റണി ഫൗസി പറഞ്ഞു.

## ലൈഫ് ഓഫ് പൈക്ക് നാല് ഓസ്കാർ പുരസ്കാരങ്ങൾ

എൺപത്തിയഞ്ചാമത് ഓസ്കാർ പുരസ്കാരം പ്രഖ്യാപിച്ചപ്പോൾ ഇന്ത്യൻ പശ്ചാത്തലത്തിൽ ആങ്ലി സംവിധാനം ചെയ്ത *ലൈഫ് ഓഫ് പൈ* നാലു പുരസ്കാരങ്ങൾ സ്വന്തമാക്കി. ബെൻ അഫ്ലക് സംവിധാനം ചെയ്ത *ആർഗോ* എന്ന ചിത്രമാണ് മികച്ച ചിത്രത്തിനുള്ള ഓസ്കാർ പുരസ്കാരത്തിന് അർഹമായത്.

*ലിങ്കൺ* എന്ന ചിത്രത്തിൽ അവിസ്മരണീയമായ പ്രകടനം കാഴ്ചവെച്ച ഡാനിയേൽ ഡേ ലൂയിസ് ആണ് മികച്ച നടൻ. മികച്ച നടനുള്ള ഓസ്കാർ മൂന്നുതവണ നേടുന്ന നടൻ എന്ന നിലയിൽ ചരിത്രം സൃഷ്ടിക്കുകയാണ് ലൂയിസ്. *സിൽവർ ലൈനിങ്സ് പ്ലേ ബുക്ക്* എന്ന ചിത്രത്തിലെ അഭിനയത്തിലൂടെ ജെന്നിഫർ ലോറൻസ് മികച്ച നടിയായി.

## കയാക്കിങ് ബോട്ടിൽ ലോകം ചുറ്റാൻ സാൻഡി


വഞ്ചിക്കു സമാനമായ കയാക്കിങ് ബോട്ടിൽ ലോകം ചുറ്റാനുള്ള ആവേശത്തുഴച്ചിലിനിടെ ഓസ്ട്രേലിയൻ സാഹസിക വനിത സാൻഡി റോബ്സൺ (45) ഫെബ്രുവരി 23 ന് കോവളം തീരത്തെത്തി. ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്ത് ഒറ്റയ്ക്ക് കടൽയാത്ര നടത്തുന്ന ലോകത്തിലെ ആദ്യ വനിതയെന്ന ബഹുമതിയും സാൻഡിക്ക് സ്വന്തമാണ്.



കടലിൽ മാസങ്ങളായി ഒറ്റയ്ക്ക് തുഴഞ്ഞ് ഭൂഖണ്ഡങ്ങളും രാജ്യങ്ങളും താണ്ടാനുള്ള ഉദ്യമത്തിനിടെ കേരളതീരത്തെത്തിയ സാൻഡിയോടൊപ്പം നിന്ന് ഫോട്ടോ എടുക്കാൻ വിദേശികളുൾപ്പെടെയുള്ളവർ തിരക്കുകൂട്ടി. ഓസ്ട്രേലിയയിൽ നല്ലൊരു കയാക്കിങ് താരമാണിവർ. വള്ളത്തിലെ പരിമിത സൗകര്യങ്ങളിൽ വെള്ളം മുതൽ ലാപ് ടോപ്പുവരെയുള്ളവ കരുതിയിട്ടുണ്ട്. പകൽ മാത്രമാണ് യാത്ര. പ്രതിദിനം 40 മുതൽ 50 വരെ കിലോമീറ്റർ തുഴഞ്ഞ് മുന്നേറാനാകുമെന്ന് സാൻഡി വ്യക്തമാക്കി.

സാൻഡിയുടെ ആത്യന്തിക ലക്ഷ്യം ഓസ്ട്രേലിയവരെ കടലിലൂടെയുള്ള അൻപതിനായിരം കിലോമീറ്റർ ദൂരം താണ്ടുകയെന്നതാണ്. ഇതു പൂർത്തിയാകുമ്പോൾ 2016 ആകും.

ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)



# ക്ഷേമ ബജറ്റ്

അടിസ്ഥാന ജനവിഭാഗങ്ങളുടെ സാധാരണ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമ്പോഴാണ് ഒരു ഭരണകൂടം ജനപ്രിയമാകുന്നത്. ദാരിദ്ര്യവും പട്ടിണിയുമില്ലാതെ എല്ലാ ജനങ്ങളും സന്തുഷ്ടരായി ജീവിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് ഏതൊരു ഭരണാധികാരിയുടെയും പ്രാഥമിക ഉത്തരവാദിത്വമാണ്. ഈ വർഷത്തെ ബജറ്റ് സാധാരണക്കാരനെ മുന്നിൽക്കണ്ടുകൊണ്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. കാർഷിക മേഖലയ്ക്ക് ഊന്നൽ കൊടുത്ത് അവതരിപ്പിച്ച ബജറ്റ് എല്ലാവർക്കും സമാശ്വാസം പകരുന്നു. വിലക്കയറ്റം മൂലം ജീവിതം ദുരിതമാകുന്ന സാധാരണക്കാർക്ക് ഇത് വലിയൊരളവുവരെ ആശ്വാസമാകും. കർഷകത്തൊഴിലാളി, കർഷകർ, വൃദ്ധർ എന്നിവരുടെ പെൻഷൻ 500 രൂപയായും വിധവ, വികലാംഗ പെൻഷൻ 700 രൂപയായും കയർ തൊഴിലാളി പെൻഷൻ 400 രൂപയായും വർധിപ്പിച്ചു. സമൂഹത്തിലെ ദുർബലവിഭാഗക്കാരോടുള്ള സർക്കാരിന്റെ പ്രതിബദ്ധതയുടെ പ്രതിഫലനമാണിത്.

വികസനവും കരുതലുമാണ് ഈ സർക്കാരിന്റെ ലക്ഷ്യം. നാടിന്റെ നട്ടെല്ലായ കാർഷിക മേഖലയ്ക്ക് വേണ്ടത്ര പ്രാധാന്യവും പിന്തുണയും നൽകിക്കൊണ്ടുള്ളതാണ് ഈ ബജറ്റ്. ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട കർഷകർ സഹകരണബാങ്കുകൾ വഴി എടുത്തിട്ടുള്ള നബാഡ് കാർഷിക വായ്പയുടെ പലിശബാധ്യത എഴുതിത്തള്ളുക, എല്ലാ ചെറുകിട കർഷകർക്കും പലിശരഹിത വായ്പ ഉറപ്പാക്കുക തുടങ്ങി കർഷകർക്ക് ഉപകാരപ്രദമായ പല നിർദേശങ്ങളും ബജറ്റിലുണ്ട്.

പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയ സാഹചര്യത്തിൽ 2013 ഏപ്രിൽ ഒന്നു മുതൽ സർവീസിൽ പ്രവേശിക്കുന്നവരുടെ പെൻഷൻ പ്രായം 60 ആക്കി ഉയർത്തി. സർക്കാരിന്റെ ദീർഘ വീക്ഷണമാണ് ഇതിന്റെ പിന്നിൽ. ആയുർദൈർഘ്യം വർധിച്ച സാഹചര്യത്തിൽ തൊഴിൽ ചെയ്യുന്നതിനും കഴിവുകൾ വിനിയോഗിക്കുന്നതിനും കഴിയുന്ന തരത്തിൽ ഉദ്യോഗാർഥികളുടെ സേവനം പ്രയോജനപ്പെടുത്താൻ ഇതു സഹായകമാകും. നിലവിലുള്ള ജീവനക്കാരെ ഒരുതലത്തിലും ബാധിക്കാത്ത തരത്തിലാണ് പെൻഷൻപ്രായം ഉയർത്തിയത്. ജനങ്ങൾക്ക് ഒരുവിധത്തിലും ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. നികുതിഭാരങ്ങൾ കഴിവതും ഇറക്കിവെച്ചു. പുതിയ ആശയങ്ങൾ ഉൾപ്പെടുത്തി. നടപ്പാക്കാൻ പറ്റുന്നവ മാത്രമാണ് അവതരിപ്പിച്ചത്. ദീർഘ വീക്ഷണമുള്ള പദ്ധതികളും പരിപാടികളുമുണ്ട്. കേരളത്തെ മുന്നോട്ടു കൊണ്ടുപോകാൻ 2013-14 സാമ്പത്തിക വർഷത്തെ ബജറ്റിന് സാധിക്കുമെന്ന് എനിക്കുറപ്പാണ്. ■